ശ്രീരാമവർമ്മ

(മൂലം തിരുനാൾ)

കേ. ജി. സി. എസ്സ്. ഐ., കേ. ജി. സി. ഐ. ഇ.,

മഹാരാജാവു തിരുമനസ്സുകൊണ്ടു്.



ശ്രീകണ്ഠേശ്വരം [illegible] പത്മനാഭപിള്ള.

Prescribed for Form V by the Director of Public Instruction, TRAVANCORE IN 1919-1920.

REVISED EDITION.

പ്രകാശകൻ

ജേ. കേപ്പു.

പകർപ്പവകാശം പ്രകാശകനിൽ]

[വില അണ വു..

മൂന്നാം പതിപ്പ് കാപ്പി—൪൦൦.

ഗ്രന്ഥകർത്താവിനാൽ സമ്പൂർണ്ണമായി

പരിഷ്കരിക്കപ്പെട്ടത്.

കമലാലയാ അച്ചുക്കൂടം,

തിരുവനന്തപുരം.

1109.

TESTIMONIALS.

മഹാമഹിമശ്രീ

കേരളവർമ്മ

സി. എസ്. ഐ., ആണറെറി എഫ്. എ. യു.,
എഫ്. ആർ. എച്ച്. എസ്., എം. ആർ. എ. എസ്.,
എം. ഇ. ഐ. എ., എഫ്. എൻ. ബി. എ.
വലിയകോയിത്തമ്പുരാൻ

തിരുമനസ്സിലെ

അഭിപ്രായം.

ശ്രീകണ്ഠേശ്വരം, ജി. പദ്മനാഭപിള്ള യ്ക്ക്:—

ഇന്ന- അയച്ച എഴുത്തും 'ശ്രീരാമവർമ്മ' എന്ന ഗദ്യപുസ്തകവും കിട്ടി. പുസ്തകം ഞാൻ ഒരാവൃത്തി വായിച്ചുനോക്കി. പരമകാരുണികനും പ്രജാവത്സലനുമായ നമ്മുടെ മഹാരാജാവു തിരുമനസ്സിലെ ഒരു ചെറിയ ജീവചരിത്രം അഭിനന്ദനീയമായ രീതിയിൽ എഴുതപ്പെട്ടിരിക്കുന്നു എന്നുള്ളതിനു സംശയമില്ല. തിരുമനസ്സിലെ ചരിത്രത്തിൽ അവശ്യവിജ്ഞേയങ്ങളായ സംഗതികളെല്ലാം ഒരു പുസ്തകത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. വിഷയവൈശിഷ്ട്യത്തിനു പുറമേ വാക്യങ്ങളുടെ ലാളിത്യംകൊണ്ടും പള്ളിക്കൂടങ്ങളിൽ ഒരു പാഠ്യപുസ്തകമായി സ്വീകരിക്കപ്പെടുന്നതിനു യോഗ്യതയുണ്ട്.

നിങ്ങളെ പ്രസ്തുതഗ്രന്ഥനിർമ്മാണത്തിൽ ഞാൻ ഹാർദ്ദമായി അനുമോദിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
22—19—0.

കേരളവർമ്മാ
(ഒപ്പ്)

തിരുവിതാംകൂർ ദിവാൻ

മ. രാ. രാ. ശ്രീ. എം. കൃഷ്ണൻനായർ
ബി. ഏ., ബി. എൽ. അവർകളുടെ
ഒരു എഴുത്തു്.

രാ. രാ. ശ്രീ.
ശ്രീകണ്ഠേശ്വരം ജി. പദ്മനാഭപിള്ള അവർകൾക്കു്:—

നിങ്ങൾ ദയയോടുകൂടി അയച്ചുതന്ന പൊന്നുതമ്പുരാൻ തിരുമനസ്സിലെ ചരിത്രപുസ്തകം കിട്ടി. വളരെ വന്ദനം പറഞ്ഞുകൊള്ളുന്നു. പുസ്തകം ഞാൻ ശ്രദ്ധയോടുകൂടി വായിച്ചുനോക്കി. വളരെ നന്നായിട്ടുണ്ടു്.

തിരുവനന്തപുരം, ൧൦൯൩ കന്നി ൨൫-നു്. } എന്നു്, എം. കൃഷ്ണൻനായർ, (ഒപ്പു്)

മ. രാ. രാ. കെ. പരമുപിള്ള എം. ഏ.
അവർകളുടെ അഭിപ്രായം.
ശ്രീ.

നിങ്ങൾ ദയയോടെ അയച്ച പുസ്തകം കിട്ടി. വളരെ നന്ദി പറഞ്ഞുകൊള്ളുന്നു. തിരുമനസ്സിലെ ഗുണങ്ങളേയും ഭരണചരിത്രത്തേയും ഇത്ര തെളിവായും സരസമായും വിവരിക്കുന്ന മറ്റു പുസ്തകം ഞാൻ കണ്ടിട്ടില്ല. തിരുവിതാംകൂറിലെ എല്ലാ പ്രജകളും—വിശേഷിച്ചു പഠിക്കുന്ന കുട്ടികൾ—ഈ പുസ്തകം വായിച്ചു് അവരുടെ രാജ്യത്തിന്റെ ചരിത്രത്തിലെ ഏറ്റവും പ്രധാനമായ ഘട്ടത്തിന്റെ വൈശിഷ്ട്യങ്ങൾ അറിയേണ്ടതാണു്. നിങ്ങളുടെ യത്നത്തിനു് ഉചിതമായ ഫലം ഉണ്ടാകട്ടെ.

കൊല്ലം, ൧൦൯൩ തുലാം ൨൭-നു്. } എന്നു്, കെ. പരമുപിള്ള. (ഒപ്പു്).

അവതാരിക

ഞാൻ ഒരു ചെറിയ കുട്ടിയായിരിക്കുന്നോൾതന്നെ കേനകലതാസചയംവര'കത്താവു് ഭാഷാസാഹിത്യലോകത്തിൽ ഒരു ഉൽകൃഷ്ടസ്ഥാനത്തെ പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. ഗ്രന്ഥനിർമ്മിതിയിൽ അഭിനവങ്ങളായ പല പ്രസ്ഥാനങ്ങൾക്കും ഈ ഗ്രന്ഥകത്താവു് കാരണഭൂതനായിത്തീർന്നിട്ടുണ്ടെന്നുള്ള വസ്തുത സാഹിത്യരസികന്മാരായ ജനങ്ങൾക്കു് അറിവുള്ളതാണു്. ഭാഷാഭിവൃദ്ധിയെ ഉദ്ദേശിച്ചു് ഇദ്ദേഹം ആദരണീയങ്ങളായ പല യത്നങ്ങളും അനേക കാലമായി ചെയ്തുവരുന്നുണ്ടു്. ഇപ്പോൾ മൃതപ്രായമായിരിക്കുന്നതും ഇദ്ദേഹത്തിന്റെ അധിപത്യത്തിൽ നടന്നുവന്നതുമായ ഭാഷാവിലാസം മൂലം മലയാളഭാഷയ്ക്കു് വളരെ ഗുണം സിദ്ധിച്ചിട്ടുണ്ടെന്നുള്ളതു് അവിതർക്കിതമാണു്. ഇദ്ദേഹത്തിനു സ്വാധീനമായിരിക്കുന്ന വാക്യരചനാരീതി വളരെ ലളിതവും സരസവും ആണെന്നു് സർവ്വജനസമ്മതമാണു്. പദങ്ങളുടെ വിനിയോഗത്തിൽ മിസ്റ്റർ പദ്മനാഭപിള്ള പ്രദർശിപ്പിക്കുന്ന ഔചിത്യം ഈ ഗ്രന്ഥംകൊണ്ടെന്നപോലെ അദ്ദേഹത്തിന്റെ മറ്റു കൃതികൾകൊണ്ടും വേണ്ടുവോളം സ്പഷ്ടമായിട്ടുണ്ടു്. ഈ പുസ്തകം അതിൽ പ്രതിപാദിതമായിരിക്കുന്ന വിഷയത്തിന്റെ മാഹാത്മ്യംകൊണ്ടും അതിന്റെ ആസകലാൽ ഉള്ള സാരസ്യംകൊണ്ടും മലയാളഭാഷ അറിവുള്ളവർ മാത്രമല്ല അതിന്റെ താല്പര്യം മനസ്സിലാക്കാവുന്ന സകല ജനങ്ങളും വായിച്ചും ഗ്രഹിച്ചും ഇരിക്കേ

ണ്ടതാണ്. നമ്മുടെ അന്നദാതാവായ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ഭരണദശയിൽ സംഭവിച്ചിട്ടുള്ള സാരമായ സകല സംഗതികളും വളരെ സൂക്ഷ്മമായും ശുദ്ധമായും മിസ്റ്റർ പത്മനാഭപിള്ള ഇതിൽ എഴുതിച്ചേർത്തിട്ടുണ്ട്. ഈ ഗ്രന്ഥം തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഒരു ചരിത്രകാരനു വളരെ പ്രയോജനപ്പെടും എന്നുള്ളതു് ആക്ഷേപമില്ലാത്ത കാര്യമാണ്. മഹാരാജാവു തിരുമനസ്സുകൊണ്ടു് കല്പിച്ചു് പ്രജാഭ്യുദയത്തിനായി ചെയ്തിട്ടുള്ള നിരവധി കാര്യങ്ങളെപ്പറ്റി നാട്ടിലുള്ള ആബാലവൃദ്ധം ജനങ്ങളും ധരിച്ചിരിക്കേണ്ടതു് പല കാരണവശാലും അത്യാവശ്യമാണ്. അന്ധതകൊണ്ടാണു് പല വീഴ്ചകളും നാം ചെയ്തുപോകുന്നതു്. കാര്യത്തിന്റെ സൂക്ഷ്മസ്ഥിതി ധരിക്കുമ്പോൾ നാം അപൂർവ്വമായിട്ടേ വഴിതെറ്റി പോകാറുള്ളൂ. നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു് നമുക്കു വേണ്ടി ചെയ്തിട്ടുള്ള ഓരോ നന്മകളേയും നാം ഒരുകാലത്തും വിസ്മരിക്കുന്നതല്ല. നമ്മുടെ കുട്ടികൾ ശൈശവത്തിൽ തന്നെ സ്വാമിഭക്തിയിൽ വളരുന്നവരാണു്. അവരുടെ മുദ്ര സ്വാമിഭക്തി തന്നെ. അവർ തിരുമനസ്സിലെ ഗുണഗണങ്ങളെ കീർത്തിക്കുന്ന പാട്ടുകളും ശ്ലോകങ്ങളും കണ്ണാമൂത്തമായി ചൊല്ലി രസിക്കുന്നുണ്ടു്. ആ ക്രുത്തിൽ ഈ ഗ്രന്ഥം അവർക്കു് വളരെ രസപ്രദവും വിജ്ഞാനദായകവും ആയിരിക്കുമെന്നുള്ളതു നിസ്സംശയമാണു്. കുട്ടികളുടെ കാര്യം ഗ്രന്ഥകർത്താവു വിസ്മരിച്ചിട്ടില്ലെന്നു് ഈ ഗ്രന്ഥത്തിൽ സമൃദ്ധിയായി കാണുന്ന ചെറിയ ചെറിയ പാട്ടു മലയാളവാക്കുകൾ നമ്മെ അനുസ്മരിപ്പിക്കുന്നു.

ചെറിയ കുട്ടികൾ ഈ ഗ്രന്ഥത്തെ പ്രണയപൂർവ്വം വായിച്ചുരസിക്കുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുകയും മിസ്റ്റർ പദ്മനാഭപിള്ള ദീർഘായുസ്സായിരുന്നു് ഇനിയും ഭാഷയ്ക്കു് പല സഹായങ്ങളും ചെയ്യുമാറു് ഈശ്വരൻ അനുഗ്രഹിക്കട്ടെ എന്നു് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഫ്രൻ൦–൩മാണ്ടു
ചിങ്ങമാസം ൯–൨൦നു

മള്ളൂർ ഗോവിന്ദപ്പിള്ള,
ബി. എ., ബി. എൽ.
(ഒപ്പു്)

കൊല്ലം ഫാസ്റ്റ നു ാമാണ്ടു കന്നിമാസം ഫ്ര ന്ത

മൂലം തിരുനാൾ

തിരു അവതാരം ചെയ്തരുളിയ

ശ്രീ പ ത്മ നാ ഭ ദാ സ വ ഞ്ചി പ ാല

ആണറ റി കണ്ണൽ

സർരാമവർമ്മ

കുലശേഖരകിരീടപതി

മന്നസുൽത്താൻ

മഹാരാജരാജ രാമരാജാ ബഹദൂർ

ഷംഷെർജംഗ്

നൈറ് ഗ്രാൻഡ് കമ്മാൻഡർ

ആഫ് ദി മോസ്റ്റ് എക് സാൾറൈഡ് ആർഡർ ആഫ് ദി

സ്റ്റാർ ആഫ് ഇൻഡ്യാ

നൈറ് ഗ്രാൻഡ് കമ്മാൻഡർ

ആഫ് ദി മോസ്റ്റ് എമിനെൻറ് ആർഡർ ആഫ് ദി

ഇൻഡ്യൻ എമ്പയർ

എഫ്. എം. യു., എം. ആർ. എ. എസ്സ്,

ആഫിസ്യർ ഡിലാ ഇൻസ് ട് റ് ക്ഷൻ പബ് ളിക്

മഹാരാജാ തിരുമനസ്സുകൊണ്ടു

ശ്രീരാമവർമ്മ

(മൂലം തിരുനാൾ)

കേ. ജി. സി. എസ്. ഐ., കേ. ജി. സി. ഐ. ഇ.,
മഹാരാജാവു തിരുമനസ്സുകൊണ്ടു്.

അദ്ധ്യായം ൧.

പരമകാരുണികനായിരുന്നു് നമ്മെ എല്ലാവരേയും പുത്രനിർവ്വിശേഷമായ വാത്സല്യത്തോടുകൂടി പരിപാലനം ചെയ്തിരുന്ന മഹാഭാഗ്യവാനായ ശ്രീമൂലംതിരുനാൾ രാമവർമ്മ മഹാരാജാവു് കേ. ജി. സി. എസ്. ഐ., കേ. ജി. സി. ഐ. ഇ. തിരുമനസ്സുകൊണ്ടു് കൊല്ലവർഷം ൧൦൫൮-ാമാണ്ടു കന്നിമാസം ൧൫-ാംതീയതി തിരുവവതാരംചെയ്തരുളി. ഈ തിരുമനസ്സിലെ മാതാവു് ആയില്യംതിരുനാൾ രാമവർമ്മ മഹാരാജാവു തിരുമനസ്സിലേയും മറ്റും ഏകസഹോദരിയും ആറ്റിങ്ങൽ മൂത്തതമ്പുരാനുമായിരുന്ന പൂരാടംതിരുനാൾ ലക്ഷ്മീറാണി തിരുമനസ്സുകൊണ്ടാകുന്നു. പിതാവു്, മഹാമഹിമശ്രീ കേരളവർമ്മ സി. എസ്. ഐ. വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ മാതുലനും ഗുരുവുമായ ചങ്ങനാശ്ശേരി രാജരാജവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടാണു്. അദ്ദേഹം മഹാബുദ്ധിമാനും പണ്ഡിതാഗ്രേസരനുമായിരുന്നു. ഗുണവതിയായ ഈ ലക്ഷ്മീറാണി

അവിട്ടത്തെ പുത്രനായ ചരിത്രനായകന്റെ പ്രശസ്ത തമമായ ശ്രേയസ്സു കണ്ടു സന്തോഷിക്കുന്നതിനു ഭാഗ്യമി ല്ലാതെ തിരുമനസ്സിലെ തിരുവവതാരാനന്തരം ആ മാസം ൨൨–ാംതീയതി ൨൫–ാമത്തെ തിരുവയസ്സിൽ സ്വർഗ്ഗാരോഹണം ചെയ്തു. അതോടുകൂടി രാജകുടുംബ ത്തിൽ സ്ത്രീസന്താനം അവസാനിച്ചു. അപ്രതീക്ഷിതവും അപരിഹാര്യവുമായ ഈ സംഭവം അന്ധകാരമയിയായ ദീർഘരാത്രിയെപ്പോലെ ഭയാനകമായ വ്യസനത്തെ രാജ കുടുംബത്തിലും നാട്ടിലും ഒന്നുപോലെ വ്യാപിപ്പിച്ചു. തന്നിമിത്തം അന്നു മഹാരാജാവായിരുന്ന മാത്താണ്ഡ വർമ്മ ഉത്രംതിരുനാൾ തിരുമനസ്സുകൊണ്ടു് രാഹുഗ്രസ്ത നായ ചന്ദ്രനെപ്പോലെ പ്രഭാശൂന്യനായിബ്ഭവിച്ചു. അവിടുന്നു് അനന്തരം ബ്രിട്ടീഷ്ഗവർമ്മെൻറിന്റെ അനു മതിയോടുകൂടി മാവേലിക്കര രാജവംശത്തിൽ നിന്നും ഭരണിതിരുനാൾ അമ്മതമ്പുരാന്റെ പുത്രിമാരിൽ രണ്ടു തമ്പുരാട്ടിമാരെ തിരുവിതാംകൂർരാജകുടുംബത്തിലേക്കു് ൧൦൨൨–ാമാണ്ടു ധനുമാസം ൨–ാംതീയതി ഒന്നെടുത്തു. ഇതു് ആറാമത്തെ ഒന്നായി ഗണിക്കപ്പെട്ടിരിക്കുന്നു. ഇവരിൽ പത്തു തിരുവയസ്സുള്ള ഭരണിതിരുനാൾ റാണി ലക്ഷ്മീഭായി ആറ്റിങ്ങൽ മൂത്തതമ്പുരാനും, ഏഴു തിരു വയസ്സുള്ള ഭരണിതിരുനാൾ റാണി പാർവ്വതീഭായി ആറ്റി ങ്ങൽ ഇളയരമ്പുരാനും ആയി. അനന്തരം ശ്രീമൂലംതിരു നാൾ തിരുമനസ്സിലെ പിതാവു് ൧൦൨൫–ാമാണ്ടു മീന മാസത്തിൽ ദേഹവിയോഗം ചെയ്തു. ൧൦൨൬–ാമാണ്ടു ധനുമാസം ൧–ാംതീയതി തിരുവവതാരം ചെയ്തരുളിയ അത്തംതിരുനാൾ മാത്താണ്ഡവർമ്മ കൊച്ചുതമ്പുരാൻ നമ്മുടെ കഥാനായകന്റെ ഏക ജ്യേഷ്ഠസഹോദരനാ

യിരുന്നു. ബാല്യത്തിലേതന്നെ മാതാപിതാക്കന്മാരുടെ വേർപാടിയോഗദുഃഖം അനുഭവിക്കേണ്ടി വന്ന ഈ ശിശുക്കളിൽ മാതുലന്മാർക്ക് പൂർവ്വാധികം വാത്സല്യവും ശ്രദ്ധയും പതിഞ്ഞു. ഫാനുസ്യാമാണ്ടു് നാടുനീങ്ങിയ ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു് ഈ കൊച്ചുതിരുമേനിയെ ഉദരത്തിലെടുത്തും, അത്തംതിരുനാൾ കൊച്ചുതമ്പുരാനെ കൈയ്യ്ക്കു പിടിച്ചുമായിരുന്ന ഉത്സവകാലങ്ങളിൽപ്പോലും എഴുന്നള്ളിവന്നിരുന്നതു്. ഇതു് ആ തിരുമനസ്സിലേക്കു് കോമളന്മാരായ ഭാഗിനേയന്മാരിലുണ്ടായിരുന്ന അവ്യാജമായ വാത്സല്യത്തെ പ്രത്യക്ഷീകരിക്കുന്നു. ശൈശവം മുതൽക്കുള്ള മാതുലന്മാരുടെ ശ്ലാഘാവഹമായ സാഹചര്യം തിരുമനസ്സിലെ ഭാവിശ്രേയസ്സിനു് അനുഗുണമായിത്തീർന്നു.

ബാല്യദശയെ പ്രാപിച്ചതിന്റെ ശേഷം ജ്യേഷ്ഠാനുജന്മാർ സംഭാഷ അഭ്യസിക്കാൻ ആരംഭിച്ചു. ഈ തിരുമേനികളെ ഇംഗ്ലീഷ്ഭാഷ അത്യുത്തമമായി പഠിപ്പിച്ചതു് മിസ്റ്റർ അണ്ണാജിരായർ ബി. എ. ആയിരുന്നു. പിന്നീടു് ദിവാൻപേഷ്കാരായിരുന്ന മിസ്റ്റർ രഘുനാഥരായർ ബി. എ. കുറച്ചുകാലം ആ സ്ഥാനം പ്രശംസനീയമായവിധത്തിൽ വഹിച്ചു. രാജകുമാരന്മാരുടെ ചൊടി, ചുണ, ഉത്സാഹശീലം, മനുഷ്യത്വം, സാധുത്വം, ദയ, അനാവശ്യമായ സിദ്ധാന്തമില്ലായ്മ ഇവ കണ്ടു് ഗുരുക്കന്മാർ ക്രമത്തിലധികം സന്തോഷിച്ചു. രണ്ടു തിരുമേനിമാർക്കും പ്രകൃത്യാതന്നെ പഠിത്തത്തിൽ രസവും സന്തോഷവും ഉണ്ടാ

യിരുന്നു. അതിനാൽ വിദ്യാഭ്യാസവിഷയത്തിൽ അവർ അസാധാരണമായ ബുദ്ധിസാമർത്ഥ്യത്തെ പ്രദർശിപ്പിച്ചു. ബാഹ്യവും ആഭ്യന്തരവുമായ ഗുണവിശേഷംകൊണ്ട് അവരുടെ ബാല്യം രമണീയതരമായിരുന്നു. പൊതുജനങ്ങൾക്കും അവരിൽ പ്രത്യേക പ്രതിപത്തിയും വാത്സല്യവും വളർന്നിരുന്നു. അവർക്ക് അന്യോന്യമുണ്ടായിരുന്ന സഹോദരവാത്സല്യം വിചാരിച്ചാൽ ശ്രീരാമലക്ഷ്മണന്മാർക്കു പോലും ഇതുപോലെ സ്നേഹം ഉണ്ടായിരുന്നോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. രണ്ടു രാജകുമാരന്മാരും സഹോദരങ്ങളുടെ ഇരിപ്പിടമായി ശോഭിച്ചു.

അക്കാലത്തു്, ഭരണത്തിലിരുന്നവരിൽ മുത്തരാജ്ഞിയായ ലക്ഷ്മീറാണി തിരുമനസ്സിലേക്ക് വിവാഹകാലം സമീപിക്കുകയാൽ, ഹനുമ൪-ാമാണ്ടു മേടമാസം ഹനു-ാം തീയതി സാഹിത്യസാമ്രാജ്യചക്രവർത്തിസ്ഥാനം പിന്നീടു വഹിച്ചിരുന്ന ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ പൂയം തിരുനാൾ മഹാമഹിമശ്രീ കേരളവർമ്മ സി. എസ്. ഐ. വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്കൊണ്ടു പല്ലക്കിക്കെട്ടു കഴിപ്പിച്ചു. അതുകഴിഞ്ഞു് ഹനുന്യ-ാമാണ്ടു ചിങ്ങമാസം ൪-ാംതീയതി ര്ന്യ-ാമത്തെ തിരുവയസ്സിൽ ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവു് സപ്ത്നീരോഹണം ചെയ്തു. അനന്തരം ആ മാസം ന്യ-ാംതീയതി ഹൻ-ാമത്തെ തിരുവയസ്സിൽ വിദ്യാവിശാരദനായ അയില്യം തിരുനാൾ രാമവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു് സിംഹാസനസ്ഥനായി രാജ്യഭരണം ആരംഭിച്ചു. അവിടുന്നു് ഹനുമ-ാ

മാണ്ടു മകരമാസം ൨൩ാംതീയതി ചിങ്ങിമാത്തു തമ്പുരാട്ടി വമ്മകോയിത്തമ്പുരാനെക്കൊണ്ടു് ആൺകുഞ്ഞിനെ ഇളയ തമ്പുരാൻ തിരുമനസ്സിലെ പള്ളിക്കെട്ടുകഴിപ്പിച്ചു. ഈ രാജ്ഞി ൧൦൮൰ാമാണ്ടു ചിങ്ങമാസം ൯൹ാംതീയതി രേവതി തിരുനാളിൽ കേരളവമ്മരാജകുമാരനേയും, ൧൦൮൱ാമാണ്ടു മേടമാസം ൨൨ാംതീയതി മകയിരം തിരുനാൾ രാജകുമാരനേയും, ൧൦൮൲ാമാണ്ടു വൃശ്ചികമാസം ൧൯ാംതീയതി ചതയം തിരുനാളിൽ രാമവമ്മരാജകുമാരനേയും, പിന്നീടു് ഒരു രാജകുമാരിയേയും, ൧൦൮൳ാമാണ്ടു വൃശ്ചികമാസം ൯ാംതീയതി അശ്വതിതിരുനാളിൽ മാത്താണ്ഡവമ്മ രാജകുമാരനേയും പ്രസവിച്ചു. എന്തോ ഉർദ്ദൈവവശാൽ ഏതാനും മാസങ്ങൾക്കുള്ളിൽ ആ സന്താനങ്ങളിൽ പെട്ട കൊച്ചുരാജകുമാരി നാടുനീങ്ങി. ൧൦൮൳ാമാണ്ടു് തിരുവിതാംകൂറിന്റെ അഭിവൃദ്ധിക്കു കാരണഭൂതന്മാരായ മഹാശയന്മാരിൽ ഒരാളായ സർ. ടി. മാധവരായർ അവർകൾ ദിവാൻ ഉദ്യോഗം രാജികൊടുത്തു. ൧൦൮൴ാമാണ്ടു മകരമാസത്തിൽ മൂലംതിരുനാൾ തിരുമനസ്സിലെ തിരുമാടമ്പു് അടിയന്തിരം അതിഭംഗിയായി ആഘോഷിക്കപ്പെട്ടു. ൧൦൮൵ാമാണ്ടു് ഇടവമാസം ൧൧ാംതീയതി മകയിരം തിരുനാൾ രാജകുമാരൻ നാടുനീങ്ങി. പിന്നീടു് ൧൦൮൶ാമാണ്ടു മേടമാസത്തിൽ ൨൨ാമത്തെ തിരുവയസ്സിൽ ധർമ്മിഷ്ഠനും, ദയാലുവും, ഈശ്വരഭക്തനും, അതിബുദ്ധിമാനുമായ അത്തം തിരുനാൾ കൊച്ചുതമ്പുരാൻ തിരുമനസ്സുകൊണ്ടും പരമപദം പ്രാപിച്ചു. ബാല്യംമുതൽ ഉണ്ണു്, ഉറക്കം ഇതുകളിൽപ്പോലും തമ്മിൽ പിരിയാതെ പരസ്പരസ്നേഹത്തോടുകൂടി വളർന്നവരായ പെട്ടെന്നു

ണ്ടായ ഏകജ്യേഷ്ഠസഹോദരന്റെ അകാലവിയോഗം നിമിത്തം അനുജൻ തിരുമനസ്സുകൊണ്ട് ദുഃഖസമുദ്രത്തിൽ നിമജ്ജിച്ചു. ഈ വലുതായ നഷ്ടം നാട്ടുകാരെയും നല്ലവണ്ണം വ്യസനിപ്പിച്ചു.

൧൭൭൫-ാമാണ്ടു മേടമാസം ൧൮-ാംതീയതി ചരിത്രനായകൻ, നാഗർകോവിലമ്മവീട്ടിലെ ഭാഗ്യസന്താനവല്ലികളിൽ ഒരു മഹതിയും, സകല സൽഗുണസമ്പന്നയുമായ ശ്രീമതി പാനപ്പിള്ള അനന്തലക്ഷ്മിപ്പിള്ളക്കൊച്ചുമ്മയ്ക്കു പട്ടം പരിവട്ടവുമിട്ടു. ഈ മണ്ഡലകർമ്മം അപ്പോഴത്തെ മഹാരാജാവായിരുന്ന ആയില്യംതിരുനാൾ തിരുമനസ്സുകൊണ്ടുക്രുടി എഴുന്നള്ളിയിരുന്ന് വലിയകൊട്ടാരത്തിൽ വച്ചു് ഭംഗിയായി നടത്തിയതു വിചാരിക്കുമ്പോൾ, ഈ ഭാഗിനേയനിൽ അവിടുത്തേക്കുണ്ടായിരുന്ന വാത്സല്യാതിരേകം പ്രത്യക്ഷമാകുന്നതാണു്. ൧൭൭൬-ാമാണ്ടു് ഇടവമാസം ൧൯-ാംതീയതി ൫൯-ാമത്തെ തിരുവയസ്സിൽ ആയില്യം തിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു് സപ്തർഷിയായി. തദനന്തരം രാജ്യതന്ത്രത്തിൽ അതിനിപുണനും കുശാഗ്രബുദ്ധിയുമായ വിശാഖം തിരുനാൾ രാമവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു് ആ മാസം ൨൦-ാംതീയതി ൫൫-ാമത്തെ തിരുവയസ്സിൽ രാജ്യഭാരം കൈയേറ്റു. മിഥുനമാസത്തിൽ കഥാനായകനായ തിരുമനസ്സുകൊണ്ടു് മുറപ്രകാരം പട്ടിയേറ്റം കഴിഞ്ഞു് യുവരാജാവായി വടക്കേ കൊട്ടാരത്തിൽ എഴുന്നള്ളി താമസം തുടങ്ങി. അവിടുത്തേക്കു് യൌവനദശയിൽ കുതിരസ്സവാരി പതിവായിരുന്നു. ഇതു് തിരുമനസ്സിലേക്കു് കായികവ്യായാമത്തിലുണ്ടായിരുന്ന

ശ്രദ്ധയെ സ്പഷ്ടമാക്കുന്നു. അവിടുന്ന് തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലും അപ്പോഴപ്പോൾ എഴുന്നള്ളി ദേശങ്ങളുടെ അവസ്ഥാഭേദങ്ങളെ ഗ്രഹിക്കുന്നതിലും ഉണ്ടായിരുന്നു. ഇങ്ഗ്ലീഷ് ഭാഷയിൽ തിരുമനസ്സിലേക്കുള്ള പാണ്ഡിത്യവിശേഷത്തെ യൂറോപ്യന്മാർ പോലും ശ്ലാഘിച്ചുവന്നിരുന്നു. മറു ഭാഷകളിലും തിരുമനസ്സുകൊണ്ട് മുമ്പിരുന്ന മഹാരാജാക്കന്മാരെപ്പോലെ അനിതരസാധാരണമായ പാടവം നേടി പ്രശോഭിച്ചു.

തിരുമനസ്സിലെ പ്രിയതമയായ ഭാഗ്യവതി ക്രി.വ. 1—ാമാണ്ടു മീനമാസം 20—ാംതീയതി പകൽ ഉത്രം നക്ഷത്രത്തിൽ ഒരു പുരുഷപ്രജയെ പ്രസവിച്ചു. പള്ളിവേട്ടദിവസമായ അന്നു രാത്രി തന്നെ യുവതിയായ ആ ചെറിയമ്മ പെട്ടെന്ന് പ്രപഞ്ചരംഗത്തിൽ നിന്നു മറയുകയും ചെയ്തു. പ്രാണപ്രേയസിയുടെ പൊടുന്നനവേയുള്ള വിയോഗം ശാന്തമാനസനായ തിരുമനസ്സിലേക്ക് എത്രമാത്രം ദുഃഖം നൽകിയിരിക്കണമെന്നു വായനക്കാർതന്നെ ഊഹിച്ചറിയുന്നതാണ് ഉത്തമം. അത്യന്തം വ്യസനകരമായ ഈ സംഭവം അറിഞ്ഞതവരിൽ ഒരാൾ പോലും മിഴിനീരു തൂകാതെയിരുന്നിട്ടില്ല. തിരുമനസ്സിലെ സീമന്തപുത്രനും, ജനിച്ച ദിവസംതന്നെ മാതാവിനാൽ ഉപേക്ഷിതനുമായ ആ ശിശുതന്നെയാണ് നാഗർകോവിലമ്മവീട്ടിനെ അലങ്കരിച്ചിരുന്ന ശ്രീനാരായണൻതമ്പി അവർകൾ.

ക്രി.വ. 2—ാമാണ്ടു ചിങ്ങമാസത്തിൽ തിരുമനസ്സിലെ മാതുലനായ ഉത്രംതിരുനാൾ കേരളവർമ്മരാജാവു

നാട്ടുനീങ്ങി. ക്രാന്ത്യാബ്ദം ൧൮൩൪ മേടമാസത്തിൽ വിശാഖം തിരുനാൾ മഹാരാജാവു തിരുമനസ്സിലെ തുലാപുരുഷദാനങ്ങടിയന്തിരം ശ്ലാഘനീയമായവിധം ആഘോഷിക്കപ്പെട്ടു. അവിടുന്നു് സേതുസ്നാനാനന്തരം ആ ആണ്ടു കർക്കടകമാസം ൨൫-ാംതീയതി ൫ൻ-ാമത്തെ തിരുവയസ്സിൽ സ്വർഗ്ഗം പ്രാപിച്ചു.

അനന്തരം ആയുഷ്മാനും അതിഭാഗ്യവാനുമായ ശ്രീമൂലംതിരുനാൾ തിരുമനസ്സുകൊണ്ടു് ക്രാന്ത്യബ്ദം ൧൮൩൫ ചിങ്ങമാസം ൪-ാംതീയതി സിംഹാസനാരോഹണം ചെയ്തു. അപ്പോൾ തിരുമനസ്സിലേക്കു് ൨൨ തിരുവയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു.

ഈ തിരുമനസ്സിലെ രാജ്യഭരണാരംഭകാലത്തു് മാതുലനായ ഉത്രാടംതിരുനാൾ രവിവർമ്മ മഹാരാജാവും, ഭാഗിനേയന്മാരായി രേവതിതിരുനാൾ യുവരാജാവും, ചതയംതിരുനാൾ, അശ്വതിതിരുനാൾ എന്നീ കൊച്ചുതമ്പുരാക്കന്മാരും, ജ്യേഷ്ഠസഹോദരികളായി വാണീസദൃശയായ റാണിലക്ഷ്മീഭായി അറിങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സുകൊണ്ടും, റാണി പാർവ്വതീഭായി അറിങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടും ഈ രാജകുടുംബത്തെ അലങ്കരിച്ചിരുന്നു.

പ്രശാന്തരമണീയശീലനായ ശ്രീമൂലംതിരുനാൾ തിരുമനസ്സുകൊണ്ടു് സിംഹാസനാരോഹണം ചെയ്തു് ഉടൻതന്നെ മൂന്നു് ആജ്ഞകൾ കൊടുത്തു. അവ പ്രജാക്ലേശനിവൃത്തികരങ്ങളായിരുന്നു. ആ ആജ്ഞ

കളിൽ ഒന്നാമത്തെത്തു് മൂന്നരലക്ഷം രൂപായോളം കരക്കെ ടിറ്റിക മാപ്പു ചെയ്തതും, രണ്ടാമത്തേതു് കുടിക്കാൻ നല്ല വെള്ളം ദുർല്ലഭമായുള്ള പ്രദേശങ്ങളിൽ കിണറുകൾ കുഴി പ്പിക്കുന്നതിനു് പ്രതിവർഷം ഏതാണ്ടു രൂപാ ചെലവു ചെയ്യു ന്നതിനു് അനുവദിച്ചതും, മൂന്നാമത്തേതു് ഉദ്യോഗപുരു ഷരിൽ അപ്പോഴപ്പോൾ അത്യാവശ്യമുള്ള അറകുറ നികത്തീർക്കുന്നതിനു് അനുജ്ഞാപിച്ചതും ആയിരുന്നു.

വിഖ്യാതനായ വിശാഖംതിരുനാൾതിരുമനസ്സിലെ അഞ്ചു കൊല്ലത്തെ രാജ്യഭരണം സുഖസുഖമായിരുന്നുവെ ന്നതിനു പക്ഷാന്തരമില്ലല്ലോ. അപ്രകാരം പരിപൂർണ്ണ മായ രാജ്യത്തിലെ ഭരണതന്ത്രത്തിനു് ഒരു ഹാനിയും പറ്റാതെ വഹിച്ചുപോകുന്നതു് ചിൻഗാമിയായ ഏവ നും പ്രയാസമായിരിപ്പാനേ തരമുള്ളൂ. എന്നാൽ മഹാ നുഭാവനും യുവാവുമായ നമ്മുടെ മഹാരാജാവുതിരുമന സ്സിലേക്കാകട്ടെ ആ വിഷയത്തിൽ ലേശംപോലും പ്രയാ സം തോന്നിയില്ല. അവിടുന്നു് ശരിയായ മാർഗ്ഗത്തിൽ നിഷ്പ്രയാസം ആ മഹാഭാരം വഹിക്കുന്നതിനു് ആരം ഭിച്ചു. രാജ്യത്തിലെ ഓരോ ഭാഗത്തെയും സംബന്ധിച്ചു തിരുമനസ്സിലേക്കു് പൂർണ്ണമായ പരിജ്ഞാനം ഉണ്ടാ യിരുന്നു.

അവിടുന്നു് രാജ്യഭാരം ആരംഭിച്ചതിൽപ്പിന്നെ ഒന്നര സംവത്സരത്തേക്കു കൂടി ബഹുമാനപ്പെട്ട രാമസ്വാ മ്മികാരവർകൾ തന്നെ മന്ത്രിയായിരുന്നു. താൻ ആരംഭിച്ച കണ്ടെഴുത്തും സർവ്വേയും ജോലികളും അദ്ദേഹം ജാഗ്രത

യോട്ടക്രടി നടത്തിച്ചു. അവ നടത്തുന്നതിൽ ആചരിക്കേണ്ട മുറകളേയും മറ്റും വിവരിച്ചു് ഫ്രാൻസ്—മാണ്ടു കുംഭമാസം ഫ്ര്—ാംതീയതിയും, വിരുത്തിവസ്തുക്കൾ കണ്ടെഴുതിക്കേണ്ടതിനെപ്പറ്റി ആ ആണ്ടു് ഇടവമാസം ര്—ാംതീയതിയും ഓരോ തിരുവെഴുത്തുവിളംബരം പ്രസിദ്ധപ്പെടുത്തപ്പെട്ടു. പിന്നീടു് ജൂഡിഷ്യൽവകുപ്പു പരിഷ്കരിക്കാൻ ആരംഭിച്ചു. കോടതിയുടെ വിശ്രമകാലത്തിൽ സിവിൽക്കോടതികളിലെ വിധിനടത്തിപ്പിനേയും, ക്രിമിനൽക്കോടതികളിലെ ശിക്ഷാവിധി നടത്തിക്കുന്നതിനേയും നിരുത്തിവയ്ക്കണമെന്നു കിട്ടുന്ന അപേക്ഷകളെ തീർച്ചു ചെയ്യുന്നതിനു് ഹൈക്കോടതിയിലെ വൈക്കേഷൻ ജഡ്ജിക്കു് അധികാരം കൊടുത്തു. ഇതിനു മുമ്പു ഫ്രാൻസ്—മാണ്ടത്തെ ര—ാംറഗുലേഷൻ. ബ്രിട്ടീഷ് ഇൻഡ്യയിലും കൊച്ചീസംസ്ഥാനത്തുമുള്ള സിവിൽക്കോടതികളിലെ വിധികളെ ജനങ്ങളുടെ സൌകര്യത്തിനു വേണ്ടി തിരുവിതാംകൂറിൽ നടത്തിക്കുന്നതിനു് ഏർപ്പാടുണ്ടാക്കി. അതനുസരിച്ചു് ഈ സംസ്ഥാനത്തുള്ള സിവിൽക്കോടതികളിലെ വിധികളെ ബ്രിട്ടീഷ് ഇൻഡ്യയിലേയും കൊച്ചിയിലേയും കോടതികളിൽ ഉടനടൻ നടത്തിക്കണമെന്നു വൈസ്രായിയും കൊച്ചീമഹാരാജാവും ക്രമപ്രകാരം ആജ്ഞാപിച്ചു. ഈ വിധികൾ നടത്തുന്നതിനു് ആവശ്യമുള്ള ചട്ടങ്ങൾ ഹൈക്കോടതിയിൽനിന്നും ഉണ്ടാക്കി. ഇതാണു് ഫ്രാൻസ്—ലെ ര്—ാംറഗുലേഷൻ. ഇതു് ഫ്രാൻസ്—മിഥുനം ര—ാംതീയതി നടപ്പായി. പിന്നീടു് മുൻസിഫ്, വക്കീൽ മുതലായ ജോലിക്കാർക്കു് പരീക്ഷായോഗ്യതകൾ ഏർപ്പെടുത്തി.

൧൯൭൨-ാമാണ്ടു മകരമാസം ൧൯-ാംതീയതി ബഹു മാനപ്പെട്ട ദിവ്ാൻ രാമയ്യങ്കാർഅവർകൾ മന്ത്രിസ്ഥാനം രാജിവച്ചു. നാടുനീങ്ങിയ വിശാഖംതിരുനാൾ മഹാ രാജാവുതിരുമനസ്സുകൊണ്ടു ചെയ്തിട്ടുള്ള പരിഷ്കാരങ്ങൾ ക്കെല്ലാം മുഖ്യകാരണഭ്രതൻ ഇദ്ദേഹമായിരുന്നു. ദയാ ലുവായ മഹാരാജാവു തിരുമനസ്സുകൊണ്ടു് അദ്ദേഹത്തി നു് പ്രതിമാസം ൈറ രൂപാ അടുത്തുണ്ൻ കൊടുക്കുന്നാ തിനു് ആജ്ഞാപിച്ചു.

അദ്ധ്യായം ൨.

അനന്തരം മഹാരാജാവു തിരുമനസ്സുകൊണ്ടു് കോട്ടയം (ഹെഡ്) ദിവാൻ പേഷ്കാരായിരുന്ന മി: ടി. രാമാരായരെ ക്രാന്ത്യാ മകരം ൨-ാംതീയതി മന്ത്രിസ്ഥാനത്തിൽ നിയമിച്ചു നീട്ടുകൊടുത്തു. അദ്ദേഹം തിരുവിതാംകൂർഗവമ്മെൻറിൽ ൩൦ വഷ്ത്തിനു മേൽ സർവീസ്സുള്ള ഒരു ഉദ്യോഗസ്ഥനും, ഓരോ ജീവനത്തിലുമിരുന്നു് പടിപ്പടിയായി ഉയർന്നു് രാജ്യഭരണക്രമം നല്ലപോലെ മനസ്സിലാക്കീട്ടുള്ള മഹാനും ആയിരുന്നു. ചിരകാംക്ഷിതമായ ഈ ഉദ്യോഗം കൈയേറ്റ നാൾമുതൽ ഈ മന്ത്രിപുങ്ഗവൻ കല്പനപ്രകാരം പ്രജാക്ഷേമകരങ്ങളായ അനേകം പുതിയ ഏർപ്പാടുകൾ ചെയ്യാൻ നിശ്ചയിച്ചു. ഈ തിരുമനസ്സിലെപ്പോലെയുള്ള അനേകം മഹാരാജാക്കന്മാരുടെ മേൽക്കോയ്മസ്ഥാനം വഹിച്ചിരുന്ന ഗ്രണവതിയും,ഇൻഡ്യാചക്രവത്തിനിയും ആയ വിക്ടോറിയാ മഹാരാജ്ഞിതിരുമനസ്സുകൊണ്ടു് രാജ്യഭാരം കൈയേറ്റു് ഭാസുരവും പ്രശാന്തവുമായ ൫൦ വഷ്ം തികഞ്ഞ "സ്വർണ്ണ ജൂബിലി" മഹോത്സവത്തോടുകൂടി ഗ്രാജ്വേഡിയായ മി: രാമാരായരുടെ ഭരണവും ആരംഭിച്ചു.

ക്രാന്ത്യാ-ാമാണ്ടു കുംഭമാസം ൭-ം ൟ-ം തീയതികളിൽ ചക്രവത്തിനിതിരുമനസ്സിലെ "സ്വർണ്ണ ജൂബിലി" മഹോത്സവം സംബന്ധിച്ചു് ഈ സംസ്ഥാനം മുഴുവനും മഹത്തരമായ ആഘോഷം നടന്നു. ഈ മഹാ

മഹത്തിന്റെ അനുബന്ധികളായ പലവിധം കളികൾ, ദീപക്കാഴ്ച, വെടിക്കെട്ട്, പലഹാരദാനം മുതലായവ കൊണ്ടും മറും തലസ്ഥാനത്തുണ്ടായ ആഡംബരങ്ങൾ അവശ്യദൃശ്യങ്ങളായിരുന്നുവെന്നതിന് അണുവും അഭിപ്രായഭേദമില്ല. ഈ ശുഭദിവസങ്ങളിൽ എല്ലാ കച്ചേരികൾക്കും പള്ളിക്കൂടങ്ങൾക്കും മറും സംസ്ഥാനമൊട്ടുക്ക് ഒഴിവു കൊടുത്തു. ചരിത്രപ്രസിദ്ധമായ ഈ സന്ധതിയെ സംബന്ധിച്ച് ഇൻഡ്യാഗവണ്മെൻറിൽനിന്നും വന്ന ഖരീതാവിനെ (വൈസ്രായിയുടെ എഴുത്തിനെ) സ്വീകരിക്കുന്നതിനായി കുംഭം ൧൬-൦൩- ഒരു ക്രിക്കാഴ്ച നടന്നു. ഉത്സാഹപ്രദങ്ങളും വിനോദകരങ്ങളുമായ പ്രവൃത്തികളോടുകൂടിയ ഈ സുദിനങ്ങൾ രാജകുടുംബത്തേയും പ്രജകളേയും പരമാനന്ദപയോധിയിൽ മുഴുകിച്ചു. ഈ ശുഭാവസരത്തിൽ ആറിങ്ങൽ ഇളയതമ്പുരാൻതിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നമ്മുടെ രാജ്യനിവാസികളായ മാന്യസ്ത്രീകളാൽ അലംകൃതമായിരുന്ന ഒരു സമാജം നടത്തപ്പെട്ടു. ആ സമയം റാണി തിരുമനസ്സുകൊണ്ട് ചക്രവർത്തിനിതിരുമനസ്സിലെ ജീവചരിത്രം സംക്ഷിപ്തമായും സരസമായും പ്രസ്താവിച്ചു. പിന്നീട് ഒരു മാതൃകാവിദ്യാലയത്തിന് ധനം ശേഖരിച്ചു. അധികം താമസിയാതെതന്നെ വിക്ടോറിയാ മഹാരാജ്ഞിതിരുമനസ്സിലെ ഛായാപടത്തോടുകൂടി ഒരു മണ്ഡളപത്രം ഈ യോഗത്തിൽ നിന്നും ആ തിരുമനസ്സിലേക്ക് അയച്ചു. സുവർണ്ണജൂബിലിസ്മാരകമായി ലണ്ടനിൽ സ്ഥാപിക്കാൻ നിശ്ചയിച്ച "ഇംപീരിയൽ ഇൻസ്റ്റിറ്റ്യൂട്ട്" എന്ന വിദ്യാമന്ദിരത്തിനു പതിനായിരം

രൂപായും, മദ്രാസിൽ സ്ഥാപിക്കാൻ നിശ്ചയിച്ച "വിക്ടോറിയാ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്" എന്ന കലാമന്ദിരത്തിനു രണ്ടായിരം രൂപായും മഹാരാജാവു തിരുമനസ്സുകൊണ്ടു സംഭാവനചെയ്തു. പ്രസ്തുത ജൂബിലി സ്മാരകങ്ങളായി തിരുവനന്തപുരത്തു് "വിക്ടോറിയാ ജൂബിലിടൗൺഹാൾ" എന്ന സഭാഗൃഹവും, കൊല്ലത്തു് സ്ത്രീകളെ വൈദ്യശാസ്ത്രം പഠിപ്പിക്കുന്നതിനു് ഒരു "വിക്ടോറിയാ വൈദ്യപാഠശാല"യും, സ്ത്രീകളെ ചികിത്സിക്കുന്നതിനു് "വിക്ടോറിയാ ഹാസ്പിറ്റൽ" എന്ന ഒരു ആസ്പത്രിയും സ്ഥാപിക്കുന്നതിനു കല്പിച്ചനുവദിച്ചു. പിന്നീടു് ദന്തം, കരുന്താളി, സ്വർണ്ണം മുതലായവകൊണ്ടു വിചിത്രതരമായി പണിയിക്കപ്പെട്ട മുന്നു വിശേഷസാമാനങ്ങൾ തിരുമനസ്സിൽ നിന്നു് മഹാരാജ്ഞിതിരുമനസ്സിലേക്കു് മദ്രാസ്ഗവണ്മെൻറുമുഖാന്തിരം അയച്ചു. ഭയവായ അങ്ങീകരണത്തിനായി അയച്ച ഈ സാമാനങ്ങളെ ചക്രവർത്തിനി തിരുമനസ്സുകൊണ്ടു് സസന്തോഷം സ്വീകരിക്കുകയും മഹാരാജാവുതിരുമനസ്സിലെ ഉചിതജ്ഞതയെ ശ്ലാഘിച്ചു് വിവരം തെരിയപ്പെടുത്തുകയും ചെയ്തു. ഈ ജൂബിലിസുദിനത്തെ സദാസ്മരിക്കത്തക്കവണ്ണം ഫൗണ്ടൻ രണ്ടു തിരുവെഴുത്തു വിളംബരങ്ങൾ പ്രസിദ്ധം ചെയ്യപ്പെട്ടു. ഒന്നു് ഫൗണ്ടൻമാണ്ടിനു മുമ്പുള്ള സർക്കാർ പാട്ടവസ്തുക്കൾക്കു് പാട്ടഫീസു നിറുത്തിയിരിക്കുന്നുവെന്നും, മറെറാന്നു്, വെള്ളൊലയാധാരങ്ങൾക്കു് കരണപ്പിഴ നിറുത്തൽ ചെയ്തിരിക്കുന്നുവെന്നും ആയിരുന്നു. ഇതുകളെല്ലാം മഹാരാജാവു

തിരുമനസ്സിലേക്ക് ബ്രിട്ടീഷ് ഗവണ്മെൻറിൽ നിന്നുള്ള പ്രതിപത്തിവിശേഷത്തെ പ്രദർശിപ്പിക്കുന്നു.

൧൯൨൨-ാമാണ്ടു മേടമാസത്തിൽ അശ്വതിതിരുനാൾ കൊച്ചുതമ്പുരാൻതിരുമനസ്സിലെ തിരുമേനി അതിഭംഗിയായി നടത്തപ്പെട്ടു. ആ ആണ്ടിൽത്തന്നെ കൊച്ചി ഇളയരാജാവുതിരുമനസ്സിൽനിന്നു് നമ്മുടെ മഹാരാജാവിനെ സന്ദർശിക്കുന്നതിനായി തിരുവനന്തപുരത്തു് എഴുന്നള്ളി. മഹാരാജാവു തിരുമനസ്സുകൊണ്ടു് ആ തിരുമേനിയെ യഥായോഗ്യം സൽക്കരിച്ചയച്ചു. തിരുമനസ്സിലെ ഉപചാരപാത്രരിയെ കൊച്ചി ഇളയരാജാവുതിരുമനസ്സുകൊണ്ടു് കൃതജ്ഞതാപൂർവ്വം അഭിനന്ദിച്ചു. ഈ അഭ്യാഗമനം അവരുടെ അന്യോന്യസ്നേഹത്തിന്റെ അടിസ്ഥാനത്തെ ഉറപ്പിച്ചു. പിന്നീടു് മഹാരാജാവു് കല്പിച്ചനുവദിച്ചതനുസരിച്ചു് "പബ്ലിക്ക് ലൈബ്രറികമ്മിറ്റി" (പൊതുപ്രസംഗസഭ) സ്ഥാപിക്കപ്പെട്ടു. ഇതിൽ മലയാളത്തിലും, തമിഴിലും, ഇംഗ്ലീഷിലും പ്രസംഗങ്ങൾ നടത്തുന്ന പ്രസംഗകർത്താക്കന്മാർക്കു് ഇനാം കൊടുക്കുന്നതിനു വ്യവസ്ഥചെയ്തു. ഇതിലേക്കായി ആണ്ടുതോറും ൫൦൦ രൂപാ ചെലവുചെയ്തുവരുന്നു.

൧൯൨൩-ാമാണ്ടു കന്നിമാസത്തിൽ മദ്രാസ്ഗവർണ്ണർ ബഹുമാനപ്പെട്ട ലാർഡ്കാണിമോറാ അവർകൾ തിരുവനന്തപുരത്തു വന്നു് മഹാരാജാവു തിരുമനസ്സിലെ സന്ദർശിച്ചു. ആ സന്ദർഭത്തിൽ സായ്പവർകൾ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി:

"തിരുവിതാംകോട്ടസംസ്ഥാനത്തിനു് നല്ല നൃപന്മാരാൽ രക്ഷിതമായിരിക്കുന്നു എന്നുള്ള ഭാഗ്യം ടീഷ്യു

കാലമായി ഉണ്ടു്. ആ രാജാക്കന്മാരെല്ലാവരും പ്രതിബോധവത്തതയാലും, രാജധർമ്മത്തിലുള്ള ശ്രദ്ധയാലും വിഖ്യാതിയെ പ്രാപിച്ചവരാകുന്നു. ഇപ്പോഴത്തെ മഹാരാജാവു് ഗുണങ്ങളിൽ പൂർവ്വന്മാരെ അതിശയിക്കാൻ സർവ്വഥാ ശ്രമിക്കും എന്നുള്ളതിനു സംശയമില്ല. രാജ്യതന്ത്രവിഷയങ്ങളിൽ മഹാരാജാ ഇതയിടെ അത്യന്തം വിജ്ഞയിയായിരിക്കുന്നുവെന്നു് എനിക്കു നല്ലപോലെ അറിയാം. രാജ്യഭരണവിഷയകമായ ഓരോ ശാഖയുടേയും ചരിത്രത്തേയും നടപ്പിനേയും വായിച്ചറിയുന്നതിനും, സംസ്ഥാനത്തുള്ള അനേകം വിശിഷ്ടസ്ഥാപനങ്ങളെ പ്രത്യക്ഷനോക്കുന്നതിനും കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കിടയിൽ എനിക്കു് അവസരം ലഭിച്ചിരുന്നു; അവയിൽ മിക്കവയും വർത്തമാനസ്ഥിതിയിൽ ഇരിക്കുന്നുവെന്നു നിങ്ങളോടു പറയുന്നതിനു് ഞാൻ ശക്തനായിരിക്കുന്നു. കഴിഞ്ഞ ഏതാനും കൊല്ലങ്ങൾക്കിടയിൽ സ്വരാജ്യത്തിൽ ക്ഷേമാഭിവൃദ്ധിയുണ്ടായിരുന്നതിനെക്കുറിച്ചു സന്തോഷിക്കുന്നതിനും, സ്വരാജ്യപരിപാലനത്തിൽ വിജയം നേടത്തക്ക അനുഗ്രഹം നൽകിയതിനാൽ സർവ്വശക്തനോടു് കൃതജ്ഞതനായിരിക്കുന്നതിനും മഹാരാജാവിനു കാരണമുണ്ടു്."

(ട്രാവൻക്കൂർ സ്റ്റേറ്റ് മാനുവലിന്റെ മലയാളതർജ്ജിമയിൽ നിന്നു്)

തിരുമനസ്സിലെ ബഹുമാനപ്പെട്ട അതിഥിയായി അദ്ദേഹം രണ്ടു മൂന്നു ദിവസം തിരുവനന്തപുരത്തു താമസിച്ചതിന്റെ ശേഷം, അവിടത്തെ ഗുണാതിശയങ്ങളേയും രാജ്യഭരണവൈദഗ്ദ്ധ്യത്തേയും കണ്ടറിഞ്ഞു സംതൃപ്തനായി തിരിച്ചുപോയി. അദ്ദേഹത്തിന്റെ ആഗമന

സ്മാരകമായി സ്ഥാപിച്ചിക്കപ്പെട്ടിട്ടുള്ളതാകുന്നു തിരുവനന്തപുരത്തു് പാളയത്തിൽ ഇന്നും കാണുന്ന "കോണി മോറാ മാക്കറ്റ്" (കാണിമോറാ വാണിഭസ്ഥലം).

ഫാർഥ്–ാമാണ്ടു മുതൽ ഏർപ്പെടുത്തി നടന്നുവരുന്ന കോട്ടയ്ക്കകം പെൺപള്ളിക്കൂടത്തിൽ പരീക്ഷാമാർഗ്ഗമായി ഈയാണ്ടു തുലാമാസത്തിൽ ഒരു നാമ്മൽക്ലാസ്സ് ഏർപ്പെടുത്തുകയും, പിന്നീടു് അതിനെ സ്ഥിരപ്പെടുത്തുകയും ചെയ്തു. സ്ത്രീകളുടെ ഉൽകൃഷ്ടവിദ്യാഭ്യാസം ഇപ്പോൾ കാണുന്ന പ്രശസ്തമായ സ്ഥിതിയിൽ കൊണ്ടുവന്നതു് ഇപ്രകാരമാകുന്നു. ആധുനികസമ്പ്രദായത്തിൽ ഇദംപ്രഥമമായി ബാലികാപാഠശാല ഉത്ഭവിച്ചതു് കൊല്ലം നൻർ–ാമാണ്ടിടയ്ക്കാണു്. മിസ്സസ് മീഡ് നാഗർകോവിലിൽ ക്രിസ്ത്യാനിവർഗ്ഗത്തിലുള്ള ബാലികമാരുടെ വകയ്ക്കായി തുടങ്ങിയതായിരുന്ന ആ പാഠശാല. അതിനു സമീപകാലത്തുതന്നെ മിഷണറിമാരായ യൂറോപ്യൻസ്ത്രീകൾ ആലപ്പുഴ, കോട്ടയം ഈ സ്ഥലങ്ങളിൽ ഈ രീതിയിൽ പള്ളിക്കൂടങ്ങൾ ആരംഭിച്ചു. ഗവർമ്മെൻറും ഈ വിഷയത്തിൽ ഒന്നാമതായി പ്രവേശിച്ചതു് ഫാർ–ാമാണ്ടായിരുന്നു. തിരുവനന്തപുരത്തു പാളയത്തിൽ ഉണ്ടായിരുന്ന ഒരു ഇംഗ്ലീഷ് വിദ്യാലയത്തെ സർക്കാർവകയായി എടുത്തു് ഒരു യൂറോപ്യൻസ്ത്രീയെ അതിലെ ഒന്നാംപാഠ്യാരായി നിയമിച്ചു. ഈയാണ്ടിൽ (ഫാന്നു–ൽ) ഇതിനെ ഹൈസ്കൂളാക്കി. മഹാരാജാവു തിരുമനസ്സുകൊണ്ടു് സിംഹാസനാരോഹണം ചെയ്തതിന്റെ ശേഷം ആദ്യത്തെ മുറജപം ഈയാണ്ടു് വൃശ്ചിക-

മാസത്തിൽ പതിവുപോലെ ഭണ്ഡിയായി ആഘോഷിക്കപ്പെട്ടു.

ഇൻഡ്യയിലെ പ്രസിദ്ധപ്പെട്ട തുറമുഖവും കച്ചവടസ്ഥലവുമായ 'ബാംബേ' എന്ന രമണീയനഗരം കാണണമെന്ന തിരുമനസ്സിലേക്ക് അഭിലാഷമുണ്ടായി. അതിനാൽ ലക്ഷദീപാനന്തരം മകരമാസത്തിൽ തിരുമനസ്സുകൊണ്ട് ചില പ്രധാനോദ്യോഗസ്ഥന്മാരോടുകൂടി ബാംബേയ്ക്ക് എഴുന്നള്ളി. ഇതു് കിഴക്കൻവഴിക്കായിരുന്നു. വഴിക്കു് പാണ്ടിച്ചേരിയേയും പൂനയേയും സന്ദർശിച്ചു. ബാംബേയിൽ എഴുന്നള്ളിത്താമസിച്ചിരുന്ന സമയം അവിടത്തെ ഗവണ്മെന്റായ ബഹുമാനപ്പെട്ട ലാർഡ് റീ അവർകളെ മാത്രമല്ല, ചക്രവർത്തിനീപുത്രനായ കോണാട്ടുപ്രഭുവിനേയും പ്രഭ്വിയേയും, മൈസൂർ മഹാരാജാവിനേയും കണ്ടു് അവരുടെ സഖ്യവും പരിചയവും സമ്പാദിച്ചു. പതിനഞ്ചുദിവസത്തോളം അവിടെ താമസിച്ചിട്ടു് തിരുമനസ്സിൽ നിന്നു് തിരിയെ എഴുന്നള്ളി. തിരിച്ചെഴുന്നള്ളത്തിൽ കല്പിച്ചു് മദ്രാസ്ഗവണ്മെന്റവർകളുടെ സൽക്കാരവും സ്വീകരിച്ചു് ചെറുവണ്ണൂർമാർഗ്ഗം മീനമാസത്തിൽ തിരുവനന്തപുരത്തു വന്നുചേർന്നു. അനന്തരം "നിയമനിർമ്മിതിസഭ" ഏർപ്പെടുത്തപ്പെട്ടു. ജനങ്ങളുടെ അഭിപ്രായം കൂടി അറിയാതെ നിയമം നിർമ്മിച്ചു നടപ്പിൽ വരുത്തുന്നതു് പരിഷ്കൃതരാജ്യഭരണസ്ഥിതിക്കു് തക്കതല്ലെന്നു കാണുകകൊണ്ടാണു് ഇങ്ങനെ ഒരു സഭ ഏർപ്പെടുത്തുന്നതിനു സന്നദ്ധതിയായതു്. ജനങ്ങൾക്കു ക്ഷേമകരങ്ങളും, രാജ്യഭരണത്തിനു സൌകര്യപ്രദങ്ങളുമായ അനേകം നിയമങ്ങൾ ഇതിൽ നിന്നു പുറപ്പെട്ടുകൊ

ണ്ടിരിക്കുന്നു. ൧൦൯൨–ലെ ൨–൦൦൧൫ലോഷൻപ്രകാര മാണു് ഈ സഭ ഏർപ്പെടുത്തപ്പെട്ടതു്. ഇതു് ആ ആണ്ടു് മീനമാസം ൧൮–൦൦തീയതി മുതൽ നടപ്പായി. ഇതു കൂടാതെ ഈയാണ്ടിൽ അനേകം നിയമാവലികളും ഉണ്ടായിട്ടുണ്ടു്.

൧൦൯൫–൦മാണ്ടു ചിങ്ങമാസം ൨–൦തീയതി നിയമ നിർമ്മിതിസഭയുടെ ഒന്നാമത്തെ യോഗം ഹജൂർകച്ചേ രിയിൽ വച്ചു നടന്നു. ആയാണ്ടിൽത്തന്നെ ചക്രവർത്തിനി തിരുമനസ്സുകൊണ്ടു് മഹാരാജാവു തിരുമനസ്സിലേക്കു് ജി. സി. ൟസ്. ഐ. (ഗ്രൈറ്റ് ഗ്രാൻഡ് കമാൻഡർ ആഫ് ദി മോസ്റ്റ് എക്സാൾട്ടെഡ് ആർഡർ ആഫ് ദി സ്റ്റാർ ആഫ് ഇൻഡ്യാ) എന്ന സ്ഥാനപ്പേർ നൽകി. തത്സംബന്ധമായ സ്ഥാനമുദ്രകളെ സ്വീകരിക്കുന്നതി നായി തിരുമനസ്സിൽ നിന്നു് വൃശ്ചികമാസത്തിൽ മദ്രാ സ്സിലേക്കു് എഴുന്നള്ളി. കല്പിച്ചു് ക്ഷേമത്തോടുകൂടി ധനു മാസത്തിൽ തിരുവനന്തപുരത്തു തിരിയെ എഴുന്നള്ള കയും ചെയ്തു. അതിന്റെ ശേഷം,

"തണ്ടാർമാതിൻകരാംഭോരുഹലസിതസിതാം–
ഭോജമാധ്വീവിലാസം
പൂണ്ടീടും സംസ്കൃതത്തിൻമധുരിമയറിയാ–
തെന്തു വിദ്യാഭിവൃദ്ധി?"

എന്നുള്ള അഭിജ്ഞാവചനത്തെ അടിസ്ഥാനമാക്കി തിരു വനന്തപുരത്തു് ഒരു സംസ്കൃതപാഠശാല സ്ഥാപിക്കു ന്നതിനു കല്പിച്ചു് ആജ്ഞാപിച്ചു. ഇതു തിരുമനസ്സി

ലേക്കു് ആ ആയുർഭാഷയോടുള്ള പ്രത്യേകപ്രതിപത്തിയെ പ്രദർശിപ്പിക്കുന്നു.

വിശാഖംതിരുനാൾ തിരുമനസ്സിലെ കാലത്തു് ഗവർമ്മെൻറിൽ നിന്നു് തിരുവനന്തപുരത്തു് ഒരു ഔഷധവേലയാഫീസു് സ്ഥാപിക്കപ്പെട്ടിരുന്നു. നാട്ടിലുള്ള തൊഴിലുകളേയും വ്യവസായങ്ങളേയും പരിപോഷിപ്പിച്ചു് വർദ്ധിപ്പിക്കുന്നതിനു് ഈയാണ്ടിൽ അതിനെ സർക്കാർവക ഒരു കലാമന്ദിരമാക്കി. ഇതിനു് ഇപ്പോൾ പ്രസിദ്ധിയിലിരിക്കുന്ന "കരകൌശലശാല" (സ്കൂൾ ആഫ് ആർട്ടു്സു്). ഇതിൽ ഇപ്പോൾ ചിത്രമെഴുത്തു്, കൊത്തുപണി, പൂപ്പെട്ടി ഓടു് മുതലായ മൺപണി, ഫോട്ടോഗ്രാഫി, കമ്പിളി മുതലായവയുടെ നെയ്ത്തു് എന്നിങ്ങനെയുള്ള തൊഴിലുകൾ പഠിപ്പിച്ചുവരുന്നു. കലാഭ്യാസത്തിലും ഈ സംസ്ഥാനം ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു് പ്രശംസനീയമായ നിലയിൽത്തന്നെ ഇരിക്കുന്നു. ഈയാണ്ടിൽ അഞ്ചൽവകുപ്പു പരിഷ്കരിച്ചു് സ്റ്റാമ്പുകളും കാർഡുകളും ഏർപ്പെടുത്തി. പിന്നീടു് അഷ്ടാംഗഹൃദയചികിത്സയിൽ നാട്ടുകാർക്കു തൃപ്തിയും വിശ്വാസവും ഉണ്ടെന്നു കണ്ടു് ഒരു രാജകീയവൈദ്യശാല തിരുവനന്തപുരത്തു സ്ഥാപിക്കപ്പെട്ടു. പുറമേയുള്ള സ്ഥലങ്ങളിലെ നാട്ടുവൈദ്യശാലകൾക്കു് ഗ്രാൻറു് ഏർപ്പെടുത്തി.

ഫാസ്റ്റു—ാമാണ്ടു് ചിങ്ങമാസത്തിൽ ഉത്രാടംതിരുനാൾ തിരുമനസ്സുകൊണ്ടു് നാടുനീങ്ങി. ധനുമാസത്തിൽ ചക്രവർത്തിനിതിരുമനസ്സിലെ പൌത്രനായ ആൽബർട്ടു് വിക്ടർ രാജകുമാരൻ ഇൻഡ്യയിലെ പല സ്ഥല

ങ്ങളും സന്ദർശിച്ചുവരുന്നവഴി ആസ്ട്രേലിയാവിനു സമീപമുള്ള മലകളിൽ വേട്ടയ്ക്കായി എഴുന്നള്ളി. ഇംഗ്ലണ്ടിലെ രാജകുടുംബത്തിലെ ഒരംഗവും ഇതിനുമുമ്പു് തിരുവിതാംകൂറിനെ സന്ദർശിച്ചിട്ടില്ല. അപ്രകാരമുള്ള ഒരു അതിഥിയെ സൽക്കരിക്കുന്നതിനുള്ള ബഹുമാനവും ഭാഗധേയവും ഈ മഹാരാജാവു തിരുമനസ്സിലേക്കു മാത്രമേ ലഭിച്ചുള്ളു എന്നുള്ള പരമാർത്ഥം പ്രത്യേകം പ്രസ്താവ്യമാണു്. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അവകാശിയും ഭാവിയാസകനുമായ ആ രാജകുമാരനെ മഹാരാജാവു തിരുമനസ്സുകൊണ്ടു് കുറവാലത്തു റസിഡൻസിയിൽ എഴുന്നള്ളിയാണു സൽക്കരിച്ചതു്. ഈ രാജകുമാരന്റെ ദേഹരക്ഷാർത്ഥം തിരുമനസ്സുകൊണ്ടു് പല മുൻകരുതലുകളും ചെയ്യിച്ചിരുന്നു. മിഥസ്സംഭാഷണംകൊണ്ടു് തിരുമനസ്സിലെ മഹിമയേറിയ യോഗ്യതകളെ ഈ രാജകുമാരൻ നല്ലപോലെ മനസ്സിലാക്കുകയും, ഉചിതജ്ഞതയെ അവ്യാജമായി അഭിനന്ദിക്കുകയും ചെയ്തു. കല്പിച്ചു് രാജകുമാരനു് സ്വദേശീയർ പണി ചെയ്ത വിചിത്രതരങ്ങളായ പലതരം സാമാനങ്ങൾ സമ്മാനിച്ചു. അതിനുശേഷം ഈ തിരുമേനികളും അത്യന്തം തൃപ്തിമാനസന്മാരായി തമ്മിൽപ്പിരിഞ്ഞു. ഈ സംഭവം തിരുമനസ്സിലെ ജീവചരിത്രത്തിൽ സർവ്വഥാ സുസ്മരണീയമായ ഒരു ഉൽകൃഷ്ടസ്ഥാനത്തെ അഹ്നിക്കുന്നു എന്നുള്ളതു് നിർവ്വിവാദമാണു്.

ഈയാണ്ടു മകരമാസത്തിൽ തിരുമനസ്സുകൊണ്ടു് ഉത്തരയിൻഡ്യയിലേക്കു് എഴുന്നള്ളി. അവിടുന്നു് കാശിയിലെത്തി ഗംഗാസ്നാനം, വിശ്വനാഥദർശനം മുതലായ

പുണ്യകർമ്മങ്ങളം അനുഷ്ഠിച്ചു. അവിടെനിന്നു തിരുമനസ്സു കൊണ്ടു് കല്ക്കത്തയ്ക്കു് എഴുന്നള്ളി; അവിടെവച്ചു് തിരുമനസ്സിൽനിന്നു് വൈസ്രായിയും ഗവണ്ണർജനറലുമായ ലാൻഡ്സ്ഡൌൺപ്രഭുഅവർകളെ സന്ദർശിച്ചു. മഹാരാജാവുമായുണ്ടായ സംഭാഷണത്തിൽ വൈസ്രായി അവർകളം തിരുമനസ്സിനെ വളരെ അഭിനന്ദിച്ചു. അനന്തരം ഡൽഹി, ആഗ്ര മുതലായി ഉത്തരയിൻഡ്യയിലുള്ള പ്രധാനപ്പെട്ട സ്ഥലങ്ങളെല്ലാം അവിടുന്നു തൃക്കൺപാർത്തു. തിരുമനസ്സിലേക്കു സിദ്ധിച്ചിട്ടുള്ള സൂക്ഷ്മഗ്രാഹമായ ബുദ്ധിവികാസത്തിനും അകൈതവമായ മനഃപരിഷ്കാരത്തിനും പ്രധാനകാരണം, ഈ വിധമുള്ള ദേശസഞ്ചാരംകൊണ്ടുണ്ടായ പല രാജ്യഭരണതന്ത്രജ്ഞന്മാരുടെയും നാനാശാസ്ത്രപണ്ഡിതന്മാരുടെയും പരിചയപരിപാകലാഭം തന്നെ എന്നുള്ളതിനു പക്ഷാന്തരമില്ല. ഇങ്ങനെ അനേകം വിശിഷ്ടക്ഷേത്രങ്ങളേയും തീർത്ഥങ്ങളേയും സന്ദർശിച്ചു് പരമസാത്വികനായ തിരുമനസ്സുകൊണ്ടു് സൗഖ്യമായി തിരിയെ എഴുന്നള്ളി.

ആ ആണ്ടിൽത്തന്നെ ഹൈക്കോടതി പരിഷ്കരിക്കപ്പെട്ടു. മദ്രാസ് മെഡിക്കൽകാളേജിൽ വൈദ്യശാസ്ത്രം പഠിച്ചു് വിജയം പ്രാപിച്ചിട്ടുള്ളവരെ ഇവിടത്തെ മെഡിക്കൽഡിപ്പാർട്ട്മെൻറിൽ നിയമിക്കണമെന്നു് വ്യവസ്ഥ ചെയ്തു. ആ വകുപ്പിനു് ക്രമേണ മുതൽ അനുവദിച്ചു. കമ്പൗണ്ടർക്ലാസ്സു് ഏർപ്പെടുത്തി. വനശാസ്ത്രം പഠിച്ചിട്ടുള്ളവരെ വനംവകുപ്പിലേക്കു നിയമിച്ചു് ആ വകുപ്പു പരിഷ്കരിച്ചു. ഒട്ടു വളരെ വിദ്യാലയങ്ങളം,

കച്ചേരികൾ, ആസ്പത്രികൾ ഇവ പണികഴിപ്പിച്ചു. തിരുനൽവേലിയിൽ നിന്നും കൊല്ലത്തേക്ക് തീവണ്ടിപ്പാത നീട്ടുന്നതിനു് തെക്കൻഇൻഡ്യാ റെയിൽവേകമ്പനിക്കാരുമായി ഉടമ്പടി നടത്തി.

൧൦൯൯–ാമാണ്ടു തുലാമാസത്തിൽ തിരുമനസ്സു കൊണ്ടു് രാമേശ്വരത്തു് എഴുന്നള്ളി സേതുസ്നാനം കഴിച്ചു് ധനുമാസത്തിൽ തിരിയെ എഴുന്നള്ളി. കുംഭമാസം ൧൪–ാംതീയതി ബ്രിട്ടീഷ്രീതിയനുസരിച്ചു് ഈ രാജ്യത്തും ജനസങ്ഖ്യക്കണക്കു് എടുത്തു. ഈ സംസ്ഥാനത്തിൽ ആദ്യം ജനസങ്ഖ്യക്കണക്കു് എടുത്തതു് കൊല്ലം ൯൯–ാമാണ്ടായിരുന്നു. അന്നു് ഈ സംസ്ഥാനത്തിൽ ൯൦൩,൫൫൬ പേർ ഉണ്ടായിരുന്നു. അനന്തരം ൧൦൧൧–ാമാണ്ടത്തെ ജനസങ്ഖ്യയിൽ ൧൫,൬൦,൩൩൮ പേരും, ൧൦൨൯–ാമാണ്ടത്തെ ജനസങ്ഖ്യയിൽ ൧൬,൩൫,൩൪൯ പേരും ഉണ്ടായിരുന്ന പ്രകാരം അറിയുന്നു. ൧൦൪൦ മേടം ൨൯–ാംതീയതി എടുത്തതാണു് ശരിയായ കണക്കു്. ൧൦൪൩ കുംഭം ൨൮–ാംതീയതിയും ജനസങ്ഖ്യ എടുത്തിട്ടുണ്ടു്.

൧൦൩൩–ാമാണ്ടുതന്നെ ആശ്വതിതിരുനാൾ മാത്താണ്ഡവമ്മ കൊച്ചുതമ്പുരാൻ ബി. എ. പരീക്ഷയിൽ ജയിച്ചു. ഈ തിരുമനസ്സിലേക്കു് ശൈശവം മുതൽ പഠിത്തത്തിൽ അത്യന്തം ശ്രദ്ധയുണ്ടായിരുന്നുവെന്നു് ഈ വിജയം പ്രത്യക്ഷപ്പെടുത്തുന്നു. ഇൻഡ്യാമഹാരാജ്യത്തിലെ രാജകുമാരന്മാരിൽ ഒന്നാമതായി സർവ്വകലാശാലയിലെ ഉൽക്കൃഷ്ടപരീക്ഷയിൽ സർവ്വഥാ ശ്ലാഘനീയമായ

വിജയം നേടിയതു് തിരുവിതാംകൂർ രാജവംശത്തിലെ ഒരു രാജകുമാരൻ തന്നെ ആയിരുന്നു. തന്നിമിത്തം ഇൻഡ്യയിലെന്നല്ല പുറമേയുമുള്ള അനേകം മാന്യന്മാരുടെ ശ്ലാഘയ്ക്കു് ഈ കൊച്ചുതമ്പുരാൻ കാരണഭൂതനായി. ഈ സന്തോഷവർത്തമാനം മഹാരാജാവു തിരുമനസ്സുകൊണ്ടു് അറിഞ്ഞു് അവിടുത്തെ പ്രിയഭാഗിനേയനു് രണ്ടു വജ്രകുണ്ഡലവും, വിലയേറിയ അനേകം ഗ്രന്ഥങ്ങളും, മറ്റു പലവിധം വിശേഷസാമാനങ്ങളും പാരിതോഷികങ്ങളായി നൽകി.

ഫ്രാന്സു—ാമാണ്ടു മേടമാസം ഫർ—ാംതീയതി മഹാരാജാവു തിരുമനസ്സിലെ തുലാപുരുഷദാനമഹോത്സവം ഭംഗിയായി അനുഷ്ഠിക്കപ്പെട്ടു. ഈയാണ്ടിൽ ഈ പട്ടണത്തിലും മറ്റും അഗ്നിബാധയുണ്ടായി നഷ്ടം അനുഭവിച്ചു കൂടികൊണ്ടു് പുതുതായി ഭവനങ്ങൾ ഉണ്ടാക്കുന്നതിനു് സർക്കാരിൽനിന്നും സഹായപലിശയ്ക്കു് പണം കടം കൊടുക്കുവാൻ ഏർപ്പാടു ചെയ്തു. പ്രജകളുടെ മേൽ ആ മഹാരാജാവു തിരുമനസ്സിലേക്കുള്ള കാരുണ്യാതിശയം സർവ്വഥാ സുപ്രസിദ്ധമെന്നു് ഈ കൃത്യവും നല്ലപോലെ വെളിവാക്കുന്നു. "ഞാൻ രഞ്ജയതീതി രാജാ" എന്ന ആപ്തവചനത്തിനു് തിരുമനസ്സുകൊണ്ടു് ദൃഷ്ടാന്തഭൂതനായിരുന്നു. ഫ്രാന്സു—ലെ രാജ്യഭരണനിർവ്വഹണത്തിനെ ഭരിവാൻ രാമരായരവർകൾ ഇപ്രകാരം എഴുതി അവസാനിപ്പിച്ചിരിക്കുന്നു:—

"വയോധികത ഹേതുവായി മന്ത്രിപദത്തിനുള്ള ധർമ്മങ്ങളിലും, ചിന്തകളിലും, ഉൽക്കണ്ഠകളിലും നിന്നു

മാറി വിശ്രമസുഖത്തെ അനുഭവിക്കുന്നതിന് ഞാൻ ഇച്ഛിക്കുന്നു. എന്നെ മന്ത്രിയായി നിയമിച്ച മഹാരാജാവിന്റെ ദൃഷ്ടിയിലും നേത്രപത്തിലും ഞാൻ മന്ത്രിയായി അവിടത്തെ സേവിച്ചിരുന്ന അഞ്ചു കൊല്ലക്കാലത്തെ അധികസന്തോഷത്തോടും അഭിമാനത്തോടും കൂടി എന്റെ വിശ്രമദശയിൽ സദാ സ്മരിക്കുന്നതാകുന്നു. ഈ അഞ്ചു വർഷവും പ്രജാക്ഷേമമോൽക്കണ്ണോയുകുതനായ തിരുമനസ്സിലെ പ്രജകൾക്ക് ക്ഷേമകരം അല്ലാത്തതായിരുന്നില്ല എന്ന് ഞാൻ സവിനയം വിശ്വസിക്കുന്നു,''

(സ്റ്റേറ്റ്മാനുവലിന്റെ മലയാളതർജ്ജമയിൽ നിന്ന്)

ഫാസ്റ്റോമാണ്ട് അവസാനത്തിൽ മിസ്റ്റർ രാമരായർ ചരിത്രാർത്ഥനായി ദിവാൻവേല രാജികൊടുത്തു. ആ രാജിയെ മഹാരാജാവു തിരുമനസ്സുകൊണ്ട് അംഗീകരിച്ചു് അദ്ദേഹത്തിനു സന്ദർഭോചിതമായ ഒരു തിരുവെഴുത്തയച്ചു. ഇതിൽ അദ്ദേഹത്തിന്റെ സർവ്വ സാഹായ്യങ്ങളേയും അസാമാന്യമായി അഭിനന്ദിച്ചു പ്രസ്താവിച്ചിരുന്നു.

അദ്ധ്യായം ൧൮.

൧൯൩൨–ാമാണ്ടു ചിങ്ങമാസം ൧–ാംതീയതി സീനിയർ ദിവാൻപേഷ്കാരായിരുന്ന മി: എസ്. ശങ്കരസുബ്ബയ്യരെ ദിവാൻജിയായി നിയമിക്കപ്പെട്ടു. ഉദ്യോഗസ്ഥനായ ഇദ്ദേഹം കണ്ടെഴുത്തുഡിപ്പാർട്ടുമെൻറിൽ അധികൃതനായിരുന്ന സന്ദർഭത്തിലാണ് ഈ ഉന്നതസ്ഥാനം പ്രാപിച്ചതു്. ഇദ്ദേഹം അതിബുദ്ധിമാനും നിഷ്പക്ഷപാതിയും ആയിരുന്നതുകൂടാതെ നിഷ്കാപട്യം, കൃത്യനിഷ്ഠ, സ്വാമിഭക്തി, കാര്യപ്രാപ്തി ഇത്യാദി ഗുണങ്ങൾക്കു വിളനിലമിയും ആയിരുന്നു. ഈ മഹാപുരുഷൻ തിരുവിതാംകൂർഗവണ്മെൻറിൽ അദ്യം ഒരദ്ധ്യാപകനായി നിയമിക്കപ്പെട്ടു. തദനന്തരം ഉത്തരോത്തരം ഉയർന്നു് ജനസമ്മതിയായാവസ്ഥ, രാജ്യഭരണതന്ത്രം എന്നിവയെക്കുറിച്ചു മതിയായ പരിജ്ഞാനം സമ്പാദിച്ചു. ഇപ്രകാരമായിരുന്ന ഇദ്ദേഹം ഈ ഉപരിസ്ഥാനത്തെത്തിയതു്.

ഈയാണ്ടിലെ മുഖ്യസംഭവം മദ്രാസ്ഗവർണർ വെൻലാക്ക്പ്രഭുഅവർകളും പത്നിയും തിരുവനന്തപുരം സന്ദർശിച്ചതായിരുന്നു. അവരെ തിരുമനസ്സുകൊണ്ടു് യഥായോഗ്യം സൽക്കരിച്ചു. ഈയാണ്ടിൽ മി. ഹാനിങ്ടൻ വേല വിട്ടുപോകയാൽ മി. ഗ്രിഗ് റസിഡന്റായി നിയമിക്കപ്പെട്ടു. ഈ സായ്വർകൾ മദ്രാസിൽ വിദ്യാഭ്യാസഡയറക്ടറരായിരുന്നു. ദിവാൻജി അവർകളും ഏറിയ കാലം വിദ്യാഭ്യാസവകുപ്പിലിരുന്നു പരിശീലിച്ചിട്ടുള്ള മഹാനുഭാവനായിരുന്നതിനാൽ, അന്യോ

ന്യം യോജിച്ചു് ആലോചന നടത്തി ആ വകുപ്പു പരിഷ്കരിച്ചു. വെൽലാക്ക്പ്രഭ അവർകളും പത്നീസമേതം തിരിയെപ്പോയ ശേഷം മദ്രാസിലെ സേനാപതി സർ ജേംസ് ഡാർമാർ സായ്പും, പിന്നീടു് പുതുക്കോട്ട രാജാവും തിരുവനന്തപുരത്തു വന്നു. അവരേയും മഹാരാജാവു തിരുമനസ്സിൽ നിന്നു് യഥോചിതം സല്ക്കരിച്ചു. ഇവർ മഹാരാജാവിനേയും, തിരുമനസ്സിലെ രാജ്യഭരണരീതിയേയും കുറിച്ചു് സ്തുത്യർഹമായും സന്തർഭോചിതമായും പ്രസംഗിച്ചു. അനന്തരം സന്തുഷ്ടന്മാരായി അവർ സ്വസ്ഥാനങ്ങളിലേക്കു മടങ്ങി. ധനുമാസത്തിൽ തിരുമനസ്സുകൊണ്ടു മദ്രാസിൽ എഴുന്നള്ളി ഗവണ്ണർ അവർകളെ പ്രതിസന്ദർശിച്ചു. ഈയാണ്ടിൽ കോതയാറ്റിൽ പേച്ചിപ്പാറ എന്ന സ്ഥലത്തു് ഒരു അണ കെട്ടി ജലം ശേഖരിച്ചു വച്ചു് തെക്കൻതിരുവിതാംകൂറിലെ കൃഷിക്കു് ഉപയോഗപ്പെടുത്തുവാൻ വേണ്ട പണികൾ ആരംഭിക്കപ്പെട്ടു.

ഫ്രാൻസുമാണ്ടു കന്നിമാസം നാലാംതീയതി ധീമതിയായ റാണി പാർവ്വതീഭായി ആറിങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു് രണ്ടാമത്തെ തിരുവയസ്സിൽ നാടുനീങ്ങി. ഈ സംഭവം രാജകുടുംബത്തേയും പ്രജകളേയും നന്നായി വ്യസനിപ്പിച്ചു. അനന്തരം പതിവുപോലെ ഈയാണ്ടിൽ മുറജപം നടത്തപ്പെട്ടു. അതിനുശേഷം പട്ടണങ്ങളം ശുചീകരിക്കുന്നതിനു് ചട്ടങ്ങളം ഉണ്ടാക്കി. ഇതാണു് ഫ്രാൻസുലെ നാലാംറ്റലേഷൻ. ഇതു് ആയാണ്ടു മകരമാസം ഏഴാംതീയതി

നടപ്പായി. ഈ റഗുലേഷൻ അനുസരിച്ച് തിരുവനന്തപുരം, നാഗർകോവിൽ, കൊല്ലം, ആലപ്പുഴ, കോട്ടയം ഈ സ്ഥലങ്ങളെ പട്ടണങ്ങളാക്കി. അവിടെയെല്ലാം പട്ടണപരിഷ്കരണക്കമ്മിറ്റികം (ടൌൺ ഇംപ്രൂവ് മെൻറുകമ്മിറ്റികം) ഏർപ്പെടുത്തി. ഈ പ്രദേശങ്ങളിലെ ജനനമരണക്കണക്കു ശരിയായി എടുത്തുവയ്ക്കുന്നതിനു വ്യവസ്ഥ ചെയ്തു. ആ മകരമാസത്തിൽത്തന്നെ മഹാരാജാവു തിരുമനസ്സിലെ പദ്മഗർഭമഹോത്സവവും ആഘോഷിക്കപ്പെട്ടു. ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിൽ സപ്തസ്ഥാനത്തിലും വെള്ളിയിലുമുള്ള വാഹനങ്ങളും അഴിച്ചു പണികഴിപ്പിച്ചു. പ്രേക്ഷകന്മാരുടെ നയനങ്ങൾക്കു സാഫല്യം സിദ്ധിക്കുമാറു് അതിരമണീയമായ വിധത്തിൽ "ശ്രീകൃഷ്ണവിലാസം" കൊട്ടാരം പണിയിച്ചു് തിരുമനസ്സുകൊണ്ടു് അതിൽ അധിവാസമുറപ്പിച്ചു. ഈയാണ്ടിൽ ബാലന്മാരായ കുറക്കാരെ സദ്വൃത്തന്മാരാക്കുന്നതിനു് ഒരു 'ദുർഗുണപരിഹാരപാഠശാല' (റിഫർമേറ്ററി) സ്ഥാപിതമായി.

൧൦൭൰൩മാണ്ടു ചിങ്ങമാസത്തിൽ ശരീരസൌഖ്യം പ്രമാണിച്ചു് മഹാരാജാവു തിരുമനസ്സുകൊണ്ടു് കന്യാകുമാരി മുതലായ സ്ഥലങ്ങളിൽ എഴുന്നള്ളി. അയാണ്ടിൽ ബി. എൽ. പരീക്ഷയെസ്സംബന്ധിച്ച ചട്ടങ്ങളിലുണ്ടായ ഭേദഗതിയനുസരിച്ചു് തിരുവനന്തപുരത്തു് പ്രത്യേകം ഒരു "ലാകാളേജു്" സ്ഥാപിതമായി. ഇപ്പോഴും ഈ കാളേജിൽ ബി. എൽ. പരീക്ഷയ്ക്കും, ഈ സംസ്ഥാനത്തിലെ വക്കീൽപ്പരീക്ഷയ്ക്കും വിദ്യാർത്ഥികളെ പഠിപ്പിച്ചു

വരുന്നു. ഫാർ൦—൩മാണ്ടു് തിരുവനന്തപുരത്തു് ഒരു "ലാക്ലാസ്സു്" ഏർപ്പെടുത്തിയിരുന്നു. പ്രഷ്ക്കാരായിരുന്ന മി: സി. പച്ചപ്പനായ്ക്കർ ആയിരുന്ന അതിൽ ആദ്യത്തെ അദ്ധ്യാപകൻ. ഫാ൫൦—൩മാണ്ടു് ബി. എൽ. പരീക്ഷയ്ക്കു് ഒരു ക്ലാസ്സു് ആരംഭിക്കപ്പെട്ടു. ഇതിൽ രണ്ടു കൊല്ലം പഠിക്കുന്നവർക്കു് മുൻസിഫ്കോടതി വക്കീലന്മാരായി വ്യവഹരിക്കാമെന്നു് ഫാന്യ൨—ൽ ഹൈക്കോടതി തീർച്ചു ചെയ്തു. ഇതുതന്നെയാണു് ലാകാളേജായി പരിണമിച്ചതു്. ഇതിനെ പിന്നീടു് മഹാരാജാസ്കാളേജു് പ്രിൻസിപ്പാലിന്റെ ഭരണത്തിൽ നിന്നു വിടുത്തി ഒരു യൂറോപ്യൻ പ്രിൻസിപ്പാലിന്റെ അദ്ധ്യക്ഷതയിലാക്കി. തിരുവനന്തപുരത്തെ ഇങ്ഗ്ലീഷ്പള്ളിക്കൂടത്തെ കാളേജാക്കിയതു് ഫാർ൨—൩മാണ്ടായിരുന്നു. ഫാർ൪—ലാണു് അതിൽ ബി. ഏ. ക്ലാസ്സു് ഏർപ്പെടുത്തപ്പെട്ടതു്.

ഫാ൫൦—ൽ നാട്ടുവൈദ്യശാലകൾക്കു ഗ്രാന്റു കൊടുക്കുന്നതിനും വ്യവസ്ഥചെയ്തു. കരകൗശലശാല പരിഷ്കരിച്ചു. ഈയാണ്ടത്തെ "പാഠശാലാസഹായധനനിയമം" (ഗ്രാന്റ്ഇൻ എയിഡ്സ് കോഡ്) അനുസരിച്ചു് താണനിലയിലുള്ള വർഗ്ഗക്കാരെ പഠിപ്പിക്കുന്ന പള്ളിക്കൂടങ്ങൾക്കു സഹായധനം കൊടുക്കാൻ തീർച്ചയാക്കി. തിരുവനന്തപുരത്തു് ഒരു ഇംഗ്ലീഷ് നാമ്മൽസ്കൂൾ സ്ഥാപിച്ചു. വിദ്യാഭ്യാസവിഷയത്തിൽ തന്നാണ്ടിൽ മൂന്നു ലക്ഷം രൂപാ ചെലവായ വസ്തുത വിചാരിച്ചാൽ തിരുമനസ്സിലെ നേർക്കു് നാം എത്രമാത്രം കൃതജ്ഞതയും ഭക്തിയും ഉള്ളവരായിരിക്കണമെന്നു് പ്രത്യേകിച്ചു പറയേണ്ടതി

ല്ലല്ലോ. അയാണ്ടിൽ റസിഡൻറ് മി: ഗ്രിഗ് പരേത നായി. മിഥുനമാസത്തിൽ മി: താംപ്സൻ റസിഡന്റായി നിയമിക്കപ്പെട്ടുന്നതുവരെ മി: റീസ് കാര്യം വിചാരിച്ചു. ഫ്രൈ–ാമാണ്ട് അരംഭംമുതൽ ഈ സംസ്ഥാനമൊട്ടുക്കു ജനനമരണക്കണക്കുകൾ എടുക്കുന്നതിന് ഫ്രൈ–ാമാണ്ട് ഒടുവിൽ അനുവദിച്ചു.

ഫ്രൈ-ാമാണ്ട് ദേശശുചീകരണം, മസൂരി കീറിവയ്പ്പ്, ജനനമരണക്കണക്ക് ഇവയെസ്സംബന്ധിച്ച് ആവശ്യമുള്ള സംഗതികൾ നടത്തുന്നതിന് ഒരു ഡിപ്പാർട്ട്മെൻറ് ഏർപ്പെടുത്തപ്പെട്ടു. ഇതിന്റെ മേലധികാരിയായി "സാനിട്ടറിക്കമ്മിഷണർ" എന്ന ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു. ഫ്രൈ–ാമാണ്ടിനു മുമ്പ് മസൂരി കീറിവയ്ക്കുന്ന വകയ്ക്ക് പ്രത്യേക ഡിപ്പാർട്ടുമെൻറ് ഇല്ലായിരുന്നു. അതിൽ പിന്നീട് ഒരു ഹെഡ്വാക്സിനേറ്ററും, ഏതാനും വാക്സിനേറ്ററന്മാരും മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവരുടെ മേലാവ് ഡർബാർ ഫിസിഷൻ ആയിരുന്നു. ഡാക്ടർ പഴനിയാണ്ടി അവർകളുടെ വരുതിയിൽ ഫ്രൈ–ൽ മസൂരി കീറിവയ്പിനു ഒരു പ്രത്യേകഡിപ്പാർട്ടുമെൻറ സ്ഥാപിക്കപ്പെട്ടിരുന്നു.

ഫ്രൈ–ാമാണ്ട് ഒരു മാതൃകാകൃഷിത്തോട്ടം ഗവണ്മെൻറിൽനിന്നു സ്ഥാപിച്ചു. ഇതിൽ പുതിയ രീതിയിൽ കൃഷി നടത്തി കാണിച്ചു തുടങ്ങി. ഈ പ്രോത്സാഹനം നിമിത്തം കൃഷിക്കാർ പരിഷ്കൃതസമ്പ്രദായത്തിൽ കൃഷി ചെയ്കയും, തന്മൂലം കൃഷിവ്യവസായം ഉത്തരോത്തരം വർദ്ധിക്കുകയും ചെയ്തുവന്നതു നോക്കുമ്പോൾ പ്രജാപരി

പാലനത്തിൽ തിരുമനസ്സിലെ ഗവണ്മെൻറിനുള്ള അസാധാരണമായ ശ്രദ്ധ നല്ലപോലെ വെളിപ്പെടുന്നു. ആവണക്ക്, നീലം, ചോളം, പരുത്തി, നിലക്കടല മുതലായവ കൃഷിചെയ്യുന്ന സമ്പ്രദായം ഈ നാട്ടിൽ നടപ്പില്ലായിരുന്നു. ഇവ ഈ കൃഷിത്തോപ്പിൽ ഉണ്ടാകുന്ന വിവരം മനസ്സിലാക്കുകയാൽ പുറമേയുള്ള കൃഷിക്കാരിൽ പലരും അവരവരുടെ സ്ഥലങ്ങളിൽ ഇതുകളെ കൃഷി ചെയ്യുതുടങ്ങി. ഈയാണ്ടിൽ പാളയത്തിലുള്ള ഇംഗ്ലീഷ്ബാലികാഹൈസ്കൂളിൽ മിസ്സ് എസ്. ബി. വില്യംസ് എം. എ. ലേഡീപ്രിൻസിപ്പാലായി നിയമിക്കപ്പെട്ടു. വൃശ്ചികമാസത്തിൽ വൈസ്രായി ലാർഡ്എൽജിൻ അവർകളെ സന്ദർശിക്കുന്നതിനായി മഹാരാജാവു തിരുമനസ്സുകൊണ്ട് മദ്രാസ്സിൽ എഴുന്നള്ളി. അനിനിടയ്ക്കു വൃശ്ചികമാസം ൨൰ാംതീയതി യുവരാജാവായ രേവതിതിരുനാൾ കേരളവർമ്മ തിരുമനസ്സുകൊണ്ട് പരമപദം പ്രാപിച്ചു. അതിനാൽ വൈസ്രായിയുടെ സന്ദർശനാഘോഷങ്ങളിൽ തിരുമനസ്സുകൊണ്ട് സന്നിഹിതനായില്ല. ഈ രേവതിതിരുനാൾ തിരുമനസ്സിൽ നിന്ന് ഒരിക്കൽ ശ്രീപത്മനാഭസ്വാമിക്കു ലക്ഷം രൂപാ (വലിയ) കാണിക്കയിടുകയുണ്ടായി.

൧൮൭൭-മാണ്ട് ഇടവമാസത്തിൽ ഇൻഡ്യാചക്രവർത്തിനിയായ വിക്ടോറിയാമഹാരാജ്ഞി തിരുമനസ്സിലെ "ഡയമൺഡ് (വജ്ര) ജൂബിലി" മഹോത്സവം ഭാരതഖണ്ഡം മുഴുവനും നാനാപ്രകാരേണ ആഘോഷിക്കപ്പെട്ടു. അതനുസരിച്ച് ആ മഹിതാഘോഷം ഈ സം

സ്ഥാനമൊട്ടുക്കും അത്യന്തം മംഗലമായി നടന്നു. ബ്രിട്ടീഷ് സാമ്രാജ്യത്തെയും അതിൽപ്പെട്ട ഭാരതഖണ്ഡത്തെയും ശത്രുക്കളിൽ നിന്നും കാത്തു് സമാധാനം പരിപാലിച്ച വിക്ടോറിയാമഹാരാജ്ഞി തിരുമനസ്സുകൊണ്ടു് രാജ്യഭരണം കൈയേറ്റു് ൫൦ സംവത്സരം പൂർത്തിയായതിന്റെ സ്മാരകമായി നടത്തിയ മംഗളമഹോത്സവമാണു് ഈ ഡയമൺഡ്ജൂബിലി. ഇതു സംബന്ധിച്ചു് വലിയ ക്രൂടിക്കൊഴ്ച, ദീപക്കൊഴ്ച, സകല ജനങ്ങൾക്കും ഭക്ഷണദാനം, വിദ്യാർത്ഥികൾക്കു പലഹാരവിതരണം മുതലായവയും ഭംഗിയായി നടത്തപ്പെട്ടു. ഈ മംഗളകർമ്മത്തിന്റെ സ്മാരകമായി "ഡയമൺഡ്ജൂബിലി ലൈബ്രറി"യും, "വിക്ടോറിയാ ആർഫനേജും" (അനാഥശാല) സ്ഥാപിക്കപ്പെട്ടു. ഇവയ്ക്കു് അസംഖ്യം രൂപാ ചെലവായിട്ടുള്ളതും സർവ്വഥാ സ്മരണീയമാകുന്നു. ഈ ശുഭദിനത്തിൽ പല കുറക്കാരേയും വിടുതൽ ചെയ്കയുണ്ടായി. ഈയാണ്ടിൽ പാളയം ഗേൾസ് ഇംഗ്ലീഷ് സ്കൂളിൽ ഫസ്റ്റ്. എ. ക്ലാസ്സുകൂടി ഏർപ്പെടുത്തപ്പെട്ടു. അതുമുതൽ ഇതു് കാളേജായിത്തീർന്നു. ഇതേവരെ പെൺകുട്ടികൾക്കു് ഏർപ്പെടുത്തിയിരുന്ന സപ്ലിഫീസു് നിറുത്തൽ ചെയ്തു. ഇംഗ്ലീഷു് നാർമ്മൽസ്കൂളിൽ മലയാളപള്ളിക്കൂടം അദ്ധ്യാപകന്മാരെക്കൂടി പഠിപ്പിക്കുന്നതിനു വ്യവസ്ഥയുണ്ടാക്കി. സ്ത്രീകളുടേയും ശിശുക്കളുടേയും വക്കായി ഒരു ആസ്പത്രി സ്ഥാപിക്കപ്പെട്ടു. ഇതിന്റെ അധിനാഥയായി ഇംഗ്ലണ്ടിൽ വൈദ്യശാസ്ത്രം അഭ്യസിച്ചിട്ടുള്ള ഒരു ലേഡീഡാക്ടറെ നിയമിച്ചു.



൧൩൯൨–ാമാണ്ടു് തുലാമാസത്തിൽ മദ്രാസ് ഗവർണ്ണർ സർ–ആർതർ ഹാവലാക്കു് പത്നീസമേതം വന്നു മഹാരാജാവുതിരുമനസ്സിലെ സൽക്കാരം സ്വീകരിച്ചു. ഈ ഗവണ്മെൻറുദ്യോഗസ്ഥർകളും തിരുമനസ്സിലെ രാജ്യഭരണമഹിമയെ അനുമോദിച്ചു. ഇദ്ദേഹത്തെ പ്രതിസന്ദർശിക്കുന്നതിനായി മകരമാസത്തിൽ തിരുമനസ്സുകൊണ്ടു മദ്രാസിലേക്കു് എഴുന്നള്ളി. ഈയാണ്ടിൽ കുഷ്ഠരോഗികൾക്കു പ്രത്യേകമായ ഒരു ആതുരശാല സ്ഥാപിച്ചു. കൃഷിയെ പരിഷ്കരിക്കുന്നതിനായി ഒരു കൃഷിത്തോട്ടം ഏർപ്പെടുത്തപ്പെട്ടു. യൂറോപ്പിൽ പോയി വൈദ്യം അഭ്യസിക്കുന്നതിനു് സ്കോളർഷിപ്പുകൾ വ്യവസ്ഥാപിച്ചു. ആസ്പത്രികൾക്കും ഡിസ്പെൻസറികൾക്കും ഗ്രാൻറു് അനുവദിക്കുവാൻ ഏർപ്പാടുചെയ്തു. ക്രൂതലായി പട്ടണപരിഷ്കരണക്കമ്മിറ്റികൾ ഏർപ്പെടുത്തി. രജിസ്ട്രേഷൻവകുപ്പും, ജയിലും, വനംവകുഡിപ്പാർട്ടുമെൻറും പരിഷ്കരിച്ചു. ആണ്ടുതോറും പുരാവൽവസ്തുക്കൾ കണ്ടെഴുതി കരം കൂട്ടിവന്ന വ്യവസ്ഥ നിറുത്തി. പബ്ലിക്കുവർക്സ് ഡിപ്പാർട്ടുമെൻറിൽ മദ്രാസിലെ കണക്കുരീതി നടപ്പാക്കപ്പെട്ടു. താണജാതിക്കാരുടെ വിദ്യാഭ്യാസത്തിനു് പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തി ഗ്രാൻറു് അനുവദിച്ചു. ൧൩൯൨–ാമാണ്ടു് ഗവണ്മെൻറുജീവനക്കാർക്കു രക്ഷാഭോഗമേർപ്പാടു് ആരംഭിച്ചു. ഉത്സവം, വഴിയാട്ടു് എന്നിവ പ്രമാണിച്ചു് വിരുത്തിക്കാർ ദേവസ്വങ്ങൾക്കും ഊട്ടുപുരകൾക്കും കോട്ടുകൾ ഏൽപ്പിക്കണമെന്നു് ഉണ്ടായിരുന്ന ഏർപ്പാടിനെ ഭേദപ്പെടുത്തി പണമടച്ചാൽ മതിയെന്നു തീർച്ചചെയ്തു. ൧൩൯൨–ാമാണ്ടു മീനമാസം ൧൯–ാംതീയതി

ഫാമൈ—ാമാണ്ടത്തെ ർ—ാംറഗുലേഷൻ നടപ്പാക്കി. ഇത് നിയമനിർമ്മാണസഭയെപ്പറ്റിയുള്ള ചട്ടങ്ങളെ നന്നാക്കുന്നതിനായിരുന്നു. മേടമാസത്തിൽ ദിവാൻ ശങ്കരസുബ്ബയ്യർ ഉദ്യോഗം രാജിവച്ചു. അദ്ദേഹത്തിന് ബ്രിട്ടീഷ് ഗവണ്മെൻറിൽനിന്നു് "സീ. ഐ. ഇ." എന്ന സ്ഥാനം കൊടുത്തു. പിന്നീടു് ഈ മഹാമനസ്കൻ മദ്രാസ് നിയമനിർമ്മാണസഭയിലെ ഒരംഗമായി ചിരകാലം പരിശോഭിച്ചു.

അദ്ധ്യായം ൫.

അനന്തരം, ചീഫ് ജസ്റ്റിസ് ആയിരുന്ന ദിവാൻ ബഹദൂർ കെ. കൃഷ്ണസ്വാമിരായർ ദിവാനായി നിയമിക്കപ്പെട്ടു. ഇദ്ദേഹം മഹാരാജാവു തിരുമനസ്സിലേയും പ്രജകളുടേയും പ്രത്യേകപ്രീതിക്കു സർവ്വഥാ പാത്രീഭവിച്ചു ഒരു ധീമാനായിരുന്നു.

കഴിഞ്ഞ ദിവാൻജിഅവർകളുടെ കാലത്തു് ആരംഭിച്ച ഗ്യാസ് ലൈറ്റ് ഏർപ്പാടു് ഫാർ—ാമാണ്ടു് ആദിയിൽ പട്ടണത്തിൽ കോട്ടയ്ക്കകത്തും മറ്റു പല ഭാഗങ്ങളിലും നടപ്പായി. ഈ മഹാരാജാവുതിരുമനസ്സിലെ രാജ്യഭരണം പ്രശംസനീയമായ വിധത്തിലാണെന്നു് ചക്രവർത്തിനിയായ മഹാരാജ്ഞി തിരുമനസ്സുകൊണ്ടു് അറിയുകയാൽ

അവിടത്തെ അഭിനന്ദിച്ചു് ബഹുമാനസൂചകമായി രണ്ടു് ആചാരവെടി കൂടി കൂട്ടിക്കൊടുത്തു. മുമ്പു് ഫൻ വെടി മാത്രമേ ഉണ്ടായിരുന്നുള്ളു. മഹാരാജാവു തിരുമനസ്സുകൊണ്ടു് രാജ്യത്തിനു പുറമെ എവിടെ എഴുന്നള്ളിയാലും ഈ രണ്ടു ആചാരവെടിയും വയ്ക്കേണ്ടതാണെന്നു് മഹാരാജ്ഞി കല്പിച്ചു് ആജ്ഞാപിച്ചു. ചക്രവത്തിനി തിരുമനസ്സിലെ ബഹുമാനപാത്രമായ ആ നീട്ടു സ്വീകരിക്കുന്നതിനായി ഫാർ—ാമാണ്ടു മകരമാസത്തിൽ ഒരു കൂടിക്കാഴ്ച നടന്നു. ഈ അവസരത്തിൽ മഹാരാജാവു തിരുമനസ്സിലെ രാജ്യഭരണനൈപുണ്യത്തെയും, തിരുമനസ്സിലേയും അഭിനന്ദിച്ചു് വൈസ്രായി എൽജിൻപ്രഭു അവർകൾ ഒരു എഴുത്തയച്ചിരുന്നു. പ്രശാന്തഗംഭീരരമണീയമായ ആ രാജസദസ്സിൽ മഹാരാജാവു തിരുമനസ്സിലെ ശ്ലാഘിച്ചു് റസിഡൻറു് മി. നിക്കൽസൻ സാരസമൃണ്ണവും സരസവും സന്ദർഭോചിതവുമായി പ്രസംഗിക്കയുണ്ടായി. അതു് എല്ലാവരെയും കൗതുകഭരിതഹൃദയരാക്കി. വിദ്യാഭ്യാസത്തെ അഭിവർദ്ധിപ്പിക്കുന്നതിൽ ഈ തിരുമനസ്സിലേക്കുള്ള ആസക്തിയെ അഭിനന്ദിച്ചു് അവിടത്തേക്കു ഗ്രഞ്ജുഗവണ്മെൻറിൽ നിന്നും "അഫിസിയർ ഡിലാ ഇൻസ്ട്രക്ഷൻ പ്പബ്ലിക്ക്" എന്ന സ്ഥാനം നൽകി.

ഫാർ—ാമാണ്ടു് വൃശ്ചികമാസത്തിൽ പതിവുപോലെ, മുറജപം നടന്നു. 'മുറജപം' എന്നാൽ 'മുറ'തോറുമുള്ള ജപം എന്നാകുന്നു. ഒരു 'മുറ' എന്നതു് എട്ടു ദിവസമാണു്. ദിവസം തോറും ഗ്രഗേചദത്തിൽ ഓരോ

അഷ്ടകം പഠനംചെയ്യണമെന്നാണു് ഏട്ടപ്പാട്ടു്. ഇങ്ങനെ ഏഴു് മുറയ്ക്കുള്ള ഒന്പതുദിവസംകൊണ്ടു് ഋഗ്വേദം മുഴുവനും ഋഗ്വേദികർ പാരായണം ചെയ്യണം. അതുപോലെതന്നെ യജുർവേദവും സാമവേദവും തത്തദ്വേദജ്ഞന്മാർ ചൊല്ലേണ്ടതാകുന്നു. ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിലെ മുഖമണ്ഡപത്തിൽ ചെന്നു് കൂടിയിരുന്നു് ദിവസംതോറും പ്രാതഃകാലത്താണു പാരായണം ചെയ്യേണ്ടതു്. മുറജപത്തിന്റെ മുഖ്യാംഗം ഇതുതന്നെ. ഇതു് ആറുകൊല്ലത്തിലൊരിക്കൽ തിരുവനന്തപുരത്തു വച്ചു നടന്നുവരുന്നു. ഈ മഹാസത്രം ശ്രീവീരമാർത്താണ്ഡവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ടാണു് ആദ്യമായി ഏർപ്പെടുത്തിയതു്. ഒരു അയനത്തിന്റെ അവസാനത്തിൽ ഒരു ഭദ്രദീപം ശ്ലോഷിക്കുന്നു. ഒരാണ്ടിൽ രണ്ടു ഭദ്രദീപം വീതം ഈ ഭദ്രദീപം കഴിയുമ്പോൾ ഒരു മുറജപം ഉണ്ടാകുന്നു. മുറജപത്തിന്റെ അവസാനദിനത്തിലാണു് ലക്ഷദീപമഹോത്സവം. ഇങ്ങനെയുള്ള മുറജപം ഭംഗിയായി നടത്തിയ പ്രധാന ജീവനക്കാർക്കു് കണ്ടിച്ചു് യോഗ്യതാനുസരണം പാരിതോഷികങ്ങളും നൽകി.

ഏതൊരു മകരം രണ്ടാംതീയതി രാത്രി തിരുവനന്തപുരത്തും അടുത്ത പ്രദേശങ്ങളിലും ഒരു ഭൂകമ്പം ഉണ്ടായി. തന്നിമിത്തം യാതൊരു ദോഷവും നേരിട്ടില്ലായെന്നു വരികിലും, ഭൂകമ്പദോഷനിവൃത്തിക്കായി തിരുമനസ്സുകൊണ്ടു് ഹോമങ്ങളും ദാനങ്ങളും നടത്തിച്ചു. മുമ്പു് ഇവിടെ ഒരു ഭൂകമ്പമുണ്ടായതു് ഏ.ഡി. 1750 മാണ്ടു് കന്നിമാസം 18-ാം തീയതി ആയിരുന്നു. കണ്ണൻദേവൻമലകളെയും അതുനാട്ടിനെയും സംബന്ധിച്ചു് പൂഞ്ഞാറുതമ്പുരാൻ ദീർഘ

കാലമായി നടത്തിവന്നിരുന്ന അവകാശവാദങ്ങളും ഇയ്യാങ്കിൽ ഒതുക്കപ്പെട്ടു. തിരുനൽവേലിയിൽ നിന്നും കൊല്ലത്തെയ്ക്ക് ആവിവണ്ടിപ്പാത നീട്ടുന്നതിനും ഇയ്യാണ്ടിൽ പണി ആരംഭിച്ചു.

ഫൊന്നെ-ാമാണ്ടു് ചിങ്ങമാസം ഫന്ര-ാംതീയതി ബ്രിട്ടീഷ്ഗവമ്മെൻറിന്റെ അനുമതിയോടുകൂടി മാവേലിക്കര രാജവംശത്തിൽ നിന്നു് അഞ്ചും നാലും തിരുവയസ്സുള്ള സേതുലക്ഷ്മീഭായി, സേതുപാവ്വതീഭായി എന്നു രണ്ടു രാജകുമാരിമാരെ തിരുവിതാംകൂർ രാജകുടുംബത്തിലെ സന്താനങ്ങളായി ക്രമപ്രകാരം ദത്തെടുത്തു. മഹാരാജാവു തിരുമനസ്സിലെ പിൽക്കാലം രാജകുടുംബത്തിൽ വംശവർദ്ധിനികളായ രാജ്ഞിമാർ ഇല്ലാത്തതിനാൽ നടത്തിയ ഈ ദത്തു് ഏഴാമത്തേതായി ഗണിക്കപ്പെട്ടിരിക്കുന്നു. ഇതിലേയ്ക്കുള്ള ബ്രിട്ടീഷ്ഗവമ്മെന്റിന്റെ അനുമതിപ്പത്രത്തെ ക്രൂടിക്കാഴ്ച നടത്തി സ്വീകരിച്ചു. ഈ ക്രൂടിക്കാഴ്ച തെക്കേത്തെരുവുമാളികയിൽവച്ചായിരുന്നു നടന്നതു്. ദത്തെടുത്ത വിവരം പ്രജകളെ അറിയിക്കുന്നതിനു് ഒരു തിരുവെഴുത്തുവിളംബരം പ്രഖ്യാപനം ചെയ്യപ്പെട്ടു. മഹാരാജാവു തിരുമനസ്സിലെ അഭിലാഷംപോലെ ദത്തു നടത്തിയതു് ദിവാൻജിയവർകളുടെ പ്രയത്നംതന്നെയെന്നു് അവിടുന്നു മനസ്സിലാക്കിക്കൊണ്ടു് ദിവാൻജിയവർകൾക്കയച്ച ഒരു തിരുവെഴുത്തിൽ ഈ സംഗതിയെ അഭിനന്ദിച്ചു പ്രസ്താവിച്ചിരുന്നു.

ഇൻഡ്യയിലെ ഗവണ്മെൻറ് ജനറലും വൈസ്രായിയുമായ കർസൺപ്രഭു അവർകളുടെ ദക്ഷിണയിൻഡ്യാ

യാത്രയിൽ അദ്ദേഹത്തെ ഇവിടെ ക്ഷണിച്ചു സൽക്കരിക്കുന്നതിനു് കല്പിച്ചു് ആവശ്യമുള്ള വട്ടങ്ങൾ കൂട്ടിച്ചു. സന്തോഷദായകമായ ഈ അവസരത്തെ പ്രതീക്ഷിച്ചിരിക്കേ, നാട്ടുകാരുടെ ഭാഗ്യദോഷം നിമിത്തം, ഉൽകൃഷ്ട പരീക്ഷാവിജയിയും കൗമാരശ്രീ കലന്ത കോമളാകാരനുമായ മാർത്താണ്ഡവർമ്മ അശ്വതിതിരുനാൾ കൊച്ചുതമ്പുരാൻ തിരുമനസ്സുകൊണ്ടു് ഫാസ്റ്റ കന്നി ൨൪–ാംതീയതി പരലോകം പ്രാപിച്ചു. അവിടുന്നു് മഹാരാജാവു തിരുമനസ്സിലെ പ്രത്യേകസ്നേഹവിശ്വാസങ്ങൾക്കു പാത്രമായിരുന്നു. സർവ്വഗുണസമ്പന്നനും, ആരോഗ്യശാലിയും, വിദ്വാനുമായ ഈ കൊച്ചുതമ്പുരാൻ തിരുമനസ്സിലെ അപ്രാപ്തകാലമൃതി അറിഞ്ഞവരിൽ ആരുംതന്നെ കണ്ണുനീർ പൊഴിക്കാതെയിരുന്നിട്ടില്ല. വിധിയുടെ ഈ കടുംകൈ വളരെ സാഹസമായിപ്പോയിയെന്നു പറയാത്തവരായി ആരെങ്കിലും ഉണ്ടായിരുന്നോയെന്നും സംശയമാണു്. ഭഗ്നാശയനായ മഹാരാജാവു തിരുമനസ്സുകൊണ്ടു് ഇതുപോലെ ഒരു വ്യസനം അനുഭവിച്ചിട്ടില്ലെന്നാണു തോന്നുന്നതു്. വൈസ്രായി അവർകളെ എതിരേൽക്കുന്നതിനു് അവിടുന്നു് ഈ കൊച്ചുതമ്പുരാനെയാണു നിശ്ചയിച്ചിരുന്നതു്. "അന്യഥാ ചിന്തിതം കാര്യം ദൈവമന്യത്ര ചിന്തയേൽ" എന്നു സമാധാനപ്പെടുകയല്ലാതെ എന്താണു ഗത്യന്തരം?

ഫാസ്റ്റ വൃശ്ചികം ന–ാംതീയതി വൈസ്രായി അവർകൾ പത്നീസമേതം തിരുവിതാംകൂർ സന്ദർശിച്ചു. തിരുമനസ്സുകൊണ്ടു് അവരെ യഥോചിതം സൽക്കരിച്ചു.

ഒരു വൈസ്രായി ഈ സംസ്ഥാനത്തെ സന്ദർശിച്ചതു് ഇദംപ്രഥമമായിരുന്നു. കർസൺപ്രഭ അവർകൾ മഹാരാജാവു തിരുമനസ്സിലേയും, അവിടുത്തെ പ്രജാപരിപാലനതൽപ്പരതയേയും മനഃപൂർവ്വം അഭിനന്ദിച്ചു. പ്രഭ അവർകളുടെയും പ്രഭാ അവർകളുടെയും ദീർഘായുരാരോഗ്യത്തെ ആശംസിച്ചു് തിരുമനസ്സുകൊണ്ടു് ഒരു പ്രസംഗം ചെയ്തു. അതു് വളരെ സാരഗർഭവും സന്ദർഭോചിതവും ആയിരുന്നു. തിരുമനസ്സിലെ മുഖത്തുനിന്നു് നയാഗ്രാ നിർഝരംപോലെ വാഗ്വിലാസം കുതിച്ചു പായുന്നതുകണ്ടു് എല്ലാവരും വിസ്മയഭരിതരായി. ഇതിലേക്കു് വൈസ്രായി അവർകളുടെ മറുപടി ഇപ്രകാരമായിരുന്നു:—

"ഞാൻ ഇൻഡ്യയിൽ വന്നതിൽപ്പിന്നീടു് തിരുവിതാംകൂർസംസ്ഥാനത്തെ സന്ദർശിക്കുന്നതിനു് അതിയായ അഭിലാഷം ജനിച്ചിരുന്നു. ഈ നാട്ടിൽ ധാരാളമായുള്ള പ്രകൃതിവിലാസസൌന്ദര്യത്തേയും, പൂവിക സ്ഥിതിയിലുള്ള അനുഭൂതതാത്തേയും, യക്ഷദേശീയമായ മനോജ്ഞതയേയും കുറിച്ചു്, ഞാൻ ചിരകാലമായിട്ടു കേട്ടിരിക്കുന്നു. ത്വാദൃശമായ ഒരു കാഴ്ചയാൽ ആരുതന്നെ വശീകൃതനാവുകയില്ല! ഇവിടെയാകട്ടെ പ്രകൃതിതന്റെ അതിപുഷ്കലങ്ങളായ അനുഗ്രഹങ്ങളെ സമർപ്പിച്ചിരിക്കുന്നു. സൂര്യൻ പ്രകാശിക്കാതിരിക്കുന്നില്ല; വൃഷ്ടിയുചിതകാലം സംഭവിക്കതന്നെ ചെയ്യുന്നു. അനാവൃഷ്ടി എന്ന ഈതിദോഷം അനുഭവസിദ്ധമാകുന്നില്ല. ശാശ്വതമായ ഒരു നല്ല കാലം നാട്ടിനെ പ്രസാദിപ്പിക്കുന്നതാണു്.

ഭൂമി എവിടെയാണോ കൃഷിയോഗ്യമായിരിക്കുന്ന അവിടെ ജനപുഷ്ടി ഉഗ്രതരമല്ല. എവിടെയാണോ വനമോ, തോടോ, കായലോ ഉണ്ടായിരിക്കുന്ന അവിടത്തെക്കാൾ അധിഭൗതികമായ ഭൂവിതാനം മറെറാന്നില്ല. ഇൻഡ്യാ മഹാഖണ്ഡത്തിൽ തുല്യപരിഷ്കാരമുള്ള മറേറതു ഭാഗങ്ങളെക്കാളും അധികകാലം തൻെറ പുരാതനശ്രുതത്തെല്ലും ലുപ്തപ്രായമാക്കാതുള്ള ഒരു ജനസമുദായം പ്രശാന്തരമണീയങ്ങളായ ഈ പ്രകൃതിവിലാസങ്ങളുടെ ഇടയിൽ സ്ഥിതമായിരിക്കുന്നു. ആ ജനസമുദായത്തിലാകട്ടെ മറേറതു നാട്ടരാജ്യത്തിലുമുള്ളതിലുമേറെ ക്രിസ്തീയ ജനസംഖ്യ അടങ്ങിയിരിക്കുന്നു. ആ ജനസമുദായത്തെയാകട്ടെ ജനനത്താലും ചിത്തവൃത്തിയാലും സപ്രജകളോട് ഏകീഭവിച്ചിരിക്കുന്ന ഒരു സ്വദേശജാതരാജപരമ്പര ഭരിച്ചുവരുന്നു. ഇൻഡ്യയിലെ ഒരുപരാജനും തൻെറ ദേശസഞ്ചാരത്തിൽ ഈ സ്ഥലത്തേക്കുള്ള വ്യതിയാനം ചെയ്യാൻ കൗതുകമുണ്ടായിരിക്കതന്നെ ചെയ്യും, നിശ്ചയം. ഏതാളുന്നായ ഒരു ഭൂപാലകനേയും, ഏതാളുമായ ഒരു സംസ്ഥാനത്തേയും ബഹുമാനപൂരണം ചെയ്യുന്നതിന് അയാൾക്ക് സാധുവായ കാരണമുണ്ടെന്നതു നിസ്സംശയമാകുന്നു."

(ഫ്രാൻസ്വ വുശ്ചികം ഫ്രാങ്കീയതിയിലെ കേരളപ്പണം)

ഇപ്രകാരം തിരുവിതാംകൂറിൻെറ പ്രകൃതിവിലാസത്തെയും, ജനസമുദായസ്ഥിതിയേയും സൂക്ഷ്മമായി വർണ്ണിച്ചശേഷം മഹാരാജാവു തിരുമനസ്സിലെക്കുറിച്ച് അദ്ദേഹം പറഞ്ഞുതുടങ്ങി:—

ഇങ്ങനെ പറയാൻ എനിക്ക് ഉത്സാഹവും ശ്രമകരവുമായി ഭവിക്കുന്നതെങ്കിലും അത്രമാത്രം സ്തുതി അടങ്ങിയ ഒരു പ്രസംഗം മുഖേന മഹാരാജാവു തിരുമനസ്സുകൊണ്ട് എന്റെ ആയുരാരോഗ്യത്തെ ആശംസിച്ചിരിക്കുന്നു. എന്റെ ഗുണകോടികളെപ്പറ്റി തദാത്മമായിത്തന്നെ അദ്ദേഹം പരിചിതനായിരിക്കുന്നു എന്നിരിക്കിലും, ഞാനോ അദ്ദേഹത്തിന്റെ ഗുണങ്ങളെ ഒട്ടും കുറയാതെ തന്നെ ഗ്രഹിച്ചിട്ടുണ്ടെന്നുള്ളതിനെ പറയാൻ അദ്ദേഹം എനിക്ക് പക്ഷേ അനുമതി നൽകുകതന്നെ ചെയ്യും. തിരുമനസ്സുകൊണ്ട് കരുണ, അനുകമ്പ, ജാഗ്രത എന്നീ ഗുണങ്ങളുള്ള ഒരു ഭൂപാലകനാണെന്നതു കീർത്തിപ്പെട്ടിരിക്കുന്നു. തിരുമനസ്സിലെ യോഗ്യതാംശങ്ങളെല്ലാം പരീക്ഷിതങ്ങളായിരിക്കുന്നു. പതിനഞ്ചു സംവത്സരം ക്ഷേമാഭിവൃദ്ധമായ രാജ്യപരിപാലനത്താൽ തിരുമനസ്സിലെങ്ങുറച്ചു് സപ്രജകളുടെ വാത്സല്യം തുടരെത്തുടരെ വർദ്ധിച്ചുവരുന്നു. പ്രാചീനാചാരങ്ങളെ അനുഷ്ഠിക്കുന്നതിൽ ശ്രദ്ധയും, അതോടുകൂടിത്തന്നെ നവീനപരിഷ്കാരങ്ങളിൽ പ്രസക്തിയും അദ്ദേഹത്തിൽ സമ്മേളിച്ചിരിക്കുന്നു എന്നതു് ഞാൻ ധരിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ രാജ്യഭാരധുരാവഹതയേയും മറും ഇൻഡ്യാഗവൺമെൻറ് അറിഞ്ഞിട്ടു് അദ്ദേഹത്തിനു് ആചാരവെടിയിൽ പ്രശസ്തമായ കൂടുതൽ ചെയ്തിരിക്കുന്നില്ലയോ?.....ദക്ഷിണയിൻഡ്യാ തീവണ്ടിപ്പാതയെ കൊല്ലത്തേക്കു നീട്ടുന്നതിനുള്ള ആലോചനയെപ്പറ്റി തിരുമനസ്സുകൊണ്ടു സൂചിപ്പിച്ചുവല്ലോ. തന്റെ നാട്ടിനു് ഏറെ ഗുണോൽക്ഷാവഹമായിത്തീരുമെന്നുള്ള ഈ

തരമായ ഈ കായ്യത്തിൽ നാട്ടിലെ ഭണ്ഡാഗാരത്തിൽ നിന്നു് ഏ ലക്ഷം രൂപാ മുൻക്രട്ടി കൊടുത്തു് പ്രോത്സാഹനം ചെയ്തിരിക്കുന്ന എന്നതു വിചാരിച്ചു് ഞാൻ സന്തോഷിക്കുന്നു. രാജ്യത്തിലെ ഭണ്ഡാഗാരത്തിൽ ശ്ലാഘ്യമായ പൂർവ്വം സംഭരിച്ചിട്ടുള്ള വലിയൊരു കെട്ടിയിരിപ്പുധനം മഹാരാജാവിനു് അധീനമായിരിക്കുന്നുവെന്നതിൽ അനുമോദിക്കുന്നതിനും എനിക്കു വളരെ കൌതുകമുണ്ടു്. ഈ കെട്ടിയിരിപ്പുധനത്തെ അനുഭവിക്കുന്നതിൽ ഇതാ ഈ മേശയ്ക്കുചുറ്റുമിരിക്കുന്ന പലർക്കും സന്തുഷ്ടി ഉണ്ടാകും. ഈ ധനത്തെ രാജ്യത്തിൽ ആവശ്യകമായ ഐശ്വര്യാഭിവൃദ്ധിക്കു യഥാവസരം ചെലവു ചെയ്യാൻ അദ്ദേഹത്തിന്റെ പരിശ്രുതമായ അഭിലാഷം പ്രേരിപ്പിക്കുന്നതുമാണു്. കെട്ടിസൂക്ഷിച്ചുവച്ചിരിക്കുന്ന ധനത്തെയല്ല, എന്നാൽ ഫലപ്രാപ്തിക്കായി ഉപയോഗിച്ചു് തന്മൂലം ധാരാളമായി ധനം സമ്പാദിക്കുന്നതിനു പ്രയോജകീഭവിക്കുന്ന ബുദ്ധിശക്തിയെയാണു് ഞാൻ അഭിനന്ദിക്കുന്നതു്.

ഒരുപ്രകാരം നോക്കിയാൽ തിരുമനസ്സിലേക്കു് ഇതരരാജവിലക്ഷണമായ ഒരു ഉത്തരവാദിത്വമുണ്ടു്. എന്തെന്നാൽ അദ്ദേഹത്തിനു് ജാതിമതവിഷയങ്ങളിൽ ഭിന്നഭിന്നങ്ങളായ ജനങ്ങളുടെ ഒരു സമുദായത്തെ പരിപാലിക്കേണ്ടിയിരിക്കുന്നു. ഈ മാതിരി ഒരു സംഗതിയിൽ ഒരു രാജാവിനു് അധമജനങ്ങളോടു പ്രതിപത്തിയും, എല്ലാവരോടും സമഭാവനയും, സഹനീയതയും കാണിക്കയെന്നതിൽപ്പരമായൊരു ഉൽക്കൃഷ്ടപ്രയുക്തി ഗത്യന്തരമില്ല. നാട്ടിലെ ജനസമുദായത്തിൽ ഒരു

ഭാഗത്തോടും പക്ഷപാതിത്വം കാണിക്കാതെയും, എല്ലാ വർണ്ണങ്ങളോടും ഏറ്റവും താണവരോടുപോലും സമകാരുണ്യവാനായും, സമനീതിദായകനായുമിരിക്കുന്നതുപോലെയുള്ള മറ്റാരെയും ജനങ്ങൾ പരമ്പരയാ ബഹുമാനിക്കയില്ലെന്നുള്ളത് രാജ്യചരിത്രങ്ങളാൽ സ്പഷ്ടമാകുന്നു.

ഇങ്ങനെയുള്ള രാജാക്കന്മാരുടെ വരിയോലയിൽ തിരുമനസ്സുകൊണ്ട് തന്റെ ചിത്തവൃത്തിയുടെ നിർമ്മലതയും, സ്വാതന്ത്ര്യത്തിനും അനേകം സാക്ഷ്യങ്ങൾ കാണിച്ചിട്ടുള്ളതിനാൽ ഒരു ഉന്നതസ്ഥാനത്തെ പ്രാപിക്കുമെന്നു മാത്രമല്ല പിൽക്കാലത്തുള്ളവർ വളരെക്കാലം ഓർമ്മിക്കുമാറുള്ള ഒരു പേരിനെ സ്ഥാപിക്കുന്നതുമാണ്.''

(ഗ്രാന്റ് വുഡ്സ്കം ഗ്രാംതീയതിയിലെ കേരളഭൂപ്പണം)

ഭാരതഭൂഖണ്ഡം അടക്കിഭരിക്കുന്ന ഒരു വൈസ്രായിയുടെ ഏവംവിധമായ വാസ്തവപ്രശംസയ്ക്കു മഹാരാജാവു തിരുമനസ്സുകൊണ്ടു പാത്രീഭവിച്ചതു് അവിടുത്തെയ്ക്കും നാട്ടുകാർക്കും അനല്പമായ ചാരിതാർത്ഥ്യത്തിനു കാരണമായിഭവിച്ചു. തിരുമനസ്സിലെ സൽഗുണാതിശയത്തെ സൂക്ഷ്മമായി ഗ്രഹിച്ച വൈസ്രായി അവർകളെ എല്ലാവരും അത്യന്തം ശ്ലാഘിച്ചു. കർസൺപ്രഭു അവർകളുടെ സന്ദർശനത്തിന്റെ സ്മാരകമായി ''കർസൺ പ്രൈസ്'' എന്ന നാമധേയത്തിൽ തിരുവിതാംകൂർഗവർമ്മെന്റു വകയായി പ്രതിവർഷം ൪൦൦ രൂപായുടെ ഒരു സമ്മാനം കൊടുക്കുന്നതിനു് മദ്രാസ്സ്യൂണിവേർസിറ്റിയുമായി കല്പിച്ചു് ഏർപ്പാടുചെയ്തു. രാജകീയ

മഹാപാഠശാലയിൽ ചരിത്രവും അർത്ഥവിജ്ഞാനീയവും പഠിപ്പിക്കുന്നതിന് ക്ലാസ്സുകൾ ഏർപ്പെടുത്തി. പിന്നീട് തിരുമനസ്സിലെ ശ്രദ്ധ സാങ്കേതികവിദ്യാഭ്യാസവിഷയത്തിൽ പതിഞ്ഞു. യൂറോപ്പിലും, അമേരിക്കയിലും, ജപ്പാനിലും ചെന്ന് കലാവിദ്യകൾ അഭ്യസിക്കുന്ന വകയ്ക്ക് മൂന്നു സ്കോളർഷിപ്പുകൾ ഏർപ്പെടുത്തി. അതനുസരിച്ച് പിന്നീട് എഡിൻബറോവിൽ വൈദ്യശാസ്ത്രം അഭ്യസിക്കുന്നതിന് ഒരു ഹിന്ദുയുവാവും, ലണ്ടനിൽ ഭൂഗർഭവിജ്ഞാനീയം അഭ്യസിക്കുന്നതിന് ഒരു ക്രിസ്ത്യാനിയുവാവും, ലണ്ടനിൽ ഖനനവിദ്യ അഭ്യസിക്കുന്നതിനു മറെറാരു ക്രിസ്ത്യാനിയുവാവും അയയ്ക്കപ്പെട്ടു.

ഏറെറാമാണ്ടു മകരമാസം ഏ—ാംതീയതി "അരിയിട്ടുവാഴ്ച" എന്ന പരദേവതാപ്രീതികർമ്മത്തിനു തിരുമനസ്സുകൊണ്ട് അറിങ്ങൽ എഴുന്നള്ളി. അപ്പോഴാണ് (ഏൻ ഫ ജനുവരി ഫഫ—ാംതീയതി) ഇൻഡ്യാചക്രവർത്തിനിയായ ഗുണവതി വിക്ടോറിയാമഹാരാജ്ഞി പരമപദം പ്രാപിച്ചത്. ഈ സംഭവം സാർവ്വലൗകികമായ ദുഃഖത്തെ ഉളവാക്കി. മഹാരാജാവും പ്രജകളും അതിൽ പങ്കുകൊള്ളുകയും, ദുഃഖചിഹ്നങ്ങൾ എവിടെയും യഥാക്രമം ആചരിക്കുകയും ചെയ്തു. മാതാവിന്റെ ദേഹവിയോഗംകൊണ്ട് ദുഃഖവിഹ്വലനായ എഡ്വേർഡ് ചക്രവർത്തി തിരുമനസ്സിലേക്ക് ആശ്വാസമുണ്ടാകത്തക്കവിധം മഹാരാജാവു തിരുമനസ്സുകൊണ്ട് ഒരു സാന്ത്വനലേഖനം അയച്ചു. ബ്രിട്ടീഷ് ഗവർമ്മെൻറിന്റെ നേർക്കുള്ള അകൈതവമായ സ്നേഹത്തിന്റെ ദ്യോതകമായും, ഈ ഗുണ

വതിയുടെ സ്മാരകമായും കൽക്കട്ടായിൽ പണിചെയ്യാൻ നിശ്ചയിച്ച "വിക്ടോറിയാ ഹാളിന്" ഒരു ലക്ഷം രൂപായും, പ്രഭാവി അവർകൾ ആരംഭിച്ച "മിഡ്വൈഫ് സ്കോളർഷിപ്പിന്" അമ്പതിനായിരം രൂപായും തിരുമനസ്സുകൊണ്ടു സംഭാവനചെയ്തു. ഫാസ്തെ കുംഭം ഫൻ—ാം തീയതി ജനസംഖ്യ എടുക്കപ്പെട്ടു.

ഫാസ്തെ—ാമാണ്ടു് ഇടവമാസം ഛ—ാംതീയതി തിരുവിതാംകൂർരാജകുടുംബത്തിനു് മറെറാരു മഹാസങ്കടം സംഭവിച്ചു. അതു് ചതയംതിരുനാൾ യുവരാജാവു തിരുമനസ്സിലെ അപ്രാപ്തകാലമായ മൃതിയായിരുന്നു. ന്യായാന്യായവിവേചനശക്തിക്കും ലോകപരിചയത്തിനും ഇരിപ്പിടമായി ശേഷിച്ചിരുന്ന ഏകഭാഗിനേയന്റെ പെട്ടെന്നുള്ള ഈ ദേഹത്യാഗം മഹാരാജാവു തിരുമനസ്സിലെ കഠിനമായി ന്യസനിപ്പിച്ചു. ഈ ക്ലേശവിസ്മൃതിക്കു മുമ്പു് തിരുമനസ്സിലെ ജ്യേഷ്ഠസഹോദരിയും, മഹാഭാഗ്യവതിയും, അരറിങ്ങൽ മൂത്തതമ്പുരാനും ആയ റാണി ലക്ഷ്മീഭായി സി. ഐ തിരുമനസ്സുകൊണ്ടു് ഫാസ്തെ മിഥുനം ഛ—ാംതീയതി രാത്രി ദിവംഗതയായി.

"സുഖദുഃഖങ്ങളിടകലർന്നു ക്രമത്തിലെ—
സ്സകലജന്തുക്കൾക്കുമുണ്ടെന്നു ധരിച്ചാലും" എന്നും,
"ഇവനിതു ലഭിക്കേണമിന്നകാലം വേണ—
മവശത ഭവിക്കേണമത്മനാശം വേണം
ഇതി വിധി വിധിച്ചതിപ്രാണികൾക്കൊക്കവേ
ഹിതമഹിതമെങ്കിലും ലംഘ്യമല്ലേതുമേ."

എന്നും ചിന്തിച്ച് എല്ലാവരും ഒരു വിധം സമാധാനത്തെ അവലംബിച്ചുവെന്നോ പറയേണ്ടതായുള്ളൂ. ഈ അഞ്ചിങ്കൽ മൂത്തതമ്പുരാൻ സ്വബുദ്ധിവൈഭവംകൊണ്ടും, സ്വഭത്താവും കേരളകാളിദാസനുമായ മഹാമഹിമശ്രീ കേരളവർമ്മ സി. എസ്സ്. ഐ. വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ശിക്ഷാവിശേഷം നിമിത്തവും, സ്വഭാഷയിൽ മാത്രമല്ല സംസ്കൃതം, ഇംഗ്ലീഷ് മുതലായ ഭാഷകളിലും മതിയായ പരിജ്ഞാനം സമ്പാദിച്ച ഒരു വിദുഷിയായിരുന്നു. സംഗീതത്തിൽ ഈ റാണിതിരുമനസ്സിലേക്കുള്ള നൈപുണ്യം സുപ്രസിദ്ധമാണ്. ചിത്രമെഴുത്തു മുതലായ കലകളിലും ഈ മഹതി അതിസമർത്ഥയായിരുന്നു. വിവേകം, ദയ, ആജ്ഞാശക്തി മുതലായ ഗുണങ്ങൾകൊണ്ടും അവിടുന്ന് നല്ലപോലെ ശോഭിച്ചിരുന്നു. ഇവിടത്തെ യോഗ്യതകളെ വിക്ടോറിയാ മഹാരാജ്ഞി തിരുമനസ്സുകൊണ്ട് ഗ്രഹിച്ചിട്ടാണ് അവിടത്തേക്ക് "ഇമ്പീരിയൽ ഓർഡർ ഓഫ് ദി ക്രൗൺ ഓഫ് ഇൻഡ്യാ" (സി. ഐ.) എന്ന ബിരുദം മുദ്രയും കൊടുത്തിട്ടുണ്ടായിരുന്നതു്. ഫാന്യൂമാണ്ട് പട്ടാളം വകയ്ക്കായി പ്രത്യേകം ഒരു ഡാക്ടർ നിയമിക്കപ്പെട്ടു.

ഫാസ്റ്റോമാണ്ട് ഇവിടത്തെ അഞ്ചൽവകുപ്പിൽ "ഹണ്ടി"യേപ്പാട് നടപ്പിൽ വരുത്തി. സർക്കാർജീവനക്കാക്ക്, 12 വർഷം സർവീസു തികഞ്ഞാൽ, ജോലിക്കു ശേഷിയില്ലെന്നു് മെഡിക്കൽസർട്ടിഫിക്കേറ്റു് ഹാജരാക്കുന്നപക്ഷം, ശമ്പളത്തിൽ പകുതി അടുത്തുൺ കൊടുക്കുന്നതിനു് കല്പിച്ചു് അനുവദിച്ചു. എഡിൻബറോവിൽ

വൈദ്യശാസ്ത്രം അഭ്യസിക്കുന്നതിനു് ഇടയായിട്ടില്ലയി! രുന്നു മുൻപറയപ്പെട്ടപോലെ ഒരു ഹിന്ദു സ്ത്രീ അയയ്ക്കപ്പെട്ടതു്. ദിവാൻപേഷ്കാരന്മാക്കു് മുന്നു സംവ സരക്കാലംകൊണ്ടു അവരുടെ സ്ത്രീയിലിൻപ്രകാര മുള്ള മുഴുവൻ ശമ്പളവും കൊടുക്കുന്നതിനു് കല്പിച്ചു് അനുവദിച്ചു. അയുധാഭ്യാസം നല്ലവണ്ണം ശീലിപ്പിച്ചു വയ്ക്കുന്നതിനു് ഒരു പുതിയ പട്ടാളം ഏർപ്പെടുത്തപ്പെട്ടു. ഇവർ കമ്പനിപ്പട്ടാളം എന്നപോലെ പ്രത്യേകം സൈനികഗൃഹങ്ങളിൽ പാർപ്പിക്കപ്പെട്ടിരിക്കുന്നു. വെള്ളിയിൽ രണ്ടുചക്രത്തുട്ടു്, ഇപ്പോഴം ഉപയോഗിച്ചുവരുന്ന ചെമ്പു ത്തുട്ടുകഠം ഇതുകഠം നടപ്പാക്കി. ഫാറെ മേടത്തിൽ ഫജൂർ ദിവാൻപേഷ്കാരും, ചീഫ്സെക്രട്ടറിയുമായിരുന്ന മി: പി. താണുപിള്ള എം. എ., എഫ്. എം. യു. പെട്ടെന്നു പരേതനായി. ഇദ്ദേഹം തിരുമനസ്സിലെ വിശ്വസ്ത ന്മാരിൽ ഒരാളും ഒരു ഉത്തമരാജ്യതന്ത്രജ്ഞനും ആയി രുന്നു. ആയാണ്ടു കർക്കടകമാസം ൨൭-൦തീയതി എഡേപർഡ് ഏഴാമൻ തിരുമനസ്സിലെ കിരീടധാരണ മഹോത്സവം സംബന്ധിച്ചു് ഇവിടെയും പല ആഘോ ഷങ്ങഠം നടത്തപ്പെട്ടു.

൧൯൨-ാമാണ്ടു തുലാമാസത്തിൽ മദ്രാസ്ഗവണ്മെ രായ ആംഫ്ത്തിൽപ്രഭു അവർകഠം തിരുവനന്തപുരം സന്ദ ശിച്ചു. തിരുമനസ്സുകൊണ്ടു് അദ്ദേഹത്തെ യഥായോഗ്യം സൽക്കരിച്ചു. അദ്ദേഹം മഹാരാജാവു തിരുമനസ്സിലെ ഭരണനൈപുണ്യത്തെ വളരെ പ്രശംസിച്ചശേഷം സ്വ സ്ഥാനത്തേക്കു മടങ്ങി. വിക്ടോറിയാ ചക്രവർത്തിനി

തിരുമനസ്സിലെ പ്രഥമപുത്രനായ എഡ്വേർഡ് ഏഴാമൻ തിരുമനസ്സുകൊണ്ട് സിംഹാസനാരോഹണം ചെയ്യുന്നതായ മംഗളമഹോത്സവം ധന ദ്രവ്യാംതീയതി ചരിത്രപ്രസിദ്ധമായ ഡൽഹിയിൽ വച്ച് ആഘോഷിക്കുന്നതിന് ബ്രിട്ടീഷ് ഗവണ്മെൻറ് നിശ്ചയിച്ചിരുന്നു. അതിലേക്ക് ഇൻഡ്യയിലുള്ള സകല രാജാക്കന്മാരും സന്നിഹിതരാകണമെന്നുള്ള വൈസ്രായിയുടെ നിശ്ചയപ്രകാരം ആ സമ്മേളനത്തിന് നമ്മുടെ മഹാരാജാവു തിരുമനസ്സിലേയും ക്ഷണിച്ചു. തദനുസരണം തിരുമനസ്സുകൊണ്ട് ഡൽഹിയിൽ എഴുന്നള്ളി. ആ രാജസമാജയോഗത്തിൽ എഴുന്നള്ളുന്നതിനായി വിചിത്രതരമായ ഒരു പൊന്നമ്പാരി പണിയിച്ചു. ആ മഹോത്സവത്തിൽ തിരുമനസ്സിലേക്ക് ജി. സി. ഐ. ഇ. (നൈറ് ഗ്രാൻഡ് കമാൻഡർ ആഫ് ദി മോസ്റ്റ് എമിനെൻറ് ആർഡർ ആഫ് ദി ഇൻഡ്യൻ റ്റമ്പയർ) എന്ന ഉന്നതസ്ഥാനപ്പേർ ചക്രവർത്തി തിരുമനസ്സുകൊണ്ട് കൊടുത്തു. ഈ കിരീടധാരണമഹോത്സവം അന്നേദിവസംതന്നെ തിരുവനന്തപുരത്തും, തിരുവിതാംകൂറിലെ മറെറല്ലാ പ്രദേശങ്ങളിലും അത്യുത്സാഹപൂർവ്വം ആഘോഷിക്കപ്പെട്ടു. തിരുമനസ്സുകൊണ്ട് ഡൽഹിയിൽ നിന്നും തിരിച്ച് മകരമാസം അഞ്ചിയിൽ തിരുവനന്തപുരത്തെത്തി. ആ സന്ദർഭത്തിൽ പലരും തിരുമനസ്സിലേക്ക മംഗളപത്രങ്ങൾ സമർപ്പിച്ചു. തിരുവനന്തപുരം "നോഷണൽക്ലബ്ബ്" സാമാജികന്മാർ സമർപ്പിച്ച മംഗളപത്രത്തിന് കല്പിച്ചു നൽകിയ മറുപടി ഇപ്രകാരമായിരുന്നു:—

"അല്ലയോ മാന്യന്മാരേ, നിങ്ങളുടെ നിഷ്കളങ്കമായ വന്ദനങ്ങൾക്കും, ഹൃദയപൂർവ്വമായ സൽക്കാരങ്ങൾക്കും വേണ്ടി നാം നന്ദി പറഞ്ഞുകൊള്ളുന്നു. ചക്രവർത്തിയുടെ കിരീടധാരണാഘോഷസംബന്ധമായ ക്രൂടിക്കാഴ്ചയിൽ ചേരുവാൻ ഇടയായതിൽ വച്ച് ഏറ്റവും സന്തോഷിക്കുന്നു എന്നു മാത്രമല്ല, ചക്രവർത്തി തിരുമനസ്സിൽ നിന്നും ബഹുമാനങ്ങൾ ലഭിക്കുന്നതിന് നമുക്കു ഭാഗ്യമുണ്ടായതിനെക്കുറിച്ചു സ്മരിക്കുന്നുമുണ്ട്. നമ്മുടെ രാജ്ഞിയും, നമ്മുടെ മേൽക്കോയ്മസ്ഥാനം വഹിക്കുന്ന ബ്രിട്ടീഷ് സാമ്രാജ്യവുമായുള്ള സ്നേഹബന്ധത്തെ ഉറപ്പിക്കുന്നതുകൊണ്ടല്ലാതെ വാസ്തവമായ ഐശ്വര്യവും ശ്രേയസ്സും നമ്മുടെ പ്രജകൾക്ക് ഉണ്ടാകാനിടയില്ലെന്നു തോന്നുന്നു. രാജഭക്തരായ പ്രജകളുടെ ഒരു ഭാഗത്തിന്റെ പ്രതിനിധ്യം വഹിക്കുന്ന നിങ്ങളുടെ നിഷ്കളങ്കവും, രാജഭക്തിബഹുമാനസൂചകങ്ങളുമായ വാക്യങ്ങൾക്കും, നമ്മുടെ ദീർഘായുസ്സിനും നമുക്കും വേണ്ടിയുള്ള നിങ്ങളുടെ ഹൃദയപൂർവ്വമായ പ്രാർത്ഥനകൾക്കും നാം നന്ദി പറഞ്ഞുകൊള്ളുകയും ചെയ്യുന്നു." (കേരളപഞ്ചിക.)

ഈയാണ്ടിൽ എഡിൻബറോവിൽ കൃഷിശാസ്ത്രം അഭ്യസിക്കുന്നതിന് സ്കോളർഷിപ്പു കൊടുത്തു് ഒരു ഹിന്ദുയുവാവു് അയയ്ക്കപ്പെട്ടു. അതിരിങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സിലെ പള്ളിക്കെട്ടു കഴിച്ചിരുന്ന കിളിമാന്നൂർ രാജരാജവർമ്മ കൊച്ചുകോയിത്തമ്പുരാൻ മീനമാസത്തിൽ പരേതനായി. ഉപ്പിനു വില കുറയ്ക്കുകയും, ആ വിവരം ഫാർവ്വെ മീനം ഫ്രഞ്ചുകാരിയതിയിലെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇടവമാസത്തിൽ ഈ സംസ്ഥാ

നത്തെ സെൻസസ്റിപ്പോർട്ട് വെളിയിൽ വന്നു. ഇതു സംബന്ധിച്ച് സെൻസസ് കമ്മീഷണരായ ഡാക്ടർ സുബ്രഹ്മണ്യയ്യരവർകൾക്ക് തിരുമനസ്സുകൊണ്ട് ൨൦൦൦ രൂപാ സമ്മാനിച്ചു. മിഥുനം ഫ്രൻ—ാംതീയതി തിരുവനന്തപുരത്തു വച്ച് ഒരു ക്രൂടിക്കാഴ്ച നടന്നു. അതു് തിരുമനസ്സിലേക്കു് ഡൽഹിഡർബാർമുദ്ര സമ്മാനിക്കുന്നതിനായി ക്രൂടിയതായിരുന്നു. തദവസരത്തിൽ റസിഡൻറു് മീസ്റ്റർ ജി. ടി. മെക്കൻസി, തിരുമനസ്സിലെ രാജ്യപരിപാലനരീതിയെ ശ്ലാഘിക്കുകയും, ദീഘ്രായുരാരോഗ്യത്തെ ആശംസിക്കുകയും ചെയ്തു് സ്ഥാനമുദ്ര നൽകി. ആണ്ടവസാനത്തിൽ തിരുമനസ്സിലെ അതിഭക്തന്മാരായ പ്രജകളിൽ ഒരു മഹാനും സ്വരാജ്യപ്രണയിയുമായ മി: ജി. പരമേശ്വരൻപിള്ള ബി. ഏ., എം. ആർ. ഏ. എസ്സ്., എഫ്. ആർ. എച്ച്. എസ്സ്., എഫ്. ഐ. ജെ. ബാരിസ്റ്റർ അറ്റ്ലാ ദേഹവിയോഗം ചെയ്തു. ഈ അപരിഹരണീയമായ നഷ്ടം ഇന്നും നാട്ടുകാർ മറന്നിട്ടില്ല.

ഫ്രൻ—ാമാണ്ടു തുലാമാസം ഫ്ര—ാംതീയതി സർ. ശേഷയ്യാശാസ്ത്രി അവർകൾ കാലധർമ്മം പ്രാപിച്ചു. ഇദ്ദേഹം തിരുവിതാംകൂർ ദിവാൻപദത്തിലിരുന്നു് പല പരിഷ്കാരങ്ങളും ചെയ്തതിന്റെ ശേഷം അടുത്തുൺ വാങ്ങി കുംഭകോണത്തു് സ്വഭവനത്തിൽ താമസിക്കുകയായിരുന്നു. ഈ സംഭവം അറിഞ്ഞു് തിരുമനസ്സുകൊണ്ടു് അനുശോചിക്കുന്നതായി അദ്ദേഹത്തിന്റെ ബന്ധുക്കൾക്കു് കമ്പിസന്ദേശം അയച്ചു. ആ മരണം പ്രമാണിച്ചു് ഒരു ദിവസത്തേക്കു് സർക്കാർസ്ഥാപനങ്ങളെല്ലാം പൂട്ടുന്നതിനു് തിരുമനസ്സുകൊണ്ടു് ആജ്ഞാപിച്ചു. ധനുമാസ

ഫ്രൻ-ാംതീയതി പ്രസിദ്ധ ഹിന്ദുമതപ്രസംഗ്ഗകർത്രിയായ അനിബസൻറ് എന്ന മദാമ്മ തിരുവനന്തപുരത്തു വന്നു് മൂന്നുദിവസം ഇവിടെ താമസിച്ചു് സാരമേറിയ പ്രസംഗ്ഗങ്ങളം നടത്തി. തിരുമനസ്സുകൊണ്ടു് ആ വിദുഷിയെ ബഹുമാനിച്ചു. ആ മദാമ്മ കാശിയിൽ ഏറ്റെടുത്തിയ ‘സെൻട്രൽ ഹിന്ദുകാളേജി’ന്നു് ൪൦൦ രൂപാ തിരുമനസ്സുകൊണ്ടു സമ്മാനിച്ചു. ഹിന്ദുമതത്തിൽ അചിട്ടത്തക്കുള്ള സ്ഥിരപ്രതിപത്തിയെ ഇതു് വിശദമാക്കുന്നു.

ഇരയാണ്ടു മകരമാസം ൨-ാംനു- കൊച്ചി വലിയതമ്പുരാൻ രാമേശ്വരത്തുനിന്നു് തിരിയെ എഴുന്നള്ളുന്ന വഴി തിരുവനന്തപുരം സന്ദർശിച്ചു. ഇതു് മഹാരാജാവു തിരുമനസ്സിലെ ക്ഷണപ്രകാരമായിരുന്നു. കൊച്ചി വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു് വലിയകൊട്ടാരത്തിലായിരുന്നു എഴുന്നള്ളിത്താമസിച്ചതു്. ആ തിരുമനസ്സോടൊന്നിച്ചു് രണ്ടു രാജകുമാരന്മാരും ദിവാൻ മുതലായ ഉദ്യോഗസ്ഥന്മാരും ഉണ്ടായിരുന്നു. അവിടുന്നു് ശ്രീപത്മനാഭസ്വാമിക്കു് ൫൦൦൦ രൂപയ്ക്കു മേൽ വിലവരുന്ന പല സാമാനങ്ങളം നടയ്ക്കുവച്ചു. മഹാരാജാവു തിരുമനസ്സുകൊണ്ടു് കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിലെ അനുഗാമികൾക്കു് അവരവരുടെ യോഗ്യതാനുസരണം ഓരോ സമ്മാനം നൽകി. തദനന്തരം എല്ലാവരും വടക്കൻവഴി സ്വരാജ്യത്തേക്കു തിരിച്ചുപോയി.

ഉദ്യോഗസ്ഥന്മാർ ക്രിമിനലായോ സിവിലായോ കുടികൾക്കു നഷ്ടം വരുന്നവിധം ഏതെങ്കിലും പ്രവൃത്തി നടത്തിയിരുന്നാൽ അതിലേക്കു് ആ ഉദ്യോഗസ്ഥനല്ലാതെ ഗവണ്മെൻറ് ഉത്തരവാദിയാകുന്നതല്ലെന്നു തീർച്ചയാക്കി.

(ഫഠന്റെ മകരം ൨൯–ാംതീയതിയിലെ ഗസറ്റ്.)
(തിരുവിതാംകൂർ ലാ റിപ്പോർട്ട്. വാല്യം ൧൯. പുറം ൫൪.)

അനന്തരം കോതയാറണയുടെ പണി ഏതു നിലയിലിരിക്കുന്നുവെന്നു് തുക്കൺപാക്കുന്നതിനായി മഹാരാജാവു തിരുമനസ്സുകൊണ്ടു് കുംഭമാസം ആദ്യം പോയ്പ്പാറയ്ക്കു് എഴുന്നള്ളി. ഈ മാസം അവസാനത്തിൽ ദിവാൻ കൃഷ്ണസ്വാമിരായരവർകൾ സി. ഐ. ഇ. മന്ത്രിസ്ഥാനത്തിൽ നിന്നു പിരിഞ്ഞു. തിരുമനസ്സുകൊണ്ടു് രണ്ടു തവണയായി അദ്ദേഹത്തിനു് ൨൫൦൦ രൂപാ ഇനാം കൊടുക്കയുണ്ടായി.

—0—

അദ്ധ്യായം ൭.

ഫഠന്റെ–ാമാണ്ടു മീനമാസം ൨൨–ാംതീയതി പി. പി. മാധവരായരവർകൾ ദിവാനായി നിയമിക്കപ്പെട്ടു. രാജ്യതന്ത്രജ്ഞനായ ഇദ്ദേഹം മൈസൂരിൽ സീനിയർ കൗൺസിലറും, റവന്യൂകമ്മീഷണരുമായിരുന്നു് പ്രസിദ്ധി സമ്പാദിച്ചിട്ടുണ്ടായിരുന്നു. ആ ഗവണ്മെൻറിൽ അദ്ദേഹത്തിനു് സു൪ വർഷത്തെ സർവീസുണ്ടു്. ഉദ്യോഗത്തിൽ പ്രവേശിച്ച ഉടൻ ഭരണപരിഷ്കാരത്തിലാണു് അദ്ദേഹത്തിന്റെ ശ്രദ്ധ ആദ്യമായി പതിഞ്ഞതു്. അദ്ദേഹം രാജ്യമെങ്ങും സഞ്ചരിച്ചു് ജനങ്ങളുടെ സങ്കടങ്ങൾ കേട്ടു് നിവൃത്തി വരുത്തുന്നതു പതിവായിരുന്നു. കണ്ടെഴുത്തും കോത്

യാറണയുടെ വേലയും എളുപ്പത്തിൽ തീക്കുന്നതിന്ന് അ ദ്ദേഹം നിഷ്കർഷിച്ചു. വർത്തമാനപ്പത്രങ്ങളുടെ പ്രചാരത്തി നായി ഫൗൺ—ാമാണ്ടത്തെ ഡ—ാംറഗുലേഷൻ നടപ്പിൽ വരുത്തി. കുടിയാൻക്കുടങ്ങളെ ക്രമപ്പെടുത്തണമെന്നും കൂടി ഉദ്ദേശിച്ചാണ് ഈ നടപ്പിലാക്കിയത്. ബാംബെ യിൽ ചെന്ന് നെയ്ത്തുപണി അഭ്യസിക്കുന്നതിന്ന് ഈയാ ണ്ടിൽ ഒരു ഹിന്ദുയുവാവിനെ സ്കാളർഷിപ്പു കൊടുത്തു് ഗവണ്മെൻറിൽ നിന്നും അയച്ചു. ഫൗൺ—ൽ വിദ്യാ ഭ്യാസവിഷയംവകയ്ക്ക് ന്യ ലക്ഷം രൂപാ ചെലവായി. ഈ സ്ഥിതി നോക്കുമ്പോൾ മുൻ കാലങ്ങളെ അപേ ക്ഷിച്ചു് ആ വകുപ്പിന്ന് അഭിവൃദ്ധി ഉണ്ടായിട്ടുണ്ടു് എന്നുള്ളതിന്ന സംശയമില്ല. ഇക്കാലത്താണ് "ശ്രീമൂലം പ്രജാസഭ" എടുപ്പെടുത്തപ്പെട്ടതു്. രാജ്യഭരണകാര്യങ്ങളെ പ്പറ്റി പ്രജകൾക്കുള്ള അഭിപ്രായങ്ങളെ സ്വച്ഛന്ദം പ്രദർശിപ്പിക്കുന്നതിനും, അവരുടെ സങ്കടങ്ങളേയും ആവ ശ്യങ്ങളേയും ഗവണ്മെൻറിനെ തെരിയപ്പെടുത്തുന്നതിനും വേണ്ട അവസരം നൽകുന്നതാണ് ഈ മഹാസഭ. തിരു മനസ്സിലേക്ക് പ്രജാക്ഷേമജാഗ്രുകത എത്രമാത്ര മുണ്ടെന്ന് ഈ സഭാസ്ഥാപനം പ്രത്യക്ഷമാക്കുന്നു. പി ന്നീട് നെൽക്കരം നിറുത്തി പണമാക്കുകയും, വിരുത്തി വസ്തുക്കൾക്ക് പാട്ടം കെട്ടുകയും ചെയ്തു.

ഫൗവ്വാ ചിങ്ങം അവസാനത്തിൽ ഇവിടെ ദീവാ നായിരുന്ന് അടുത്തുൺ വാങ്ങിയ ഭാഗ്യവാനായ മിസ്റ്റർ ശാമുസുബ്ബയ്യർ ഭ്രവാസം ഉപേക്ഷിച്ചു. ഫൗൺ ആദ്യം ഇദ്ദേഹം ലജിസ്ലേറ്റിവ് കൌൺസിൽ മെമ്പരായിരുന്നു. ഗംഭീരാശയനായ ഇദ്ദേഹത്തിന്റെ മരണം തിരുവിതാം

ക്ലർഗവണ്മെൻറിന്ന് ഒരു വലിയ നഷ്ടമായിരുന്നുവെന്നുള്ളതിനു സംശയമില്ല. അനന്തരം റസിഡൻറായിരുന്ന മിസ്റ്റർ മെക്കൻസി ഉദ്യോഗത്തിൽ നിന്നും പിരിഞ്ഞു. പകരം മിസ്റ്റർ ആൻഡ്രൂസ് നിയമിക്കപ്പെട്ടു. കൊച്ചി വലിയതമ്പുരാൻ തിരുമനസ്സിനെ പ്രതിസന്ദർശിക്കുന്നതിന്ന് മഹാരാജാവു തിരുമനസ്സുകൊണ്ടു് വൃശ്ചികമാസം ൧൦-ാംതീയതി ഇവിടെ നിന്നും എഴുന്നള്ളി, അഷ്ടമിനാളിൽ വൈക്കത്തെത്തി, സ്വാമിദർശനം കഴിച്ചു് മുറയ്ക്കു് അവിടെ നിന്നു പുറപ്പെട്ടു. തിരുമനസ്സിൽ നിന്നു് കൊച്ചിയിൽ രണ്ടു മൂന്നു ദിവസം എഴുന്നള്ളിപ്പാത്തശേഷം ആ മാസം അവസാനത്തിൽ തിരുവനന്തപുരത്തു തിരിച്ചെഴുന്നള്ളി. പിന്നീടു് അവിടുന്നു് ഗവണ്ണരവർകളെ പ്രതിസന്ദർശിക്കുന്നതിനും മദ്രാസ്സിലുള്ള ചില മഹാന്മാരുടെ സമ്മാനദാനസന്ദർഭത്തിൽ സന്നിഹിതനായിരിക്കുന്നതിനുമായി മകരമാസം ൧൨-ാംതീയതി മദ്രാസിലേക്കു് എഴുന്നള്ളുകയുണ്ടായി. ഗവണ്ണർ ആംപ്ഥിൽപ്രഭ അവർകളും തിരുമനസ്സിനെ സബഹുമാനം എതിരേറ്റു. ഗവണ്ണരാൽ സൽക്കൃതനായ തിരുമേനിയെ പല പ്രഭുക്കന്മാരും വിദ്വാന്മാരും മറ്റും വന്നു മുഖം കാണിച്ചു. കുംഭമാസം ആദിയിൽ തിരുമനസ്സുകൊണ്ടു് സുഖശരീരനായി തിരിയെ എഴുന്നള്ളി. കുംഭമാസം ൨൪-ാംതീയതി കാശിരാജാവു് തിരുവിതാംകൂർ സന്ദർശിച്ചു ഭാരതഖണ്ഡത്തിലെ പുണ്യഭൂമികളിൽ ഒന്നും, പുരാണപ്രസിദ്ധവുമായ കാശിയിലെ രാജാവിനെക്കാണ്മാൻ സകൌതുകം വന്നുകൂടിയവർക്കു കണക്കില്ലായിരുന്നു. അവരുടെ കോലാഹലശബ്ദവും നല്ല ചന്ദ്രികയുള്ള രാത്രിയിലെ സമുദ്ര

ത്തിന്റെ ഗംഭീരധ്വനിപോലെ എല്ലായിടത്തും വ്യാപിച്ചു. കാശിരാജാവു തിരുമനസ്സുകൊണ്ടു് കന്യാകുമാരീദർശനം കഴിഞ്ഞു് തിരുവനന്തപുരത്തു് എഴുന്നള്ളിത്താമസിക്കുകയും, ആ മാസം ഫെബ്രുവരി തിരിയെപ്പോവുകയും ചെയ്തു. അതുകൊണ്ടിൽ ഉപ്പിന്റെ വില കുറച്ച വിവരം മീനം ഫെബ്രുവരിയിലെ ഗസറ്റിൽ പ്രസിദ്ധം ചെയ്യപ്പെട്ടു.

ഫെബ്രുവരി മാണ്ടു് തിരുമനസ്സിലെ ഭരണത്തിന്റെ ആദ്യത്തെ ഇരുപതു സംവത്സരം സമ്പൂർണ്ണമായതു സംബന്ധിച്ചുണ്ടായ മഹാമഹം ഏറ്റവും ഭംഗിയായി ആഘോഷിക്കപ്പെട്ടു. പ്രജകളുടെ അകൃത്രിമമായ രാജഭക്തിയെ ഈ മംഗളമഹോത്സവം പ്രസ്ഫുടമാക്കി. സപ്രജകരും ജാതിമതഭേദമില്ലാതെയും, അകൈതവമായ ആദരത്തോടുകൂടിയും നടത്തിയ ഏതൽകൃത്യം നിമിത്തം അവർക്കു് തങ്കലുള്ള ഭക്തിബഹുമാനങ്ങളെ തിരുമനസ്സുകൊണ്ടു് അത്യധികം അഭിനന്ദിച്ചു. ഇതയാണ്ടു വൃശ്ചികമാസത്തിൽ പതിവുപോലെ മുറജപം തുടങ്ങുകയും, ധനുമാസം ഫെബ്രുവരിയതി ശനിയാഴ്ച നടന്ന ലക്ഷദീപമഹോത്സവത്തോടുകൂടി അതു മംഗലമായി സമാപിതമാകയും ചെയ്തു. മീനം ഫെബ്രുവരിയതി മിസ്റ്റർ വി. പി. മാധവരായർ ദിവാന്തദ്യോഗം രാജിവച്ചു. അതിനു പകരം ദിവാൻപേഷ്കാർ രാജാരാമരായർ തൽക്കാലത്തേയ്ക്കു ദിവാൻജിയായി നിയമിക്കപ്പെട്ടു. പിന്നീടു് തിരുമനസ്സിലെ കുലത്തെ നിലനിറുത്തുന്നതിനുവേണ്ടി ദത്തെടുക്കപ്പെട്ടവരിൽ പൂരാടംതിരുനാൾ

ആറ്റിങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സിലെ പള്ളി ക്കെട്ട് ഇരുപത്തൊണ്ടു് മേടമാസം ൨൪-൱ തീയതി ചങ്ങ നാശ്ശേരി രാമവമ്മകോയിത്തമ്പുരാൻ തിരുമനസ്സിലെ ക്കൊണ്ടു നടത്തിച്ചു. ഇദ്ദേഹം മഹാമഹിമശ്രീ കേരള വമ്മ സി. എസ്. ഐ. വലിയകോയിത്തമ്പുരാൻ തിരു മനസ്സിലെ ഭാഗിനേയനാകുന്നു. ഈ മംഗലകമ്മത്തിന്റെ ആഘോഷവിശേഷങ്ങൾ അവർണ്ണനീയങ്ങളായിരുന്നു. ഈ യാണ്ടു മുഴുവനും മിസ്റ്റർ രാജാരാമരായർ തന്നെ ദിവാൻ കാര്യം വിചാരിച്ചു.

അദ്ധ്യായം ൧൩.

ഫാവുല-ാമാണ്ടു് ചിങ്ങമാസം ൧-ാംതീയതി മി: എസ്. ഗോപാലാചാര്യർ ദിവാനായി നിയമിക്കപ്പെട്ടു. അദ്ദേഹത്തിനു് തിരുമനസ്സുകൊണ്ടു് കല്പിച്ചു കൊടുത്ത നീട്ടിന്റെ പകർപ്പു് ചുവടേ ചേർക്കുന്നു:—

"നമ്മുടെ രാജ്യകാര്യാദികൾ ഒക്കെയും വിചാരി ക്കുന്നതിനു് ഫാവുല-ാമാണ്ടു് ചിങ്ങമാസം ൧-ാംതീയതി മുതൽ ദിവാനായിട്ടു്, തന്നെ അക്കുകൊണ്ടു് നാളതു മുതൽ സംസ്ഥാനത്തിലെ മുതലെടുപ്പിനും ചിലവിനും കാര്യങ്ങൾ വിചാരിക്കുന്നതിനും, ഇപ്പോൾ വച്ചിരി ക്കുന്ന ചട്ടത്തിൻപ്രകാരവും, മേലാൽ നാം നിശ്ച യിക്കുന്നതിനുമണ്ണവും വിചാരിച്ചു് ദേവസ്വം, ഊട്ടു്, കൊട്ടാരം, ഉടമ, തൻചിലവു മുതലായതിനു് പതിവു

പോലെയും വിശേഷാലും ഉള്ള ചിലവുകളും ചെയ്തിച്ചു് ഇംഗ്ലീഷ്ഗവണ്മെൻറിനു് ഇവിടെനിന്നു കൊടുക്കാൻ പതിവു വച്ചിരിക്കുന്ന കിസ്തുവകയ്ക്കുള്ള തവണയ്ക്കു നീക്കം വരാതെ കൊടുപ്പിച്ചു് മുതൽചെലവു വകയ്ക്കുള്ള കണക്കുകളും എഴുതിത്തീർപ്പിച്ചു് ഖജനാവിലെ ഇരിപ്പുകളും ചുമതലയായി നോക്കി പതിവു ചിലവുകൾ ക്രമാതെ വിശേഷാൽ വേണ്ട ചിലവുകൾക്കും പബ്ലിക്ക്മരാമത്തു മുതലായതിനും വേണ്ട പണം നമ്മുടെ അനുവാദം വാങ്ങി ചെലവു ചെയ്തിച്ചു് സാധാരണമായി രാജ്യകാര്യം വിചാരിക്കുന്നതിനും, പതിവായി നടന്നുവരുന്ന ചട്ടങ്ങളിൽ നമ്മുടെ അനുവാദം ക്രമാതെയാതൊരു ഭേദങ്ങൾ വരുത്താതെയും നൂതനമായ ചട്ടങ്ങൾ ഏർപ്പെടുത്താതെയും ഇരിക്കയും, അങ്ങനെ വല്ലതും ഭേദപ്പെടുത്തേണ്ടതിനും പുതുതായി ഏർപ്പെടുത്തുന്നതിനും തക്ക ആവശ്യം വല്ലപ്പോഴും ഉണ്ടായാൽ അതിനു ശരിയായ കാരണം നമ്മെ ബോധപ്പെടുത്തി അനുവാദമുണ്ടാകുന്നതിനുമണ്ണം നടത്തിക്കയും ചെയ്യു്, നമുക്കും ബഹുമാനപ്പെട്ട ഇംഗ്ലീഷ്ഗവണ്മെൻറിലേക്കും നെടുനാളായി നടന്നുവരുന്ന അന്യോന്യവിശ്വാസം മേലും അഭിവൃദ്ധിയായും, രാജ്യം സുഭിക്ഷമായും, ജനങ്ങൾക്കു് ക്ഷേമം വർദ്ധിച്ചും, ധർമ്മവും ന്യായം വരാൻ തക്കവണ്ണവും വിചാരിച്ചു്, എല്ലാക്കാര്യങ്ങളും നമ്മെ ബോധിപ്പിച്ചു്, വച്ചിരിക്കുന്ന ശമ്പളവും പറ്റി ദിവാൻസ്ഥാനം വിചാരിച്ചു നടന്നുകൊള്ളുകയും വേണം എന്നും, ഈ കാര്യം ചൊല്ലി ക്രിസ്തുവർഷം ചിങ്ങം ക്രമാംതീയതി ദിവാൻ എസ്സു്. ഗോപാലാചാര്യക്കു് എഴുതിവിട്ട എന്നു് തിരുവുള്ളമായ നീട്ടു്.''

ഇദ്ദേഹം അഞ്ചൽവകുപ്പിൽ വി. പി. ഏർപ്പെട്ടു ത്തുകയും, ആ വിവരം തുല്യാം ൨൬–ാംതീയതിയിലെ ഗസററിൽ പ്രസിദ്ധം ചെയ്കയും ചെയ്തു. പിന്നെ കലാൽ വകുപ്പു പരിഷ്കരിച്ചു. മകരമാസം ൧൬–ാംതീയതി വ്യാഴാഴ്ച മദ്രാസ്ഗവണ്മെർ സർ. ആർതർവാലി അവർ കൾ തിരുവിതാംകൂർ സന്ദർശിച്ചു. തിരുമനസ്സുകൊണ്ടു് അദ്ദേഹത്തെ വേണ്ടപോലെ സൽക്കരിച്ചയച്ചു. മേട മാസം ൧൨–ാംതീയതി മഹാരാജാവു് കിളിമാന്തൂർ രവിവർമ്മകൊച്ചുകോയിത്തമ്പുരാൻ ബി. ഏ. തിരുമനസ്സി ലെക്കൊണ്ടു് മൂലംതിരുനാൾ ആറ്റിങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സിലെ പള്ളിക്കെട്ടു കഴിപ്പിച്ചു. ഈ ആഘോ ഷവും കഴിഞ്ഞയാണ്ടത്തേതുപോലെ തന്നെ അതിഭംഗി യായി നടത്തപ്പെട്ടു. പള്ളിക്കെട്ടു കഴിഞ്ഞ രണ്ടു തമ്പുരാ ക്കന്മാരുടെയും സകല ശ്രേയസ്സുകളേയും ആയുരാരോഗ്യ സമ്പൽസമൃദ്ധിയേയും ആശംസിക്കുന്ന പ്രജകൾക്കു് ഈ അടിയന്തിരം സവിശേഷമായ കുതുകത്തിനു് ആസ്പദ മായിരുന്നു. കർക്കടകം ൧൦–ാംതീയതിമുതൽ വെള്ളി ഒറപ്പുക്കും നിരുത്തലാക്കപ്പെട്ടു. കർക്കടകമാസാവസാനം വരെ മിസ്റ്റർ ഗോപാലാചാര്യർ തന്നെ ദിവാൻദ്യോഗം വഹിച്ചു. തദനന്തരം അദ്ദേഹം ബ്രിട്ടീഷ്ഗവണ്മെൻറി ലേക്കു തിരിച്ചുപോയി. അതിനാൽ ദിവാൻകാര്യം വിചാരിക്കുന്നതിനു് തൽക്കാലം സീനിയർ ദിവാൻ പേഷ്കാർ വി. നാഗമയ്യാ ബി. ഏ. നിയമിതനായി.

൧൭൱ കന്നിമാസത്തിൽ മി: ആർ. സി. ഡട്ട് തിരുവനന്തപുരം സന്ദർശിച്ചു. ഇദ്ദേഹം ബറോഡായിലെ

മന്ത്രിയായിരുന്നു. അദ്ദേഹം മഹാരാജാവു തിരുമനസ്സിലെ മുഖം കാണിച്ചു വെളിയിലിറങ്ങിയപ്പോൾ, ഉടനെ, "മാന്യജനങ്ങളേ! തിരുമനസ്സുമായുള്ള അല്പനേരത്തെ സംഭാഷണംകൊണ്ടു് ഞാൻ മഹാപണ്ഡിതനായി. ഒരു വലിയ പ്രൊഫസ്സരോടു് വളരെക്കാലം അഭ്യസിച്ചാലും ഈ വിധമുള്ള അറിവു് എനിക്കു കിട്ടുകയില്ലെന്നു് ഞാൻ തീർച്ചയായി സമ്മതിച്ചുകൊള്ളുന്നു" എന്നാണു് അദ്ദേഹം ജനങ്ങളോടു പറഞ്ഞതു്.

അദ്ധ്യായം ൭.

അനന്തരം ക്രിസ്താബ്ദം ൧൮൭൭ാമാണ്ടു തുലാമാസം ൨൬-ാം തീയതി ദിവാൻ ബഹദൂർ പി. രാജഗോപാലാചാരി എം. എ., ബി. എൽ., സി. ഐ. ഇ-യെ ദിവാനായി നിയമിച്ചു് നീട്ടികൊടുത്തു. ഇദ്ദേഹം കൊച്ചി സംസ്ഥാനത്തു ദിവാനായിരുന്നതു കൂടാതെ ബ്രിട്ടീഷ് സർവീസിൽ കളക്ടർ മുതലായ ഉദ്യോഗങ്ങളും ശ്ലാഘനീയമായ വിധത്തിൽ വഹിച്ചുപോന്നിരുന്നു. ഇദ്ദേഹത്തിന്റെ ആഗമനത്തിനു മുമ്പുതന്നെ കൊച്ചിസംസ്ഥാനത്തെ ഇദ്ദേഹത്തിന്റെ ഭരണക്രമം ഈ നാട്ടുകാർക്കു് ഈ മഹാനിൽ ദൃഢീകരമായ വിശ്വാസം ജനിപ്പിച്ചു. തന്നിമിത്തം ജനങ്ങളും ഇദ്ദേഹത്തെ ഗാഢമായ സന്തോഷത്തോടുകൂടി

സ്വീകരിച്ചു. പ്രജകൾക്ക് ക്ഷേമാഭിവൃദ്ധി വരണമെ ന്നുള്ള ഏകോദ്ദേശ്യത്തോടുകൂടി അദ്ദേഹം കർത്തവ്യ കർമ്മാനുഷ്ഠാനത്തിന് ആരംഭിച്ചു. ധനു ഫ്രാംതീയതി മുതൽ വെള്ളി രണ്ടുചക്രത്തുട്ട് നിരുത്തൽ ചെയ്തു. "മോക്ക് ആൻഡ് റെമിഷൻ സിസ്റ്റം"—തടവുപുള്ളിക ളുടെ നല്ല നടത്തയെ പരിശോധിച്ച് അവർക്ക് അനു കൂലത കാണിക്കുന്ന ഏർപ്പാട്—തിരുവനന്തപുരം സെൻ ട്രൽജയിലിൽ നടപ്പാക്കി. ഏതൽഫലമായി കാലം തികയുന്നതിനു മുമ്പ് നൂറു തടവുകാരെ വിട്ടയച്ചു. ഈ ഏർപ്പാട് നിമിത്തം തടവുകാരുടെ നടപടി നന്നായിട്ട തന്നെ കണ്ടുവരുന്നു. മീനമാസം ഫ്രവ്രാംതീയതി അക്കോട്ടിലെ നവാബ് ഇവിടെ വരുകയും, മഹാ രാജാവു തിരുമനസ്സുകൊണ്ട് അദ്ദേഹത്തെ യഥോ ചിതം സൽക്കരിച്ചയയ്ക്കുകയും ചെയ്തു. ഇടവം പന്ത്രാം തീയതി അനിയന്ത്രിതരായ ഏതാനും നഗരവാസികൾ കൂടിച്ചേർന്നുണ്ടാക്കിയ ചാലക്കട ലഹള ഉടനടി അമർച്ച ചെയ്യപ്പെട്ടു. ഇതിലെ പ്രതികളെ സ്പെഷ്യൽ മജിസ്ട്രേട്ട് വിസ്തരിച്ചു കമ്മിറു ചെയ്കയും, സെഷ്യൻകോർട്ടിൽ നിന്ന് അവരിൽ ഏതാനും പേരെ ശിക്ഷിക്കുകയും ചെയ്തു. ഈ കേസ്സിലെ അവസാനത്തീർപ്പ് കല്പിച്ചത് ഹൈക്കോടതിയായിരുന്നു.

ഫാവ്രുര്—ാമാണ്ട് വൃശ്ചികമാസം ൻ—ാംതീയതി ഇന്ത്യൻ സവ്സൈന്യാധിപതി ലാർഡ് കിച്ചിനർ തിരു വനന്തപുരത്തു വരുകയുണ്ടായി. മഹാരാജാവു തിരുമന സ്സുകൊണ്ട് അദ്ദേഹത്തെ മുറപ്രകാരം സൽക്കരിച്ചു.

അനന്തരം അദ്ദേഹം തിരുമനസ്സിലെക്കുറിച്ച് വളരെ ബഹുമാനത്തോടും കൃതജ്ഞതയോടും കൂടി മടങ്ങി.

൧൦൭൫-ാമാണ്ട് ധനുമാസം ൧൫-ാംതീയതി ഞായറാഴ്ച കാലത്തു് ശ്രീമച്ഛങ്കരാചാര്യസ്വാമിഅവർകൾ തിരുവനന്തപുരത്തു വന്നു. മഹാരാജാവു തിരുമനസ്സുകൊണ്ടും മറ്റുള്ളവരും അദ്ദേഹത്തെ ഭക്തിപുരസ്സരം വന്ദിച്ചു. സ്വാമി അവർകൾ സപരിവാരം ൨൦-ാംതീയതിവരെ വടക്കേക്കൊട്ടാരത്തിൽ താമസിച്ചു മടങ്ങിപ്പോയി. തിരുവിതാംകൂറിലെ വിദ്യാഭ്യാസചട്ടങ്ങൾ (എഡ്യൂക്കേഷൻകോഡ്) ൧൯൭൨ ജനുവരി ൧-ാംതീയതി മുതൽ നടപ്പായി. ഇതുമുതൽ പ്രാഥമികവിദ്യാഭ്യാസം സൌജന്യമായി നൽകിത്തുടങ്ങി. തിരുമനസ്സിലെ പട്ടമഹിഷിയായ വടശ്ശേരിയമ്മവീട്ടിലെ അമ്മച്ചിയിൽ ശ്രീവേലായുധൻതമ്പി എന്നൊരു പുത്രനും, തങ്കം (ഭഗവതിത്തങ്കച്ചി) എന്നൊരു പുത്രിയും ജാതരായി. സൌഭാഗ്യവതിയായ ഈ പുത്രിയുടെ മംഗല്യധാരണകാലം സമീപിക്കയാൽ ആ ശുഭകർമ്മം ൧൦൭൫-ാമാണ്ട് മീനമാസം ൧൦-ാംതീയതി വടശ്ശേരിയമ്മവീട്ടിൽ വച്ച് കോലാഹലമാകുംവണ്ണം നടന്നു. മുഹൂർത്തസമയം മഹാരാജാവു തിരുമനസ്സുകൊണ്ട് എഴുന്നള്ളിയിട്ടുണ്ടായിരുന്നു.

പിന്നീട് മേടമാസം ൨൪-ാംതീയതി ഇൻഡ്യാചക്രവർത്തി തിരുമനസ്സുകൊണ്ട് നാടുനീങ്ങുകയും, ആ ദുഃഖചിഹ്നങ്ങൾ ഈ നാട്ടുകാരും മഹാരാജാവും ഭക്തിയോടുകൂടി ആചരിക്കുകയും ചെയ്തു. മിഥുനമാസത്തിൽ ഹൈക്കോടതി പരിഷ്കരിച്ച് ആ മാസം ൨-ാംതീയതിയിലെ

ഗസറിൽ പ്രസിദ്ധീകരിക്കയുണ്ടായി. പോലീസ്ഇൻ സ്പെക്ടരായിരുന്ന മിസ്റ്റർ പപ്പുപിള്ളയുടെ പുത്രിയും, ജില്ലാക്കോർട്ടജഡ്ജി മിസ്റ്റർ ശങ്കരപ്പിള്ളയുടെ ഭാഗിനേയിയും ആയ ശ്രീമതി ജി. പാറുക്കുട്ടിയമ്മ അവർകൾ ബി. എ. പരീക്ഷയിൽ വിജയം പ്രാപിച്ചത് ഈയാണ്ടിലായിരുന്നു. മലബാറിലെ നായർസ്ത്രീകളിൽ ഇദം പ്രഥമമായി ബി. എ. ബിരുദം നേടിയ ഈ മഹതിക്ക് മഹാരാജാവു തിരുമനസ്സുകൊണ്ട് ഒരു വളയും, വടശ്ശേരിയമ്മ ഒരു മോതിരവും കവണിയും, മഹാമഹിമശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ സി. എസ്. ഐ. തിരുമനസ്സുകൊണ്ട് ഒരു മോതിരവും, തിരുവനന്തപുരം സ്ത്രീസമാജത്തിൽനിന്നും ഒരു മുദ്രയും സമ്മാനം കൊടുക്കുകയുണ്ടായി.

൧൦൮൬-ാമാണ്ട് ചിങ്ങമാസം ൧൮-ാംതീയതി തിരുമനസ്സിലെ രാജ്യഭരണം ൨൫ സംവത്സരം പൂർത്തിയായ "രജതജൂബിലി" മഹോത്സവം ഈ സംസ്ഥാനമൊട്ടുക്ക് അതികേമമായി ആഘോഷിക്കപ്പെട്ടു. പല സന്ദർഭങ്ങളിലും പലവിധത്തിലുള്ള ആഘോഷങ്ങൾ ഇവിടെ നടന്നിട്ടുണ്ടെന്നു വരുകിലും, ഭിന്നമതസ്ഥന്മാരെന്നുള്ള ഭേദഭാവം ലേശവുമില്ലാതെ അനുഷ്ഠിക്കപ്പെട്ടത് ഇതൊന്നു മാത്രമേയുള്ളൂ. ഇതിനെ വർണ്ണിച്ച് പല കവികളും അനേകം പദ്യങ്ങൾ നിർമ്മിച്ചിട്ടുണ്ട്. അവയെല്ലാമോ ഒട്ടൊക്കെയോ ഇവിടെ ചേർക്കുകയെന്നത് പ്രയാസമാകയാൽ മഹാമഹിമശ്രീ കേരളവർമ്മ സി. എസ്. ഐ. വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ആശംസകളിൽ ഒന്നു മാത്രം ഇവിടെ ചേർത്തുകൊള്ളുന്നു;—

"ഇരുപതുമഞ്ചുമാണ്ടുകഠം തികച്ചിഹ മൂലകനാം
തിരുവടി നാടു വാണതു നിനയ്ക്കിലൊരത്ഭുതമോ?
നിരുപമസൽഗുണാബ്ധി കുലശേഖരരാട്ടിനിയും
മരുവണമൂഴിയിൽത്തിരുവയസ്സൊരുനൂറുവരെ."

ഈയാണ്ടു് ധനുമാസത്തിൽ ഹൈക്കോർട്ടുജഡ്ജി ഏ. ഗോവിന്ദപ്പിള്ള അവർകഠം ബി. ഏ. ബി. എൽ., ദിവാൻപേഷ്കാർ പി. നാഗമയ്യാ അവർകഠം ബി. ഏ. എന്നിവർ രണ്ടുപേക്കും "ദിവാൻ ബഹദൂർ" സ്ഥാനം ലഭിച്ചു. ഈ സംസ്ഥാനത്തിൽ ഇദംപ്രഥമമായി ഈ സ്ഥാനം ലഭിച്ചതു് പ്രസ്തുത വിദ്വൽപ്രദീപയുഗത്തിനാകുന്നു. ഈയാണ്ടിൽ ജനസംഖ്യ എടുക്കപ്പെട്ടു. അതിലെ കണക്കിൻപ്രകാരം ഈ സംസ്ഥാനത്തു് ക്രസ്ത്യൻവ, ഉൻസ്ത്രീകളും, ക്രിസ്ത്യൻ പുരുഷന്മാരും ഉൾപ്പെടെ സ്ത്രീ,പുരുഷ ജനങ്ങഠം ഉള്ളതായി കാണപ്പെട്ടിരുന്നു.

ക്രിസ്തുകുന്നിമാസത്തിൽ പാറ്റിയാലാരാജാവു് സ്വാനന്ദപുരത്തു വരുകയും, മഹാരാജാവു തിരുമനസ്സിലെ സന്ദർശിച്ചുപിരിയുകയും ചെയ്തു. വൃശ്ചികമാസം ഒന്നാംതീയതി പതിവുപോലെ മുറജപം തുടങ്ങി. ഇംഗ്ലണ്ടിലെ രാജാവായ ജാർജ്ജു് പഞ്ചമൻ തിരുമനസ്സുകൊണ്ടു് ഇന്ത്യാചക്രവർത്തിയായി കിരീടധാരണം ചെയ്യുന്ന മഹോത്സവത്തിൽ സന്നിഹിതനാകുന്നതിനായി മഹാരാജാവു തിരുമനസ്സുകൊണ്ടു് ഈ മാസം ന്യൂഡൽഹിയിലേയ്ക്കു് എഴുന്നള്ളി. വൃശ്ചികമാസം പതിനാറാംതീയതി ഡൽഹി ഡർബാർ ആഘോഷിക്കപ്പെട്ടു. കനകഖചി

തവും, അതിമനോഹരവുമായ ബ്രിട്ടീഷ് സാമ്രാജ്യകിരീടം ജാജ്ജ് പഞ്ചമൻ തിരുമനസ്സിലെ ശിരസ്സിൽ സമർപ്പിക്കുന്നതു സംബന്ധിച്ച് ഡൽഹിയിലും ഈ നാട്ടിലും നടന്നതും, മഹത്പത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചതുമായ ആ മഹാമഹത്തിന്റെ വർണ്ണനയെ വായനക്കാരുടെ ഉത്സാഹത്തിലേക്കു വിടുന്നതാണു് അധികം നന്നെന്നു തോന്നുകയാൽ അപ്രകാരം ചെയ്തുകൊള്ളുന്നു. ബ്രിട്ടീഷ് രാജവംശജനായ ഒരു ഇൻഡ്യാചക്രവർത്തി ഭാരതഭൂമിയിൽ ഒന്നാമതായി പാദസ്പർശം ചെയ്തു്, തലസ്ഥാനമായ ഡൽഹിനഗരത്തിൽ സമ്മിളിതമായ സപ്തസാമന്തരാജസമൂഹത്തിന്റെ മദ്ധ്യത്തിൽ വച്ചു് ഇൻഡ്യാചക്രവർത്തിസ്ഥാനീയമായ കിരീടം സ്വയം സ്വീകരിച്ച അദ്ഭുതപൂർവ്വമായ സംഭവം നടന്ന ഡിസംബർ ൨൰ാംതീയതി രാജ്യചരിത്രത്തിൽ പ്രത്യേകം സ്മരണീയമാണെന്നതിനു സംശയമില്ല. തദനന്തരം ധനുമാസം ൪൰ാംതീയതി മഹാരാജാവു തിരുമനസ്സുകൊണ്ടു് തിരിയെ എഴുന്നള്ളി. ധനു ൨൰ാംതീയതി ലക്ഷദീപമഹോത്സവം ഭംഗിയായി നടന്നു. മിഥുനമാസത്തിൽ ആറ്റിങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സിലെ "വളകാപ്പു"" അടിയന്തിരം ആഘോഷിക്കപ്പെട്ടു. ഇതു് റാണിമാർ തിരുവയർവാണ ൪൰ാംമാസത്തിൽ നടത്തപ്പെടുന്ന ഒരു കർമ്മമാണു്. ഇതു പ്രമാണിച്ചു് ൨൦൦൰ലധികം ബ്രാഹ്മണബാലികമാർക്കു് പലഹാരം മുതലായവയും അറുനൂറുവളയും ദാനം ചെയ്കയുണ്ടായി.

൧൮൭൫–൭മാണ്ടു് ചിങ്ങമാസം ൧൦–ാംതീയതി ആറിങ്ങൽ ഇളയതമ്പുരാൻതിരുമനസ്സിലെ "പ്പെളികുടിയമൂതേത്തു്" അടിയന്തിരം ആഘോഷിക്കപ്പെട്ടു. ഇതു് തമ്പുരാട്ടിമാർ തിരുവയർ വാണ ചൊംമാസത്തിലത്രേ നടത്തപ്പെട്ടുന്നതു്. ഈ ശുഭകർമ്മത്തിന്റെ പ്രധാന ഭാരവാഹിയായ കക്കാട്ടുപോറ്റിയവർകൾ മൂത്തതമ്പുരാൻ തിരുമനസ്സിലെ തൃക്കൈയിൽ പൂളി കോരി ഒഴിക്കുകയും, അവിടുന്നു് അതിനെ ഇളയതമ്പുരാൻ തിരുമനസ്സിലെ തൃക്കൈയിൽ ഒഴിച്ചുകൊടുത്തു് അമൂതേത്തു കഴിപ്പിക്കുകയും ചെയ്യുന്നതാണു് ഇതിലെ പ്രധാന ചടങ്ങു്. ഈ സന്ദർഭത്തിൽ ഈ കർമ്മത്തിനു വച്ചൊരുക്കീട്ടുള്ള ഇലയിൽ അരുമനയമ്മയും വടശ്ശേരിയമ്മയും ഓരോ കനകവലയം വയ്ക്കുകയും, മൂത്തതമ്പുരാൻ തിരുമനസ്സുകൊണ്ടു് അതു രണ്ടുമെടുത്തു് ഇളയതമ്പുരാൻ തിരുമനസ്സിലെ തൃക്കൈകളിൽ അണിയിക്കുകയും ചെയ്യുകയുണ്ടായി. ഈ ശുഭദിവസം സദ്യ, അചാരവെടി, സവ്വാണി, പട്ടാളക്കാരുടെ അഭ്യാസം മുതലായവ മുറപ്രകാരം ഉണ്ടായിരുന്നു.

ചിങ്ങമാസം ൨൧–ാംതീയതി വ്യാഴാഴ്ച വൈകുന്നേരം പൊതുസർക്കമ്മിഷണർ മിസ്റ്റർ അനന്തരാമയ്യർ കാലധർമ്മത്തെ പ്രാപിച്ചു. മഹാരാജാവു തിരുമനസ്സിലേക്കു് ൧൦൭൫–ൽ ജി. സി. ഐ. ഇ. സ്ഥാനവും മുദ്രയും ലഭിച്ചു് കുറച്ചുദിവസം കഴിഞ്ഞപ്പോൾ പൊതുസർക്കമ്മിഷണർ അവർകൾക്കും മദ്രാസ്ഗവർമ്മെന്റിൽനിന്നു് ഒരു സ്ഥാനമുദ്ര അയയ്ക്കുകയും, അതിനെ റസിഡൻസു് അദ്ദേഹത്തിനു കൊടുക്കുകയും ചെയ്തിട്ടുണ്ടു.

യിരുന്നു. ഇതു് തിരുമനസ്സിലേക്കു് മിസ്റ്റർ അനന്തരാമയ്യരുടെ പേരിൽ എത്രമാത്രം വിശ്വാസവും അനുകമ്പയും സ്നേഹവും ഉണ്ടായിരുന്നുവെന്നു പ്രത്യക്ഷമാക്കുന്നു. തിരുമനസ്സിലെ ആശ്രിതനും അതിഭക്തനുമായ ഈ സാധുബ്രാഹ്മണന്റെ പൊടുന്നനവേയുള്ള ചരമഗതി മഹാരാജാവു തിരുമനസ്സിനെ ക്രമത്തിലധികം വ്യസനിപ്പിച്ചു.

പിന്നീടു് നായന്മാരുടെ വിവാഹത്തേയും, പിന്തുടച്ചവകാശത്തേയും, കുടുംബകാര്യാന്വേഷണത്തേയും സംബന്ധിച്ചു് ഫാന്വേ—ാമാണ്ടത്തെ ഒ—ാംറഗ്രലേഷൻ ഫന്വ—ാംവകുപ്പനുസരിച്ചു്, ഫൻഫവ—ാംവർഷം അക്ടോബർമാസം വന്യ—ാംതീയതിക്കു് ഫാവ്വവ്—ാമാണ്ടു് തുലാമാസം ഫാ—ാംതീയതി ഒരു നായർറഗ്രലേഷൻ നടപ്പായി. ഇതാണു് ഫാവ്വവ്—ലെ ഫ—ാംറഗ്രലേഷൻ.

ഫാവ്വവ്—ാമാണ്ടു് തുലാമാസം വവ—ാംതീയതി വ്യാഴാഴ്ച രാത്രി ഏഴു മണി സമയത്തു്, പരിഷ്കൃതാശയനായി നമ്മുടെ രാജ്യത്തെ ഇപ്പോൾ പരിപാലിക്കുന്ന രാമവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു് ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സിലേയും അവിടുത്തെ പ്രജകളുടേയും ഭാഗ്യമുത്തിയായും, തിരുമനസ്സിലെ ഭാഗിനേയനായും ശ്രീചിത്തിരതിരുനാളിൽ തിരുവവതാരം ചെയ്തരുളി.

"മതിക്കീറൊരുത്തൻ തുടയ്ക്കുന്നതുണ്ടോ?
പതിക്കേണമോ കൗസ്തുഭം തേച്ചു രാഗം?" എന്നതുപോലെ നിസ്സ്തേജോമയനായ ഈ യുവരാജാവിന്റെ

അവതാരത്താൽ മഹാരാജാവു്, ആറ്റിങ്ങൽ മൂത്തതമ്പുരാൻ, ഈ കുഞ്ഞുതിരുമേനിയുടെ മാതാവായ ആറ്റിങ്ങൽ ഇളയതമ്പുരാൻ, പിതാവായ മഹാമഹിമശ്രീ രവിവർമ്മകോയിത്തമ്പുരാൻ ബി. ഏ. എന്നീ തിരുമനസ്സുകൊണ്ടു മാത്രമല്ല, മറ്റു രാജകുടുംബാംഗങ്ങളും, നാട്ടുകാരും ഈ മംഗലവാർത്ത കേട്ട മറ്റെല്ലാവരും ഒരുപോലെ സന്തോഷസമുദ്രത്തിൽ മുഴുകി. യുവരാജാവു തിരുമനസ്സിലെ അവതാരം പ്രമാണിച്ചു്, ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തുകൊട്ടാരത്തിൽ വച്ചു് പൂരുരുട്ടാതിതിരുനാൾ ലക്ഷ്മിത്തമ്പുരാട്ടി തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ നിന്നു് ആറ്റിങ്ങൽത്തിരുമേനിമാർക്കു സമർപ്പിച്ച മംഗളപത്രികയുടെ പകർപ്പു് താഴെ ചേർക്കുന്നു:—

"ഏതുദ്ദേശം പുരാതനകാലം മുതൽ രാജഭക്തിക്കു് ഇതരാപേക്ഷയാ അതിപ്രസിദ്ധവും അനന്യസാധാരണവുമായ ഭരണത്തോടുകൂടിയ തിരുവിതാംകൂർ മഹാരാജവംശാവലിയുടെ വാത്സല്യപാത്രവും ആയ പ്രജാസമുച്ചയത്തിൽപ്പെട്ട അടിയങ്ങൾ മുതലായവരുടെ സുചിരപ്രാർത്ഥനാഫലമായും, അനപേക്ഷനാമാവായ ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സിലെ നിസ്സീമഭക്തിസാഫല്യത്തിനു് അനന്തമദിഷ്ടാന്തമായും, മാവേലിക്കര രാജകുടുംബമാകുന്ന ആലവാലത്തിൽ കിളുത്തു് തിരുവിതാംകൂർ രാജകുടുംബവാസസ്ഥാനമാകുന്ന തിരുവനന്തപുരത്തേക്കു പടർത്തപ്പെട്ട രണ്ടു സന്താനവല്ലികളും സുമഹിതകളുമായ തിരുമേനിമാർ മഹിതോദാരമായ രാജവംശോദ്യാന

ത്തിൽ പ്രശോഭിച്ചുകൊണ്ടിരിക്കെ, പ്രജാസഞ്ചയം ശ്ര
കൊല്ലമായിട്ട് ഒരു രാജശിശുശശിയുടെ മുഖകിരണ
ങ്ങളെ കണ്ടാനന്ദിപ്പാൻ നിന്നിമേഷം നിരീക്ഷിച്ചും
അതിഭക്തിപൂർവം പ്രാർത്ഥിച്ചും വന്നതു് സർവാന്തര്യാമിയും
ഇഷ്ടഫലപ്രദനുമായ ശ്രീപദ്മനാഭസ്വാമി വാത്സല്യ
പൂർവം അങ്ങീകരിച്ചതെന്നു് നിസ്സംശയം ഗണിക്കത്തക്ക
വണ്ണം ഒരു രാജകുമാരൻ ജാതനായിയെന്നുള്ള വാർത്തയെ
അടിയങ്ങൾ എത്രമാത്രം ആഹ്ലാദത്തോടുകൂടിയും ആന
ന്ദത്തോടുകൂടിയുമാണു സ്വീകരിച്ചതെന്നു് വാങ്മാത്ര
ത്താൽ തിരുമനസ്സറിയിക്കുന്നതിനു നിവൃത്തിയില്ലാതായി
രിക്കുന്നു എന്ന പരമാർത്ഥതയെ അത്യന്തമായി അടിയങ്ങൾ
ഉണർത്തിച്ചുകൊള്ളട്ടെ.

പ്രജാഹിതൈകതാനനായ ശ്രീമൂലം തിരുനാൾ
പൊന്നുതമ്പുരാൻ തിരുമനസ്സിലെ സമുചിതവാത്സല്യ
ത്തിനും തിരുമനസ്സിലെ ഭക്തിനിധികളായ പ്രജകളുടെ
പ്രാർത്ഥനാപൂർവകമായ ഹിതത്തിനും പാത്രമായി
ഇപ്പോൾ ജാതനായിരിക്കുന്ന അടിയങ്ങളുടെ രാജകു
മാരൻ തിരുമനസ്സുകൊണ്ടു് യഥാസ്ഥാനം തിരുമനസ്സിലെ
ഗുണസമ്പത്സമുദായത്താൽ തിരുമനസ്സിലെ പ്രജാവർഗ്ഗ
ത്തെ അതിചിരകാലം ആനന്ദസാഗരത്തിൽ നിമഗ്ന
മാക്കിച്ചെയ്യുമാറു് ആ ശ്രീപദ്മനാഭൻ കൃപചെയ്യുമാറാ
കട്ടെ എന്നു് അടിയങ്ങൾ സാഷ്ടാംഗം പ്രണിപതിച്ചു്
പ്രാർത്ഥിച്ചുകൊള്ളുന്നു.

അനപത്യനാമാക്കളായ രാജാക്കന്മാരുടേയും ഗുണ
സമ്പന്നകളായ രാജ്ഞിമാരുടേയും മാതൃഭാവത്തെ വഹി
ച്ചു് ആരോഗ്യഭാഗ്യസമ്പൂർണ്ണകളായി ഉദാരചരിതകളായി

തിരുമേനിമാർ ചിരകാലം അടിയങ്ങടം മുതലായ പ്രജാ സന്ദോഹത്തെ പ്രീണിപ്പിക്കുവാൻ അടിയങ്ങളുടേയും രാജ്യത്തിന്റെയും രക്ഷകസ്ഥാനത്തെ സവിശേഷം അംഗീകരിച്ചിട്ടുള്ള ശ്രീപത്മനാഭസ്വാമി കരുണാപീയൂഷത്തെ പൊരിയുമാറാകട്ടെ എന്നും, ശ്രീമൂലം തിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ട് സുഖസമ്പൂർണ്ണനായി ജീവിക്കുമാറാകട്ടെ എന്നും ഭക്തിപൂർവ്വം പ്രാർത്ഥിച്ചുകൊണ്ട് തൃപ്പാദകമലങ്ങളിൽ ഈ മംഗളപത്രത്തെ സാദരം സമർപ്പിച്ചുകൊള്ളുന്നു.

എന്ന് തിരുമനസ്സിലെ ഭക്തിനിധികളും വാത്സല്യഭാജനങ്ങളുമായ ചങ്ങനാശ്ശേരി സ്ത്രീസമാജാംഗങ്ങൾ."

മേടമാസം ൨൦–ാംതീയതി ചിത്തിരതിരുനാൾ തിരുമനസ്സിലെ "കുടത്തുണമൂത്തേത്ത്" തേവാരത്തുകോയിക്കൽ ഹോമപ്പുരയിൽ വച്ച് ആഘോഷിക്കപ്പെട്ടു. ഈ ശുഭകർമ്മാവസരത്തിൽ മഹാരാജാവു തിരുമനസ്സുകൊണ്ടും എഴുന്നള്ളിയിരുന്നു. അവിടുന്ന് തൃക്കൈകൊണ്ട് ഒരു ഉരുള ഉരുട്ടി അല്പാല്പമായി പ്രിയഭാഗിനേയനു നൽകിയതാണ് ഈ അന്നപ്രാശനത്തിലെ പ്രധാനഭാഗമെന്ന് ഇവിടെ സംഗ്രഹിച്ചുകൊള്ളുന്നു. അന്നം സദ്യ, സവ്വാണി, യാത്രക്കളി എന്നിവ ഉണ്ടായിരുന്നു.

൨൦൨൯–ാമാണ്ട് കന്നിമാസം ആദ്യയിൽ ബാബിലി മഹാരാജാവു തിരുമനസ്സുകൊണ്ട് തിരുവനന്തപുരത്ത് എത്തി മഹാരാജാവു തിരുമനസ്സിനെ സന്ദർശിച്ചശേഷം ഹൃഷ്ടഹൃദയനായി മടങ്ങിയെഴുന്നള്ളി. ൨൦൨൯ കന്നിമാസം ൨൦–ാംതീയതി മഹാരാജാവു തിരുമനസ്സിലെ

തിരുനാൾ ആഘോഷിക്കയുണ്ടായി. അന്നേദിവസം "തിരുവിതാംകൂർ വിദ്യാഭിവർദ്ധിനി മഹാസഭ" (തി. വി. മഹാസഭ) മഹാരാജാവു തിരുമനസ്സിലെ തൃപ്പാദങ്ങളിൽ സമർപ്പിച്ച മംഗളപത്രം ചുവടേ ചേർക്കുന്നു:—

"പൊന്നുതമ്പുരാൻ തിരുമനസ്സിലെ തിരുനാൾ ആഘോഷകമായി ഇന്നേദിവസം ഇവിടെ കൂടീട്ടുള്ള ഈ യോഗം (തി. വി. മഹാസഭയുടെ ഏന്വാംവാർഷിക യോഗം) തിരുമനസ്സിലേക്കു് ഒന്നു തിരുവയസ്സു പരിപൂർണ്ണമാകുന്ന ഈ ശുഭസന്ദർഭത്തിൽ സകലലോകനിയന്താവും പരമകാരുണികനും അയ സർവ്വേശ്വരനെ സ്തോത്രം ചെയ്യുകയും, തിരുമനസ്സിലെ ചിരായുരാരോഗ്യഭാഗ്യങ്ങൾക്കായി സർവ്വാത്മനാ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ശ്രീപദ്മനാഭദാസനെന്നു് ലോകവിശ്രുതവും പരമോൽകൃഷ്ടവുമായ അഭിധാനത്തോടുകൂടി പരിലസിക്കുന്ന ശ്രീമൂലം തിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സുകൊണ്ടു് സപ്രജാസമൂഹത്തെ പുത്രനിർവ്വിശേഷമായ വാത്സല്യത്തോടുകൂടി കാത്തുരക്ഷിക്കുകയും, അവരുടെ ഐശ്വര്യാഭിവൃദ്ധിയിൽ "നിജാനന്ദാനുഭൂതി" അടയുകയും ചെയ്യുന്നു. പരിഷ്കാരവിജയകോലാഹലത്തിൽ സ്വൈര്യത്തോടും ധൈര്യത്തോടും മുന്നണിയിൽത്തന്നെ തൃപ്പാദങ്ങൾ ഉറപ്പിച്ചു നിൽക്കുന്നുണ്ടെങ്കിലും, തിരുമനസ്സുകൊണ്ടു് പൂർവ്വാചാരപരമ്പരയെ അവഹേളനം ചെയ്യുകയോ ഔദ്ധത്യപരിപാകത്തെ പ്രദർശിപ്പിക്കുന്നില്ല. സമഭാവന, ജീവകാരുണ്യം, അഹിംസ ഇത്യാദി ഗുണൈശ്വര്യത്താൽ പുരുഷോത്തമനായും, ധിഷണാശക്തി, പ്രജാ-

ഭൂദയഭിക്ഷ, ഭരണചാതുരി ഇത്യാദികൊണ്ടു് സുപാലകത്തമനായും തിരുമനസ്സുകൊണ്ടു പ്രശോഭിക്കുന്നു.

വിദ്യാഭ്യാസവിഷയത്തിൽ അഭിനവങ്ങളായ പല വലിയ പരിഷ്കാരങ്ങളും, കൃഷി, കൈത്തൊഴിൽ, കച്ചവടം മുതലായ ഉപജീവനമാർഗ്ഗങ്ങളിൽ ജനസാമാന്യത്തിനു് പൂർവ്വാധികം ഔത്സുക്യവും ആദായവും ഉണ്ടാകുന്നതിനു് ഉപയുക്തങ്ങളായ പല ചട്ടവട്ടങ്ങളും, പ്രജാവിഭാഗങ്ങളിൽ പരസ്പരക്ഷേമാകാംക്ഷയും സുസ്ഥിരമായ സാമുദായികബന്ധവും വർദ്ധിക്കുന്നതിനു പയുക്തങ്ങളായ പല നിയമശാസനങ്ങളും തിരുമനസ്സുകൊണ്ടു കല്പിച്ചു നടപ്പിൽ വരുത്തുകയും, നടപ്പിൽ വരുത്തുന്നതിനു തിരുവുള്ളമുണ്ടാകുകയും ചെയ്തിരിക്കുന്നു.

ശ്രീപത്മനാഭപ്രസാദത്താൽ തിരുമനസ്സുകൊണ്ടു് ഉചിതനായ ഒരു ഭാഗിനേയസന്താനത്തെ ലഭിച്ചിരിക്കുന്നു. തിരുമനസ്സിലെ പുരാതനമായ രാജകുടുംബത്തിന്റെ നിർമ്മലമായ യശസ്സും ശാശ്വതമായ നിലയും ഈശ്വരാനുഗ്രഹത്താൽ പ്രതിഷ്ഠാപിതമാണെന്നുള്ളതിനു് ഈ സംഭവം ഒരു വിശേഷലക്ഷ്യമായിത്തീർന്നിരിക്കുന്നു. തിരുമനസ്സിലെ മംഗളപ്രാർത്ഥന എന്നുള്ളതു് പ്രജകളുടെ ദൈനംദിനക്രിയകളിൽ പ്രഥമമായിത്തീർന്നിരിക്കുന്നു. തിരുമനസ്സിലെ ഐശ്വര്യപരിപൂർണ്ണമായ ആധിപത്യത്തിൽ ഇനിയും ദീർഘകാലം ഉപജീവിക്കുന്നതിനു് സർവ്വശക്തൻ അടിയങ്ങളെ അനുഗ്രഹിക്കട്ടെ!"

എന്നു് സദസ്യർക്കു വേണ്ടി
അദ്ധ്യക്ഷൻ.

അതുകഴിഞ്ഞു് കൊച്ചുതമ്പുരാൻ തിരുമനസ്സിലെ അഭിപ്രായപ്രകാരം അഭിഷേചിക്കപ്പെട്ടതു് ഈയാണ്ടു് തുലാമാസം ഏഴാംതീയതി ബുധനാഴ്ചയായിരുന്നു. അതിദിവസം പ്രഭാതത്തിൽ (നാൽമണി സമയം) ആറിങ്ങൽ മൂത്തതമ്പുരാൻ തിരുമനസ്സുകൊണ്ടും, കൊച്ചുതമ്പുരാനോടൊന്നിച്ചു് ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടും, അസിസ്റ്റൻറു സുപ്രധികാര്യക്കാരവർകളുടെ അകമ്പടിയോടു കൂടി തേവാരത്തുകോയിക്കൽനിന്നെഴുന്നള്ളി, ശ്രീപദ്മനാഭപുരത്തു കൊട്ടാരത്തിൽ കടന്നു്, ഇലിപ്പമൂട്ടിനടയിലൂടെ അതിലൂടെ വടക്കേ നടവഴി മതിൽക്കകത്തു പ്രവേശിച്ചു് കിഴക്കേനടയിൽക്കൂടി ഒറക്കൽമണ്ഡപത്തിൽ ചെന്നു. അതുവരെ കൊച്ചുതമ്പുരാനെ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു തന്നെയാണു് വഹിച്ചിരുന്നതു്. ഒറക്കൽമണ്ഡപത്തിൽ കൊണ്ടുകയറിയതു് മൂത്തതമ്പുരാൻ തിരുമനസ്സുകൊണ്ടായിരുന്നു. അതിരുമേനി കൊച്ചുതമ്പുരാനെ ഒറക്കല്ലുമണ്ഡപത്തിൽ കിടത്തി തിരിയെ എടുത്തു. ഇതു് പടിയേറ്റം എന്ന കർമ്മത്തിലെ പ്രധാനചടങ്ങാകുന്നു. പിന്നീടു് ഇതമ്പുരാട്ടിമാർ രാജകുമാരനോടുകൂടി മതിൽക്കകത്തുള്ള മറ്റെല്ലാ ദേവന്മാരേയും തൊഴുകയും, കാണിക്കയിടുകയും ചെയ്തു. ഇങ്ങനെ പടിയേറ്റം കഴിഞ്ഞു് ഇതിരുമേനികൾ സപരിവാരം ക്രൂപക്കരമഠം, വേട്ടയ്ക്കാരുമകൻകോവിൽ, ശ്രീകണ്ണേശ്വരക്ഷേത്രം, രാമസ്വാമികോവിൽ എന്നീ ദേവാലയങ്ങളും സന്ദർശിച്ചു് തേവാരത്തുകോയിക്കൽ തിരിച്ചെഴുന്നള്ളി. ഈ സന്ദർഭത്തിൽ കൊച്ചുതമ്പുരാനെ കാണ്മാനായി മാർഗ്ഗമദ്ധ്യത്തിൽ അസംഖ്യം ജനങ്ങൾ വന്നു തിങ്ങിക്കൂടി നിന്നു. പിന്നീടു് മഹാരാജാവു തിരുമനസ്സുകൊണ്ടും മറ്റു രണ്ടു

രാക്കന്മാരും "ക്രൂടിയമൂതേത്തു" കഴിച്ചു. ഇതു് തേവാരത്തുകോയിക്കൽ പടിഞ്ഞാറേയറ്റത്തു് തെക്കുവടക്കുള്ള കുണ്ടാടിത്തളത്തിൽ വച്ചായിരുന്നു. തുലാം ൧൫–ാം തീയതി അസ്തമിച്ചു് ൪ നാഴിക വെളുപ്പുള്ള സമയം ജനനിയോടൊന്നിച്ചു് യുവരാജാവു തിരുമനസ്സുകൊണ്ടു് വടക്കേക്കൊട്ടാരത്തിൽ എഴുന്നള്ളി താമസം തുടങ്ങി.

ഇൻഡ്യാഗവൎമ്മെന്റു് ഹാർഡിൻജ് പ്രഭു അവർകളുടെ ആഗമനം പ്രമാണിച്ചു് മഹാരാജാവു തിരുമനസ്സുകൊണ്ടു് ദിവാൻ തുടങ്ങിയുള്ള പ്രധാനോദ്യോഗസ്ഥന്മാരോടു കൂടി തുലാമാസം ൨൦–ാംതീയതി മദ്രാസിലേയ്ക്കു് എഴുന്നള്ളി. ആ അവസരത്തിൽ ദിവാൻ കാര്യ്യവിചാരം, ഹൈക്കോടതി ചീഫ് ജസ്റ്റീസും കൂശാഗ്രബുദ്ധിയുമായ എം. കൃഷ്ണൻനായർ അവർകൾ ബി. എ. ബി. എൽ–ന് നൽകി. ഗവൎമ്മെന്റു് അവർകളെ സന്ദർശിച്ചതിന്റെ ശേഷം വൃശ്ചികം ൧൫–ാംതീയതി തിരുമനസ്സുകൊണ്ടു സുഖമായി തിരിയെ എഴുന്നള്ളി. മകരം ൧–ാംതീയതി മഹാരാജാവു തിരുമനസ്സുകൊണ്ടു് അരിയിട്ടുവാഴ്ച്ചയ്ക്കു് ആറാറിങ്ങൽ എഴുന്നള്ളുകയുണ്ടായി. മകരം ൨൦–ാംതീയതി ഈജിപ്തിലെ രാജകുമാരൻ തിരുവനന്തപുരത്തു വന്നു് മഹാരാജാവു തിരുമനസ്സിലെ സന്ദർശിക്കുകയും കുറച്ചുദിവസം അവിടുത്തെ അതിഥിയായിരുന്നശേഷം തൃപ്തിമാനസനായി സ്വദേശത്തേക്കു മടങ്ങുകയും ചെയ്തു. മേടമാസം ൨൫–ാംതീയതി ദിവാൻ പി. രാജഗോപാലാചാരി ഉദ്യോഗം രാജിവച്ചു.

അദ്ധ്യായം വ.

ഫ്രവ്വൻ—ാമാണ്ടു് മേടമാസം പൻ—ാംതീയതി തിങ്കളാഴ്ച തിരുവിതാംക്കൂർ ഹൈക്കോടതി ചീഫ് ജസ്റ്റിസായ എം. കൃഷ്ണൻനായർ അവർകളെ ബി. എ. ബി. എൽ. ദിവാൻപദത്തിൽ കല്പിച്ചു് നീട്ടു കൊടുത്തു് നിയമിതനായി. അദ്ദേഹം ഇടവമാസത്തിൽ ജോലിയിൽ പ്രവേശിച്ചു. ഇദ്ദേഹം ഉദ്യോഗം കൈയേറ്റു് അധികം ദിവസം കഴിയുന്നതിനു മുമ്പായി ഫ്രവ്വൻ കക്കടക (ഫ്രൻഫ്രർ ആഗസ്റ്റു്) മാസത്തിലാണു് യൂറോപ്പിൽവച്ചു നടന്ന "ലോകമഹായുദ്ധം" ആരംഭിച്ചതു്. ഇക്കാലത്തു് നമ്മുടെ ഗവൎമ്മെൻറു് ധനവും ആളുംകൊണ്ടു് ബ്രിട്ടീഷ് ഗവൎമ്മെൻറിനെ ഹൃദയപൂൎവ്വം നന്നായി സഹായിച്ചു. ക്രി: വ: ഫ്രൻഫ്രവ്വ വരെ നിലനിന്ന ഈ ഭയങ്കരയുദ്ധം നിമിത്തം യൂറോപ്പും ഇൻഡ്യയുമായുള്ള കച്ചവടത്തിനു സാരമായ ഹാനി സംഭവിക്കുകയും, ഈ നാട്ടിൽ എല്ലായിടത്തും കഠിനമായ ക്ഷാമം ബാധിക്കുകയും, ജനങ്ങൾക്കു വേണ്ടുന്ന ആഹാരസാധനങ്ങൾ ഇവിടത്തെ വിളവുകൊണ്ടു മതിയാകാതെ വരുകയും ചെയ്കയാൽ ഗവൎമ്മെൻറിൽ നിന്നും ബൎമ്മാ, സിലോൺ മുതലായ അന്യനാടുകളിൽ നിന്നു് നെല്ലും അരിയും വരുത്തി ഗവൎമ്മെൻറു മേൽനോട്ടത്തിൽത്തന്നെ യുദ്ധാവസാനകാലംവരെ സകരുണം വിതരണം ചെയ്തുണ്ടായി. അതിനു പുറമേ ഗവൎമ്മെൻറു ജീവനക്കാൎക്കു് ഇക്കാലത്തു് ക്ഷാമബത്ത (ക്ഷാമപ്പടി) നൽകുകയും ചെയ്തിരുന്നു.

ഈ വിധമെല്ലാം രാജ്യകാര്യങ്ങൾ അക്ലേശം നടന്നു കൊണ്ടിരിക്കവേ, നമ്മുടെ രാജകുടുംബത്തിനു് എന്നും തീരാത്ത ഒരു മഹാദുഃഖം സംഭവിച്ചു. ആറ്റിങ്ങൽ ത്തിരുമേനിമാരുടെ അമ്മൂപ്പനും രക്ഷാധികാരിയുമായും, കേരളകാളിദാസനായും, കേരളഭാഷാസാഹിത്യസാമ്രാ ജ്യത്തിലെ ചക്രവർത്തിയായും പരിലസിച്ചിരുന്ന മഹാ മഹിമശ്രീ കേരളവർമ്മ സി. എസ്. ഐ., എഫ്. എം. യു., എം. ആർ. എ. എസ്., എഫ്. ആർ. എച്ചു്. എസ്. വലിയകോയിത്തമ്പുരാൻ തിരുമനസ്സു കൊണ്ടു് ഫാൽഗുനമാണ്ടു് കന്നിമാസം ന്യൂനാംതീയതി പെട്ടെന്നു പരലോകം പ്രാപിച്ചതാണു് ആ പരിതാപ കരമായ സംഭവം. ഇതു തിരുവിതാംകൂറിനെയും രാജകു ടുംബത്തെയും മാത്രമല്ല, കേരളത്തെ മുഴുവനും സന്താപ സാഗരത്തിൽ നിമഗ്നമാക്കി.

ഫാൽഗുനമാണ്ടു് തുലാമാസത്തിൽ മദ്രാസ്ഗവ ണ്മെൻ്റ് പെൻ്റ്ലൻഡ്പ്രഭുവും പത്നിയും തിരുവിതാംകൂർ സന്ദർശിച്ചു് മഹാരാജാവു തിരുമനസ്സിലെ സൽക്കാരം സ്വീകരിച്ചു് സന്തോഷസമേതം തിരിയെപ്പോയി. ഈ യാണ്ടു് മേടമാസത്തിൽ മഹാരാജാവു തിരുമനസ്സിൽ നിന്നു് മോഹസുഖോത്സവം ക്രുന്തരിലേയ്ക്കു് എഴുന്നള്ളി ഏതാനും ദിവസം താമസിച്ചു മടങ്ങി. ഫാൽഗുനം കർക്കടക ത്തിൽ ബറോഡാരാജ്യത്തെ ഗെയിക്കുവാർ മഹാരാജാവും മഹാറാണിയും തിരുവനന്തപുരത്തു വന്നു് മൂന്നുദിവസം രാജകീയാതിഥികളായിത്താമസിച്ചു് തിരിച്ചുപോയി.

നാട്ടുഭാഷാവിദ്യാഭ്യാസത്തെ ഉയർന്ന നിലയിലാ ക്കാൻ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചു ഒരു തിരുവിതാം

ക്ലർത്തിവാൻ രാജശ്രീ എം. കൃഷ്ണൻനായരവർകളാണെന്നുള്ളതു് പ്രസ്താവയോഗ്യമാണു്. ഏറെക്കാലമായി നിറുത്തിവച്ചിരുന്ന "നാട്ടുഭാഷാമുഖ്യപരീക്ഷ" (വെർണ്ണാക്കുലർ ഫയർപരീക്ഷ) ഫാൻം—ൽ വീണ്ടും നടപ്പാക്കിയതു് ഇദ്ദേഹമാകുന്നു. തെക്കൻ തിരുവിതാംകൂറിൽ തമിഴു് വിദ്യാഭ്യാസത്തിന്റെ പ്രചാരത്തിനു വേണ്ട സൌകര്യങ്ങളും ഇദ്ദേഹമാണു് ഉണ്ടാക്കിക്കൊടുത്തതു്. തിരുവനന്തപുരത്തെ "സംസ്കൃതപാഠശാല"യെ "സംസ്കൃതകാളേജാ"ക്കിയതുകൂടാതെ "ആയുർവ്വേദകാളേജു്" സ്ഥാപിച്ചതും ഇദ്ദേഹത്തിന്റെ ഭരണകാലത്തായിരുന്നു.

ഫാൻഫ—ലെ റഗുലേഷൻ അനുസരിച്ചു് ആയാണ്ടു മുതൽ തിരുവിതാംകൂറിലെ പട്ടണങ്ങളിൽ ഗ്രാമപഞ്ചായത്തുകോടതികളും ഏർപ്പെടുത്തുകയും, പൌരപ്രമാണികളായ മാന്യന്മാരെ അവയിൽ ജഡ്ജിമാരായി നിയമിക്കുകയും ചെയ്തതു് ഇദ്ദേഹത്തിന്റെ കാലത്തെ മറെറാരു പ്രധാനസംഗതിയാണു്. ഇതു നിമിത്തം അല്പപണത്തുക സംബന്ധിച്ച കേസ്സുകളും, ചെറുതരം ക്രിമിനൽക്കുററങ്ങളും, നഗരസംബന്ധമായ കായ്ങ്ങളും കേട്ടു തീരുമാനിക്കുന്നതിനു് വളരെ സൌകര്യമുണ്ടായിട്ടുണ്ടു്.

ഫാൻവ—ാമാണ്ടു കന്നിമാസം വ—ാംതീയതി ഞായറാഴ്ച ആററിങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സിലെ പുത്രിയായി കാർത്തികതിരുനാൾ റാണി ലക്ഷ്മീഭായി ആററിങ്ങൽ കൊച്ചുതമ്പുരാൻ തിരുമനസ്സുകൊണ്ടു് തിരുവവതാരം ചെയ്തു.

ഫാൻവ—ൽ തിരുവിതാംകൂറിലെ ഇൻഡ്യൻക്രിസ്ത്യാനികളുടെയിടയിൽ മരണശാസനമെഴുതിവയ്ക്കാതെ മരിക്കുന്നവരുടെ സ്വത്തിന്റെ പിൽക്കാലാവകാശം സംബന്ധിച്ച നിയമങ്ങളം പുതുക്കപ്പെട്ട.

ഫാൻന—ാമാണ്ടു കന്നിമാസം വ—ാംതീയതി മഹാരാജാവു തിരുമനസ്സിലെ ഷഷ്ട്യബ്ദപൂർത്തിമഹോത്സവം അത്യാഘോഷപൂർവ്വം കൊണ്ടാടപ്പെട്ട. അതു സംബന്ധിച്ച് സംസ്ഥാനമൊട്ടുക്കു് മൂന്നു ദിവസത്തേക്കു് ഒഴിവു കൊടുക്കുകയുണ്ടായി. ഈ സംസ്ഥാനത്തെ ഓണംകേറാമൂലകളിൽപ്പോലും അത്യുത്സാഹകരമായ ഈ മഹോത്സവം അഘോഷിക്കപ്പെട്ടുവെന്നുള്ളതു് പ്രജാസഞ്ചയത്തിനു് അവിടുത്തോടുള്ള ഉത്തമഭക്തിയെ സവിശേഷം തെളിയിക്കുന്നു.

ഫാൻന ധനു ഫ്രവ—ാംന— (ഫ്രൻഫ്രവ ജനുവരി ഫ—ാംതീയതി) കൊല്ലം തിരുവനന്തപുരം റെയിൽവേ നടപ്പാക്കപ്പെട്ട. ഫാൻ—ൽ നിയമസഭ പരിഷ്കരിക്കപ്പെട്ട. അതുപ്പാടെ അലോചിച്ചുനോക്കിയാൽ ദിവാൻ എം. കൃഷ്ണൻനായരുടെ ഭരണം ലോകമഹായുദ്ധകാലത്തായിരുന്നതിനാൽ പ്രസ്താവ്യമായ സംഭവങ്ങളം ധാരാളമില്ലാതെയും സമാധാനമായും തൃപ്തികരമായും കഴിഞ്ഞുകൂടി എന്നതന്നെ പറയാം. വ്യവസായഡിപ്പാർട്ടുമെന്റു സ്ഥാപിച്ചതും ഈ മന്ത്രിസത്തമന്റെ കാലത്താകുന്നു. ഇദ്ദേഹം ഫാൻ— മിഥുനത്തിൽ അടുത്തുണ്ടു പറഞ്ഞ ഉദ്യോഗത്തിൽ നിന്നു പിരിഞ്ഞു.

അദ്ധ്യായം ൯.

അനന്തരം ഫ്രാൻസ്വ മിഥുനത്തിൽ മി: ടി. രാഘവയ്യാ പന്തുലു ഗാരുവിനെ അയിരുന്ന തിരുവിതാംകൂർ ദിവാനായി നിയമിക്കപ്പെട്ടത്തു്. ഇദ്ദേഹം ബ്രിട്ടീഷിൽ കളക്ടറുദ്യോഗം ഭരിച്ചു് റവന്യൂവകുപ്പിലും മറ്റും മതിയായ വൈദഗ്ദ്ധ്യം സമ്പാദിച്ച ഒരു മഹാനായിരുന്നു.

ഫ്രാൻസ്വാമാണ്ടു് കന്നിമാസത്തിൽ മദ്രാസ്ഗവർണ്ണർ വില്ലിങ്ടൺപ്രഭുവും പത്നിയും തിരുവിതാംകൂർ സന്ദർശിക്കയും, പരിതോഷപൂർവ്വം മടങ്ങുകയും ചെയ്തു. അയ്യാണ്ടിൽ മഹാരാജാവു തിരുമനസ്സുകൊണ്ടു് ബാംഗ്ലൂരിൽ എഴുന്നള്ളുകയും, മൈസൂർ മഹാരാജാവിന്റെ അതിഥിയായിരിക്കുകയും ചെയ്തശേഷം ഫ്രാൻസ്വ മിഥുനം ൨൯-ാംതീയതി തിരിച്ചെഴുന്നള്ളി.

പിന്നീടു് വെയിത്സ്രാജകുമാരൻ ഫ്രാൻസിൽ മദ്രാസിൽ വന്നിരുന്ന സമയം ഗവർണ്ണരുടെ ക്ഷണമനുസരിച്ചു് മഹാരാജാവു തിരുമനസ്സുകൊണ്ടു് അവിടെ എഴുന്നള്ളി ബ്രിട്ടീഷ്സാമ്രാജ്യത്തിലെ യുവരാജാവായ ആ തിരുമേനിയെ സന്ദർശിച്ചു. അക്കൊല്ലം കുംഭമാസത്തിൽ കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു് തിരുവനന്തപുരം സന്ദർശിക്കുകയും, തിരുമനസ്സിലെ ആതിഥ്യം സ്വീകരിച്ചു മൂന്നുദിവസം താമസിച്ചതിനുശേഷം തിരിച്ചു പോകുകയും ചെയ്തു.

ഫാൻെ—ാമാണ്ടു മീനമാസം ൻ—ാംതീയതി ആറാ
ങ്ങൽ ഇളയതമ്പുരാൻ തിരുമനസ്സിലെ പുത്രനായി
ഉത്രാടം തിരുനാൾ മാത്താണ്ഡവമ്മ കൊച്ചുതമ്പുരാൻ
തിരുമനസ്സുകൊണ്ടു് അവതരിച്ചു.

ഫാൻവു—ാമാണ്ടു് ചിങ്ങമാസം ഫ—ാംതീയതി ഈ
സംസ്ഥാനത്തെ ദേവസ്വം വക കായ്ങ്ങളെ റവന്യൂ
തുറയിൽ നിന്നും വേർപെടുത്തി ദേവസ്വംന്നിപ്പാർട്ട
മെൻറു് ഏർപ്പെടുത്തുകയും അതിൻെറ ഭരണത്തിനു് ഒരു
കമ്മിഷണരേയും, മറു വേണ്ടുന്ന സിൽബന്തികളേയും
നിയമിക്കുകയും ചെയ്തു. തന്മൂലം ക്രിസ്ത്യന്മാക്കും മറു
വഗ്ഗക്കാക്കും റവന്യൂവകുപ്പിൽ ഉദ്യോഗം കിട്ടാൻ സൌക
ര്യമുണ്ടായി. ഫാൻവു കുംഭത്തിൽ മഹാരാജാവു തിരുമനസ്സു
കൊണ്ടു് കൊച്ചിയിൽ എഴുന്നള്ളി തൃപ്പൂണിത്തുറ, തൃശ്ശിവ
പേരൂർ മുതലായ സ്ഥലങ്ങളെ സന്ദർശിക്കുകയും, കൊച്ചി
മഹാരാജാവിൻെറ ആതിഥ്യം സ്വീകരിച്ചു് അവിടെ
കുറച്ചുദിവസം താമസിക്കുകയും ചെയ്തശേഷം തിരിയെ
എഴുന്നള്ളി.

ഈ ഗ്രന്ഥകർത്താവു് തൻെറ ഉന്ന കൊല്ലത്തെ
നിരന്തരമായ പ്രയത്നത്തിൻെറ ഫലമായി ഖണ്ഡശഃ
പ്രസിദ്ധം ചെയ്തു മുഴുപ്പിച്ച "ശബ്ദതാരാവലി" എന്ന
മലയാളനിഘണ്ടുവിൻെറ ഒരു പ്രതി മഹാരാജാവു
തിരുമനസ്സിലേക്കു് തിരുമുൽക്കാഴ്ച വയ്ക്കുകയും, കല്പിച്ചു
സന്തോഷിച്ചു് ഫാൻവു ഇടവം ൻ—ാംതീയതി ഗ്രന്ഥ
കർത്താവിനു് ഒരു "അട്ടത്തോടൻ വീരശൃംഖല"
സമ്മാനിക്കുകയും ചെയ്തിട്ടുണ്ടു്. അയാണ്ടു് കർക്കടകമാ

സത്തിൽ ഇൻഡ്യാചക്രവത്തി തിരുമനസ്സുകൊണ്ട് നമ്മുടെ മഹാരാജാവു തിരുമനസ്സിനെ ഒരു "നൈറ്റ് കണ്ണൽ". ആയി നിയമിച്ചു.

ഫൻൻ–ാമാണ്ടു് കന്നിമാസം (ഫൻവരി അഞ്ചാം ബർ ഫ–ാംതീയതി) മുതൽ ഈ സംസ്ഥാനത്തെ മദ്രാസ് ഗവണ്മെന്റുടെ അധീനതയിൽ നിന്നു വിടുത്തി വൈസ്രായിയുടെ നേരിട്ടുള്ള ഭരണത്തിലാക്കി. അതോടുകൂടി മദ്രാസ് പ്രസിഡൻസിയിൽ ഉൾപ്പെട്ട നാട്ടരാജ്യങ്ങളായ തിരുവിതാംകൂർ, കൊച്ചി, പുതുക്കോട്ട, ബെങ്കനപ്പള്ളി, ശാന്തൂർ എന്ന അഞ്ചു സംസ്ഥാനങ്ങളിലേയും കാര്യാനുഷ്ഠാനത്തിനായി "പൊളിറ്റിക്കൽ ഏജൻറു" എന്ന ഒരുദ്യോഗസ്ഥനെ വൈസ്രായിയുടെ പ്രതിനിധിയായി ബ്രിട്ടീഷ് ഗവണ്മെൻറിൽനിന്നും നിയമിക്കയുണ്ടായി.

സേതുലക്ഷ്മീഭായി ആറ്റിങ്ങൽ മൃത്തതമ്പുരാൻ തിരുമനസ്സുകൊണ്ടു് തിരുവയർ വാണു് ഇക്കൊല്ലം ധനുമാസം ഫ൭–ാംതീയതി ഉത്രംതിരുനാൾ റാണി ലക്ഷ്മിതാംബാഭായി ആറ്റിങ്ങൽ കൊച്ചുതമ്പുരാൻ തിരുമേനിയെ പ്രസവിച്ചു.

ദിവാൻ രാഘവയ്യാഅവർകളുടെ കാലത്തും പല പരിഷ്കാരങ്ങളും ഉണ്ടായി. ആദായനികുതിഡിപ്പാർട്ടുമെൻറു് പുതുതായി ഏർപ്പെടുത്തപ്പെട്ടു. അതിൽനിന്നും കൂടുതൽ മുതലെടുപ്പു് ഉണ്ടായി. റവന്യൂവകുപ്പും ആദായനികുതിവകുപ്പും കൂട്ടിച്ചേർത്തു് ഒരു കമ്മിഷണരുടെ

ഭരണത്തിലാക്കി. വനം വകുപ്പ് പരിഷ്കരിച്ച് കൺസർ വേറേറരുടെ ആഫീസ് കൊല്ലത്തുനിന്നും തിരുവനന്തപുരത്തേയ്ക്ക് മാറ്റി. കൃഷി, വ്യവസായം ഇവയുടെ അഭ്യുന്നതിയ്ക്ക് ആവശ്യമുള്ള സൌകര്യങ്ങൾ ചെയ്തു. കൃഷിവായ്പ നിയമങ്ങളിൽ വേണ്ട ഭേദഗതി വരുത്തി. അഞ്ചൽക്രയിയുടെ നിരക്ക് അല്പം കുറച്ചു. അഞ്ചൽത്തറയും പരിഷ്കരിക്കപ്പെട്ടു. പരസ്പരസഹായവകുപ്പ് പുതുക്കി കൂടുതൽ ഉദ്യോഗസ്ഥന്മാരെയും നിയമിച്ചു. "ഒരു രമ്പള കമ്മിറ്റി" ഏർപ്പെടുത്തി അതിലെ അംഗങ്ങളുടെ ശുപാർശയനുസരിച്ച് സക്കാർസർവ്വീസ്സിലിരിക്കുന്നവർക്ക് ശമ്പള കൂടുതൽ നൽകപ്പെട്ടു. തിരുവനന്തപുരം കാളേജിനെ പിരിച്ച് "സയൻസ് കാളേജ്" എന്നും, "ആർട്ട്സ് കാളേജ്" എന്നും രണ്ടു സ്ഥാപനങ്ങളാക്കി. അധഃകൃതവർഗ്ഗങ്ങൾക്ക് വിദ്യാഭ്യാസത്തിനു വേണ്ട ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തു. തിരുവിതാംകൂറിലേയ്ക്ക് ഒരു സർവകലാശാല സ്ഥാപിക്കുന്നതിനെപ്പറ്റി അന്വേഷിക്കാനായി ഒരു കമ്മിറ്റി ഏർപ്പെടുത്തി. ഫാൻചൈസ് നിയമനിർമ്മാണസഭാചട്ടങ്ങളെ പുതുക്കി അതിന്റെ അധികാരങ്ങളും അംഗങ്ങളുടെ എണ്ണവും വർദ്ധിപ്പിച്ചു. സ്ത്രീകൾക്കും വോട്ടവകാശം നൽകുകയും, ബഡ്ജറിനെപ്പറ്റി നിരൂപണം ചെയ്യുന്നതിനും രാജ്യകാര്യങ്ങളെക്കുറിച്ച് പ്രമേയം നടത്തുന്നതിനും നിയമസഭാമെംബറന്മാർക്ക് അവകാശം കൊടുക്കുകയും ചെയ്തു.

ഫാൻറ്റാമാണ്ട് കർക്കടകമാസത്തിൽ ഈ സംസ്ഥാനത്തിൽ മിക്ക പ്രദേശങ്ങളിലും ഭയങ്കരമായ വെള്ളപ്പൊക്കമുണ്ടായി. ഇതു നിമിത്തം വടക്കൻതാലൂക്കുക

ളിൽ അസംഖ്യം ജനങ്ങളും കന്നുകാലികളും വിളവു കളും നശിച്ചതു കൂടാതെ നദീതീരങ്ങളിൽ വസിച്ചിരുന്ന സാധുക്കൾക്കും വീടും കുടിയുമില്ലാതെയും ഭക്ഷണത്തിനൊന്നും കിട്ടാതെയും കഷ്ടപ്പെടേണ്ടതായും വന്നു. ഇതിന്റെ നിവാരണത്തിനായി ഗവൎമ്മെൻറിൽ നിന്നു് ഒരു "റിലീഫ് കമ്മിറ്റി" ഏർപ്പെടുത്തി ആപന്നമായ ജനസമൂഹത്തിനു് കഴിവുള്ളിടത്തോളം രക്ഷ നൽകി. ഈ ഘട്ടത്തിൽ ധീരഹൃദയവും കാരുണ്യാതിശയവുമുള്ള നാട്ടുകാരും സ്വസ്ഥരായിരിക്കാതെ പ്രാണഭയം ഉപേക്ഷിച്ചും ധനശേഖരം ചെയ്തു നൽകിയും മനഃപൂൎവ്വം സഹായിക്കയുണ്ടായി. ഈ ജലപ്രളയവും അതിനു ഹേതുവായ മഹാമാരിയും നാട്ടുകാൎക്കു് നേരിടാനിരുന്ന മമ്മഭേദകമായ മറെറാരു മഹാസങ്കടത്തിന്റെ നാന്ദിയായിപ്പരിണമിച്ചു. പുത്രനിർവ്വിശേഷമായ വാത്സല്യത്തോടുകൂടി പ്രജാപരിപാലനം ചെയ്തുവന്ന ശ്രീമൂലകമഹാരാജാവു തിരുമനസ്സുകൊണ്ടു് ഫാൻസ് കക്കടകം ഫ്രഞ്ചാംതീയതി ജ്വരബാധിതനായി ശയ്യാതലം അവലംബിക്കുകയും, ഫനഞ്ചാംതീയതി രാത്രി ഫ്രഞ്ച മണിക്കു് സ്വർഗ്ഗാരോഹണം ചെയ്കയും ചെയ്തതാണു് ആ സന്താപകരമായ സംഭവം.

ദീൎഘായുഷ്മാനായിരുന്ന ശ്രീമൂലംതിരുനാൾ രാമവൎമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു് രാജ്യഭാരമേറെറ സുദിനം മുതൽ അവിടുന്നു് ദിവംഗതനാകുന്നതുവരെ ഇവിടെ ഉദ്യോഗത്തിലിരുന്നിട്ടുള്ള ദിവാൻജിമാരും ബ്രിട്ടീഷ് റസിഡൻറന്മാരും തിരുമനസ്സിലെ ഭരണരീതിയേയും, കൃത്യനിഷ്ഠയേയും, പ്രാഗല്ഭ്യത്തേയും ശ്ലാഘിച്ചു് എഴുതിവച്ചിട്ടുള്ള കുറിപ്പുകളും തിരുമനസ്സുകൊണ്ടു് അത്യന്തം പ്രജാക്ഷേമതൽപ്പരനായിരുന്നുവെന്നു് സ്ഥാപിക്കുന്നു.

അനേകം വൈസ്രായിമാരും, തിരുവിതാംകൂറിന്ന് അടുത്തുള്ള മറ്റു പ്രമാണപ്പെട്ട പുരുഷന്മാരും തിരുമനസ്സിനെ കൊണ്ടാടീട്ടുണ്ടെന്നുള്ളതും നമുക്കെല്ലാവക്കും അറിവുള്ളതാണല്ലോ. മുമ്പു് രാജ്യം ഭരിച്ചിട്ടുള്ള മഹാരാജാക്കന്മാക്ക കിട്ടീട്ടുള്ളതിലും കൂടുതലായ ബിരുദങ്ങളും ഈ തിരുമനസ്സിലേയ്ക്ക ലഭിച്ചിട്ടുണ്ടു്. അവിടുന്നു് അനേകം ക്ഷേത്രങ്ങളെ ജീർണ്ണോദ്ധാരണം ചെയ്യിച്ചു് ചെമ്പിടുവിക്കുകയും, പൊന്നിൻകൊടിമരവും വെള്ളിക്കൊടിമരവും പ്രതിഷ്ഠിപ്പിക്കുകയും, പലവിധം പുണ്യകർമ്മങ്ങളും അനുഷ്ഠിച്ചു് സുകൃതവിശേഷങ്ങളും സമാർജ്ജിക്കുകയും ചെയ്തിട്ടുള്ളതു് തിരുമനസ്സിലെ ഈശ്വരഭക്തിയെ വെളിവാക്കുന്നു.

നാനാജാതിമതസ്ഥരായ പ്രജകളെ സമബുദ്ധ്യാ കരുതി അവക്കു് ന്യായമായുള്ള അവകാശങ്ങളെ പ്രദാനം ചെയ്തു് വഞ്ചിനാടൊട്ടുക്കു് തിരുമനസ്സുകൊണ്ടു് സമാധാനം പരിപാലിച്ചു പോന്നിരുന്നതു് ഇവിടെ പ്രത്യേകം വർണ്ണിതവ്യമാണു്. വിദ്യാഭ്യാസത്തിനുവേണ്ടി അവിടുന്നു് ആണ്ടുതോറും അനവധി ദ്രവ്യം ചെലവു ചെയ്തുവന്നിരുന്നതു് അവരുടെ നേക്കു് തിരുമനസ്സിലേയ്ക്കുള്ള കൃപാതിരേകത്തെ പ്രദർശിപ്പിക്കുന്നു. ദക്ഷിണതിരുവിതാംകൂറിലെ സുപ്രസിദ്ധമായ പേച്ചിപ്പാറയണ കെട്ടിക്കുന്നതിനു് ലോഭവിഹീനം ചെലവാക്കിയ ഭീമമായ തുക തിരുമനസ്സിലെ പ്രജാവാത്സല്യത്തിന്റെ മാനദണ്ഡമായി ഇന്നും പ്രശോഭിക്കുന്നുണ്ടു്. ഈ സംസ്ഥാനം ഇപ്പോൾ നാനാപ്രകാരേണ അഭിവൃദ്ധിയെ പ്രാപിച്ചു കാണുന്നതിനുള്ള മുഖ്യകാരണം ഈ മഹാരാജാവു തിരുമനസ്സിലെ രാജ്യഭരണനയം ആണെന്നു്

തിരുമനസ്സിലെ പ്രജകളിലേവനും അനായാസേന ഓക്കു വാൻ കഴിയും. ശ്രീമൂലം തിരുനാൾ മഹാരാജാവു തിരുമന സ്സുകൊണ്ടു് സിംഹാസനാരോഹണം ചെയ്യുന്ന കാലത്തു് തിരുവിതാംകൂർ സംസ്ഥാനത്തിലെ മുതലെടുപ്പു് അറു പത്തിയാറു ലക്ഷം രൂപാ മാത്രമായിരുന്നതു് അവിടുന്നു് സപ്ര്യാരോഹണം ചെയ്ത കാലത്തു് ഒന്നരക്കോടിയിൽ കവിഞ്ഞിരുന്ന ഒറസ്സംഗതിതന്നെ തിരുമനസ്സിലെ ഭരണവൈശിഷ്ട്യത്തെ പ്രദ്യോതിപ്പിക്കുന്നു.

1 അദ്ധ്യായം 1: ജനനം, ബാല്യം, വിവാഹം

12 അദ്ധ്യായം 2

16 കാണിമോറ മാർക്കറ്റ്

18 നിയമനിർമ്മിതിസഭ

18 ബോബെ സന്ദർശനം

21 ഉത്തരേന്ത്യൻ യാത്ര

27 അദ്ധ്യായം 3

28 ലോകോളേജ് സ്ഥാപനം

29 പള്ളിക്കൂട്ടങ്ങൾ സ്ഥാപിക്കുന്നു

31 വിക്ടോറിയ വജ്രജൂബിലി ആഘോഷം

34 അദ്ധ്യായം 4

36 ഭൂകമ്പം

37 രാജകുമാരിമാരെ ദത്തെടുക്കുന്നു

39 വൈസ്രോയിയുടെ സന്ദർശനം

44 വിക്ടോറിയ രാജ്ഞിയുടെ ചരമം

48 "നൈറ്റ് ഗ്രാന്റ് കാമാൻഡർ " ബഹുമതി

51 കൊച്ചി വലിയതമ്പുരാന്റെ സന്ദർശനം

52 അദ്ധ്യായം 5

54 കാശിരാജാവ് തിരുവിതാംകൂർ സന്ദർശിക്കുന്നു

55 ഭരണത്തിന്റെ 20-ാം വർഷാഘോഷം

56 അദ്ധ്യായം 6: ഗോപാലാചാര്യർ പുതിയ ദിവാൻ

59 അദ്ധ്യായം 7

60 ചാലക്കട ലഹള അമർച്ച ചെയ്തത്

62 ഭരണത്തിന്റെ 25-ാം വർഷാഘോഷം

62 പാറുക്കുട്ടിയമ്മ-മലബാറിൽ ആദ്യത്തെ ബി. എ. ബിരുദധാരിണി

63 ഗോവിന്ദപിള്ള, നാഗമയ്യ-ആദ്യത്തെ " ദിവാൻ ബഹദൂർ " പട്ടം ലഭിച്ചവർ

66 ശ്രീചിത്തിരതിരുനാളിന്റെ ജനനം

72 "പടിയേറ്റം" എന്ന ചടങ്ങ്

74 അദ്ധ്യായം 8: എം. കൃഷ്ണൻ നായർ ദിവാനാകുന്നു

75 കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ചരമം

76 ഗ്രാമപഞ്ചായത്തു കോടതികൾ സ്ഥാപിക്കുന്നു

77 കൃസ്ത്യൻ പിൻതുടർച്ചാവകാശനിയമം

78 അദ്ധ്യായം 9

79 ദേവസ്വം ഡിപ്പാർട്ടുമെന്റിനെ സ്വതന്ത്ര ഡിപ്പാർട്ടുമെന്റാക്കി

80 വിവിധഭരണപരിഷ്കാരങ്ങൾ

82 സ്വർഗ്ഗാരോഹണം